

# സമകാലിക ജനപഥം

ഇൻഫർമേഷൻ & പബ്ലിക്
റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം
01 ഒക്ടോബർ, 2015 പുസ്തകം 1 ലക്കം 14

ചീഫ് എഡിറ്റർ
**മിനി ആന്റണി ഐ എ എസ്**

കോ-ഓർഡിനേറ്റിങ് എഡിറ്റർ
**സി. രമേശ് കുമാർ**

ഡെപ്യൂട്ടി ചീഫ് എഡിറ്റർ
**സന്തോഷ് കുമാർ എ.എസ്.**

എഡിറ്റർ
**നാഫിഹ് എം.**

അസിസ്റ്റന്റ് എഡിറ്റർ
**സി.എഫ്. ദിലീപ് കുമാർ**
**അരുൺ എസ്.എസ്.**

ട്രാൻസ്‌ലേറ്റർ
**ടി. എസ്. സതികുമാർ**

ഡിസൈൻ
**പ്രകാശ് വി.എസ്.**

കവർ, ലേ-ഔട്ട്
**അനിൽരാജ്**

സർക്കുലേഷൻ
**ആർ. അനിൽകുമാർ**

പ്രതിനിധികൾ

- **കെ. സുരേഷ്കുമാർ**, തിരുവനന്തപുരം
- **കെ. അബ്ദുൾ റഷീദ്**, കൊല്ലം
- **കിരൺ റാം**, പത്തനംതിട്ട
- **സി. അജോയ്**, ആലപ്പുഴ
- **വി.ആർ. സന്തോഷ്**, കോട്ടയം
- **ടി.സി. ചന്ദ്രഹാസൻ**, എറണാകുളം
- **എൻ.പി. സന്തോഷ്**, ഇടുക്കി
- **പി.സി.സുരേഷ് കുമാർ**, തൃശൂർ
- **സി. അയ്യപ്പൻ**, പാലക്കാട്
- **വി.പി. സുലഭകുമാരി**, മലപ്പുറം
- **കെ.പി. അബ്ദുൾ ഖാദർ**, കോഴിക്കോട്
- **റഷീദ് ബാബു**, വയനാട്
- **ഇ.വി. സുഗതൻ**, കണ്ണൂർ
- **കെ.ടി. ശേഖരൻ**, കാസർകോട്
- **ഡോ. സി. വേണുഗോപാൽ**, ന്യൂഡൽഹി

വരിക്കാരാകാൻ: സമകാലിക ജനപഥം തപാലിൽ ലഭിക്കാൻ ഡയറക്ടർ, ഇൻഫർമേഷൻ - പബ്ലിക് റിലേഷൻസ് വകുപ്പ്, ഒന്നാം നില, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695001 സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, പ്രസ് ക്ലബ് ബിൽഡിങ്, തിരുവനന്തപുരം, ഫോൺ:2518471 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം, ഫോൺ: 731300 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഒന്നാംനില, സിവിൽ സ്റ്റേഷൻ, കൊല്ലം, ഫോൺ:2794911 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, ഫോൺ:2222657 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കുയിൽമല, പൈനാവ്, ഇടുക്കി, ഫോൺ:2233036 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, ആലപ്പുഴ, ഫോൺ:2251349 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കോട്ടയം, ഫോൺ:2562558 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യൂ, കൊച്ചി, ഫോൺ:2354208 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, ഫോൺ:2360644 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പാലക്കാട്, ഫോൺ:2533329 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ:2734387 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻ ബിൽഡിംഗ്, കോഴിക്കോട്, ഫോൺ:2370225 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്, ഫോൺ:6202529 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, ഫോൺ:2700231
• ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്, ഫോൺ:4255145 • ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3-ജന്തർ മന്തർ റോഡ്, ന്യൂഡൽഹി, ഫോൺ: 011 23343424

01 october, 2015 Volume1 Issue 14
e-mail : prdmalayalam@gmail.com
Website : www.prd.kerala.gov.in

## ലോകം ഏറ്റെടുക്കുന്ന
## വെളിച്ചം

ഗാന്ധിജി ഒരു പേരു മാത്രമല്ല ഒരു ദർശനം കൂടിയാണ്. മനുഷ്യനെ ജീവിതത്തിന്റെ വിഭിന്ന മേഖലകളിൽ വഴി കാട്ടുവാൻ കരുത്തുള്ള ദർശനം. ഇതിഹാസതുല്യമായ വ്യക്തിജീവിതം മുതൽ ലോകത്തെ മാറ്റിമറിക്കുന്ന സാമൂഹികക്രമം വരെ ഉൾപ്പെടുന്നു അതിൽ. അഹിംസയുടെയും സത്യത്തിന്റെയും ഊടുംപാവും കൊണ്ട് നെയ്ത സമഗ്രമായ ആ ജീവിത ദർശനം ആധുനിക കാലത്ത് പ്രായോഗികമാകുമോ എന്ന് ലോകം സംശയിച്ചു പോകുമായിരുന്നു, ഗാന്ധിജി ജീവിച്ചിരുന്നിട്ടില്ലായിരുന്നെങ്കിൽ.

ഇങ്ങനെ ഒരു മനുഷ്യൻ രക്തമാംസങ്ങളിൽ ഈ ഭൂമുഖത്ത് ജീവിച്ചിരുന്നുവെന്ന് ഭാവിതലമുറ വിശ്വസിച്ചെന്നു വരില്ലെന്ന് വിഖ്യാത ശാസ്ത്രജ്ഞനായ ആൽബർട്ട് ഐൻസ്റ്റീൻ അത്ഭുതം കൊണ്ടത് ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടുകിടക്കുന്നുണ്ട്. അതുകൊണ്ടു തന്നെയാകണം എന്റെ ജീവിതം തന്നെയാണ് എന്റെ സന്ദേശമെന്ന് ഗാന്ധിജി പ്രഖ്യാപിച്ചതും. ആയുധങ്ങൾ അപ്രസക്തമാകുന്ന, പകയും ക്രോധവും മുട്ടുമടക്കുന്ന അവിശ്വസനീയമായ ആ ദർശനത്തെ സ്വന്തം ജീവിതം കൊണ്ട് മാത്രമല്ല, മരണം കൊണ്ടും ഗാന്ധിജി സാക്ഷ്യപ്പെടുത്തി.

അഹിംസ എന്ന സമരായുധം എക്കാലത്തെക്കാളും പ്രസക്തമായ ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോവുന്നത്. അക്രമം കൊണ്ട് അക്രമത്തെ അമർച്ച ചെയ്യാൻ സാധിക്കില്ലെന്ന് ലോകം ഇതിനകം തെളിയിച്ചു കഴിഞ്ഞു. യുദ്ധക്കെടുതികൾക്കിടയിലും ശക്തിപ്രാപിക്കുന്ന അഹിംസാ മുദ്രാവാക്യങ്ങൾ അതു തന്നെയാണ് വിളിച്ചുപറയുന്നത്. മനുഷ്യത്വവും സ്വാതന്ത്ര്യവും സംരക്ഷിക്കാൻ സാധിക്കുന്ന സമരായുധമായായി അഹിംസയെ എടുത്തുപയോഗിക്കാൻ സാധിക്കുന്ന സമരായുധമായായി അഹിംസയെ തിരിച്ചറിയുന്നവരുടെ എണ്ണം വർധിച്ചു വരുന്നു. ജയിൽപീഡനങ്ങൾ, അണുവായുധ പരീക്ഷണം, പരിസ്ഥിതിപ്രശ്നങ്ങൾ, വർണവിവേചനം, അഭിപ്രായപ്രകടന സ്വാതന്ത്ര്യ നിഷേധം തുടങ്ങിയവയ്ക്കെതിരെ പല ലോകരാജ്യങ്ങളിലും അഹിംസാ സമരങ്ങൾ അടുത്ത കാലത്ത് ശ്രദ്ധ നേടുകയുണ്ടായി.

വ്യക്തിജീവിതത്തിൽ ഗാന്ധിജി പുലർത്തിയ മൂല്യങ്ങളും കാഴ്ചവച്ച മാതൃകയും ലോകത്ത് ഇന്ന് കുടുതൽ ചർച്ചയായിരിക്കൊണ്ടിരിക്കുകയാണ്. കമ്പോളസംസ്കാരം പിടിമുറിക്കിക്കൊണ്ടിരിക്കുന്ന സമകാലിക സമൂഹത്തിൽ വിശുദ്ധിയും ആദർശനിഷ്ഠയുമുള്ള ഗാന്ധിയൻ മാർഗം വേറിട്ടു നിൽക്കുന്നു.

ഒക്ടോബർ രണ്ട് ലോകഅഹിംസാ ദിനമായി പ്രഖ്യാപിച്ചുകൊണ്ട് ഐക്യരാഷ്ട്ര സംഘടന തന്നെ ഗാന്ധിയൻ ദർശനങ്ങളുടെ ലോകവ്യാപകമായ പ്രചാരണത്തിന് വിപുലമായ പരിപാടികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്. പുതിയ തലമുറയ്ക്ക് വിദ്യാഭ്യാസത്തിലൂടെയും പൊതുജനങ്ങൾക്ക് വിവിധ ബോധവത്ക്കരണ പരിപാടികളിലൂടെയും അഹിംസയെ കുറിച്ച് വെളിച്ചം പകരാനാണ് യു.എൻ ലക്ഷ്യമിട്ടിരിക്കുന്നത്. ലോകത്ത് സമാധാനവും സഹിഷ്ണുതയും പരസ്പരവിശ്വാസവും നിലനിർത്തുവാൻ ഗാന്ധിയൻ മാർഗത്തിന് സാധിക്കുമെന്ന് ഇതുസംബന്ധിച്ച യു.എൻ പ്രമേയം ചൂണ്ടിക്കാട്ടുന്നു.

ലോകം മഹാത്മാവിനെ ഏറ്റെടുക്കുമ്പോൾ ഇന്ത്യക്കാരെന്ന നിലയിൽ നമുക്ക് അഭിമാനിക്കാം. ആ വെളിച്ചത്തെ എന്നും അനുഗമിക്കുമെന്ന് ഗാന്ധിജയന്തി വേളയിൽ നമുക്ക് പ്രതിജ്ഞ പുതുക്കാം.

**മിനി ആന്റണി ഐ.എ.എസ്.**
ചീഫ് എഡിറ്റർ

സമകാലിക
ജനപഥം
സെപ്തംബർ 01 2015




**പ്രതികരണങ്ങൾ
അയക്കേണ്ട വിലാസം**

എഡിറ്റർ
സമകാലിക ജനപഥം
സെക്രട്ടറിയേറ്റ് അനക്സ്
ഒന്നാം നില,
തിരുവനന്തപുരം – 695 001
prdmalayalam@gmail.com
ഫോൺ: 0471 2517036

## ജനശബ്ദം

ചിന്തകളെക്കുറിച്ച് ചിന്തിക്കാൻ അവസരം സൃഷ്ടിക്കുന്നതായിരുന്നു ഓർമകൾ ഇല്ലാതാകുമ്പോൾ എന്ന ലേഖനം. അൽഷിമേഴ്സ് എന്ന വിപത്തിനെക്കുറിച്ച് ബോധവാൻമാരാകാൻ ഇത് ഉപകരിച്ചു.

**ആതിര എസ്.ടി.
കാഞ്ഞങ്ങാട്**

കണ്ണൂരിനെക്കുറിച്ചുള്ള രേഷ്മ രമേഷിന്റെ ലേഖനം മനോഹരം. ഒരു നഗരത്തിന്റെ ഉൾക്കാഴ്ചകൾ നേരിൽകാണുന്നതുപോലെ. പയ്യാമ്പലം ബീച്ചും സെന്റ് ആഞ്ചലോസ് കോട്ടയുമൊക്കെ മനസ്സിൽ നിറയുന്നു. ഇത്തരത്തിലുള്ള ലേഖനങ്ങൾ യാത്ര എന്ന വിഭാഗത്തിൽ വീണ്ടും പ്രതീക്ഷിക്കുന്നു.

**വിനായക് തുളസി
തേവലക്കര**

കേരളം അതിവേഗം വളരുന്ന മഹാനഗരം എന്ന തലക്കെട്ടിൽ വന്ന നഗരകാര്യമന്ത്രി മഞ്ഞളാംകുഴി അലിയുമായുള്ള അഭിമുഖത്തിൽ പറയുന്ന കാര്യങ്ങൾ സത്യസന്ധമാണ്. നഗരങ്ങളായി വളരുന്ന ഗ്രാമങ്ങൾ. അതിൽ ഗവൺമെന്റിന്റെ പങ്ക് എന്താണെന്ന് ബോധ്യപ്പെടാൻ അഭിമുഖം സഹായിച്ചു.

**പ്രദ്യോത് നന്ദക് പി.എസ്
പൂജപ്പുര**

സമകാലിക ജനപഥം സെപ്റ്റംബർ ലക്കം നന്നായി. ഇനി വരുന്ന ലക്കങ്ങളിൽ സമകാലിക കാര്യങ്ങൾ കൂടുതൽ ഉൾപ്പെടുത്തണം. തിരുവനന്തപുരവും, കൊച്ചിയും, കോഴിക്കോടും വികസനപാതയിൽ മുന്നേറുമ്പോൾ മറ്റ് ജില്ലകളിലെ വികസന നേട്ടങ്ങളെക്കൂടി ഉൾപ്പെടുത്താമായിരുന്നു. ജനകീയ വിഷയങ്ങളെ അടിസ്ഥാനമാക്കി മന്ത്രിമാരുമായുള്ള മുഖാമുഖവും നന്നായിട്ടുണ്ട്.

**ശ്രീവത്സൻ, കൊട്ടിയം, കൊല്ലം**



# ഉൾപ്പേജുകൾ


06 മഹായുദ്ധവും ഗാന്ധിജിയും
മലയിൻകീഴ് ഗോപാലകൃഷ്ണൻ

08 ലോകം കീഴടക്കുന്ന ദർശനം
ഡോ. എൻ. രാധാകൃഷ്ണൻ

12 അമേരിക്കയുടെ ശാന്തമുഖം
മനോജ് കെ. പുതിയവിള

18 അഹിംസ: ബോംബിനെക്കാൾ വീര്യമുള്ള സമരായുധം
പ്രദീപ് രാമൻ

22 യുദ്ധഭൂമിയിലെ അഹിംസയുടെ പ്രതീകങ്ങൾ
ടി.എസ്. സതികുമാർ

26 ചരിത്രം തിരുത്തിയ തിരിച്ചുവരവ്
ഷൈസി കെ. ജോർജ്

30 തദ്ദേശതെരഞ്ഞെടുപ്പ് പൗരനോട് പറയുന്നത്
കെ. സന്തോഷ് കുമാർ

32 പ്രകാശപൂരിതം ഈ ഭൂലോകം
മെഹബൂബ് എം.

34 തയാറാകാം എൻട്രൻസ് പരീക്ഷകൾക്ക്
ഡോ. എസ്. രാജുകൃഷ്ണൻ

36 അന്തസ്സോടെ മാനസികാരോഗ്യം
ഡോ. അരുൺ ബി. നായർ

38 ഇന്റർനെറ്റ് പ്രോട്ടോക്കോൾ ഉയരുന്നു, കാഹളം
ശുഭലക്ഷ്മി

40 യാത്ര കോഴിക്കോട്
രേഷ്മ രമേഷ്

46 സംഘകളിയുടെ വീണ്ടെടുപ്പ്
സി.ആർ. രവിനമ്പ്യാർ

48 ആത്മാന്വേഷണത്തിന്റെ ഒരാൾപ്പൊക്കം
ബിന്ദു ഗോപിനാഥ്







കവർ ചിത്രം

ന്യൂയോർക്കിലെ യു.എൻ. ആസ്ഥാനത്തെ അഹിംസാ ശിൽപം

ശിൽപി - കാൾ ഫെഡറിക് റൂട്ടേഴ്സ്വാർഡ്, സ്വീഡൻ



**ലോകമഹായുദ്ധത്തെക്കുറിച്ച് ഗാന്ധിജി പറഞ്ഞു: ''മഹാഭാരത യുദ്ധത്തിൽ വിശേഷിപ്പിച്ചിട്ടുള്ളത് നമ്മുടെ കൺമുന്നിൽ സംഭവിക്കുകയാണ്. ഇരുകൂട്ടരും നശിക്കത്തക്കവിധം ഉഗ്രതയോടും ക്രൗര്യത്തോടും തമ്മിലടിക്കുന്ന രാഷ്ട്രങ്ങൾ സ്വയം നശിച്ചുകൊണ്ടിരിക്കുന്നു.''**

Be the change you want to see in the world

Gandhi

# മഹായുദ്ധവും ഗാന്ധിജിയും

ഒന്നാം ലോകമഹായുദ്ധം സൃഷ്ടിച്ച ആഘാതങ്ങൾ നിലനിൽക്കുമ്പോൾ തന്നെയാണ് 1939 ൽ രണ്ടാം ലോകമഹായുദ്ധത്തിന്റെയും തുടക്കം. മഹാശക്തികൾ അണിയറയിൽ തയാറാക്കിയ ഈ യുദ്ധത്തിനെതിരെ ലോകത്തെങ്ങും സാധാരണ മനുഷ്യരുടെ പ്രതിഷേധം ഉയർന്നു. പക്ഷേ ഭരണാധികാരികൾ അതൊന്നും ചെവിക്കൊണ്ടില്ല. അവർ യുദ്ധതന്ത്രങ്ങളുമായി മുന്നോട്ടു പോയി. യുദ്ധത്തിന്റെ കെടുതികളെക്കുറിച്ച് ബോധവാനായിരുന്ന ഗാന്ധിജിക്ക് ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നും കത്തുകൾ ലഭിച്ചു. എങ്ങനെയെങ്കിലും യുദ്ധം ഒഴിവാക്കാൻ ശ്രമിക്കണമെന്നായിരുന്നു അതിലെ അഭ്യർഥന. പക്ഷേ ഗാന്ധിജിക്ക് അറിയാമായിരുന്നു തനിക്ക് ഒന്നും ചെയ്യാൻ കഴിയില്ലെന്ന്. അദ്ദേഹം യുദ്ധത്തിനെതിരെ പ്രസ്താവനകൾ പുറപ്പെടുവിച്ചു.

ഒന്നാം ലോകമഹായുദ്ധം ആരംഭിക്കുമ്പോഴാണ് ഗാന്ധിജി, ദക്ഷിണാഫ്രിക്കയിൽ നിന്നും ഇന്ത്യയിലേക്ക് വന്നത്. അന്ന് ഗാന്ധിജിയും ഇന്ത്യൻ നാഷണൽ കോൺഗ്രസും ബ്രിട്ടന് സഹായങ്ങൾ നൽകി. അതിനു കാരണമുണ്ടായിരുന്നു. യുദ്ധം തീർന്നാൽ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നൽകുമെന്ന പ്രതീക്ഷ അവർ നൽകിയിരുന്നു. ഇന്ത്യയിൽ 'റൗലറ്റ് ആക്ട്' എന്ന കരിനിയമമായിരുന്നു. ഇന്ത്യയിലാകെ ഉയർന്നുവന്ന സ്വാതന്ത്ര്യ സമരങ്ങൾ അടിച്ചമർത്താനായിരുന്നു ഈ നിയമം പാസാക്കിയെടുത്തത്. ഇതിനെതിരെ വൈസ്റോയിയുടെ എക്സിക്യൂട്ടീവ് കൗൺസിലിൽ അംഗമായിരുന്ന സർ. സി. ശങ്കരൻ നായർ വിയോജനക്കുറിപ്പ് എഴുതി. പക്ഷേ അത് മറികടന്ന് നിയമം പാസാക്കി. വ്യക്തി സ്വാതന്ത്ര്യത്തെ പാടെ നശിപ്പിക്കുന്നതും പൊലീസിന് ആരെയും ഏതു സമയത്തും അറസ്റ്റു ചെയ്യാൻ അധികാരം നൽകുന്നതുമായ ഈ നിയമത്തിനെതിരെ ഉയർന്ന പ്രതിഷേധമാണ് ജാലിയൻവാല സംഭവം വരെ എത്തിയത്. പിന്നീടുള്ള പല സംഭവങ്ങളും ബ്രിട്ടിഷുകാരുടെ തനിനിറം മനസിലാക്കാൻ ഇന്ത്യൻ നേതാക്കൾക്ക് കഴിഞ്ഞു. അതുകൊണ്ടാണ് രണ്ടാം ലോകമഹായുദ്ധത്തിൽ ബ്രിട്ടണ് ഇന്ത്യ സഹായം നൽകാതിരുന്നത്.

ഇനി ഒരു ആഗോളയുദ്ധം ഉണ്ടായാൽ അത് ലോകത്തെ നശിപ്പിക്കുമെന്നും കോടിക്കണക്കിന് ആളുകൾക്ക് ജീവഹാനി സംഭവിക്കുമെന്നും ഗാന്ധിജിക്ക് അറിയാ



മലയിൻകീഴ് ഗോപാലകൃഷ്ണൻ

മായിരുന്നു. ലോകം അഭയാർഥിക ളെകൊണ്ടു നിറയും. അച്ഛനില്ലാത്ത മക്കളുടെയും വിധവകളുടെയും രോദനംകൊണ്ട് ലോകം ശോകമൂകമാകും. തോറ്റ രാജ്യങ്ങൾ ജയിച്ച രാജ്യങ്ങളെ വീതിച്ചെടുക്കും. അവിടങ്ങളിലെ മനുഷ്യരുടെ അസ്തിത്വം നഷ്ടപ്പെടും. ഇതൊക്കെയായിരുന്നു ഗാന്ധിജിയുടെ ചിന്ത. പക്ഷേ ഗാന്ധിജിക്കു നേരെ ഇംഗ്ലീഷുകാർ ഉൾപ്പെടെ ചോദ്യങ്ങളുയർത്തി. അതിലൊന്ന് ഇതായിരുന്നു. ഹിറ്റ്ലർ വിജയിക്കുകയും ഇന്ത്യ യുദ്ധത്തിൽ പ്രവേശിക്കാതിരിക്കുകയും ചെയ്യുന്നപക്ഷം ഹിറ്റ്ലർ ഇന്ത്യയെ വെറുതേവിടുമോ?

ഗാന്ധിജിയുടെ മറുപടി ഇങ്ങനെയായിരുന്നു

നാസികൾ ഇന്ത്യയിലേക്ക് വന്നാൽ ബ്രിട്ടനെ എതിർക്കുന്നതുപോലെ കോൺഗ്രസ് അവരേയും എതിർക്കും.

ലോകമഹായുദ്ധത്തെപ്പറ്റി ഗാന്ധിജിയുടെ അഭിപ്രായം ഇതായിരുന്നു

ഈ യുദ്ധം ഐതിഹാസികമായ ഭാരതമഹായുദ്ധംപോലെ അവസാനിക്കുമെന്നാണ് ഞാൻ കരുതുന്നത്. മഹാഭാരതയുദ്ധം മനുഷ്യന്റെ ശാശ്വത ചരിത്രമാണെന്ന് ഉചിതമായി വിശേഷിപ്പിച്ചിട്ടുണ്ട്. ആ മഹത്തായ ഇതിഹാസത്തിൽ വിശേഷിപ്പിച്ചിട്ടുള്ളത് ഇന്ന് നമ്മുടെ കൺമുമ്പിൽ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. അവസാനം ഇരുകൂട്ടരും നശിക്കത്തക്കവിധം അത്രമാത്രം ഉഗ്രതയോടും ക്രൗര്യത്തോടുമാണ് തമ്മിലടിക്കുന്ന രാഷ്ട്രങ്ങൾ സ്വയം നശിച്ചുകൊണ്ടിരിക്കുന്നത്.

യുദ്ധത്തിന്റെ അണിയറശില്പികൾ വിൻസ്റ്റൺ ചർച്ചിലും ഹിറ്റ്ലറും മുസോളിനിയും സ്റ്റാലിനുമെല്ലാമാണെന്ന് ഗാന്ധിജിക്ക് അറിയാം. വട്ടമേശ സമ്മേളനത്തിൽ പങ്കെടുത്തു വരുമ്പോൾ ഗാന്ധിജി മുസോളിനിയെ കണ്ട് സംഭാഷണം നടത്തിയിട്ടുണ്ട്. ചർച്ചിൽ എപ്പോഴും ഗാന്ധിജിക്ക് എതിരാണ്. കുശാഗ്രബുദ്ധിയുള്ള അർധനഗ്നനായ ഫക്കീറാണ് അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ ഗാന്ധി. എന്നിരുന്നാലും ചർച്ചിലിനും ഹിറ്റ്ലർക്കും ഓരോ കത്ത് തയാറാക്കി അയയ്ക്കാൻ ഗാന്ധിജി ആഗ്രഹിച്ചു. യുദ്ധം എത്രയും വേഗം അവസാനിപ്പിക്കാനുള്ള അപേക്ഷയാണ് അതിലുള്ളത്.

1939 സെപ്റ്റംബർ ഒന്നാം തീയതി ബോംബുകൾ വർഷിച്ചുകൊണ്ട് ജർമനിക്ക് അന്ത്യശാസനം നൽകി. അതിന്റെ സമയപരിധി കഴിഞ്ഞതോടെ സെപ്റ്റംബർ മൂന്ന് ഞായറാഴ്ച പകൽ 11 മണിക്ക് ബ്രിട്ടനിലെ പള്ളിമണികൾ കൂട്ടത്തോടെ ശബ്ദിച്ചു. അത് ജർമനിക്ക് എതിരെ ബ്രിട്ടന്റെ യുദ്ധപ്രഖ്യാപനമായിരുന്നു. അന്ന് വൈകുന്നേരം സ്ത്രീകളും കുട്ടികളുമടക്കം റേഡിയോയ്ക്ക് മുന്നിൽ വാർത്തയറിയാൻ കൂടി. ബ്രിട്ടൻ മാത്രമല്ല, ഫ്രാൻസും ജർമനിക്കെതിരെ യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ അഭി



പ്രായം പോലും ചോദിക്കാതെ വൈസ്റോയി ലിൻപിത്ഗോപ്രഭു ഇന്ത്യയെ യുദ്ധത്തിലേക്ക് വലിച്ചിഴച്ചത് ഗാന്ധി അടക്കമുള്ളവരുടെ പ്രതിഷേധത്തിനിടയാക്കി. യുദ്ധത്തിന്റെ ശക്തികൂടി. ക്രമേണ അത് ആഗോളയുദ്ധമായി മാറി. ഇതിനിടയിൽ പോളണ്ടിലെ മുൻ പ്രസിഡന്റ് പാസറേവ്സ്ക്കിയുടെ സന്ദേശം ഗാന്ധിജിക്ക് ലഭിച്ചു. തങ്ങളുടെ രാജ്യത്തിനു നേരെ ജർമനി നടത്തുന്ന ക്രൂരമായ ആക്രമണത്തിനെതിരെ ഇന്ത്യയിൽ പൊതുജനാഭിപ്രായം സംഘടിപ്പിക്കണം എന്നഭ്യർഥിച്ചുകൊണ്ടായിരുന്നു അത്. തന്റെയും രാജ്യത്തിന്റെയും സഹാനുഭൂതിയും പ്രാർഥനയും പോളിഷ് ജനതയ്ക്കൊപ്പം ഉണ്ടെങ്കിലും സ്വാതന്ത്ര്യം നഷ്ടപ്പെട്ട ഇന്ത്യ എത്രയോ വർഷങ്ങളായി യൂറോപ്യൻ സമ്രാജ്യത്തിന്റെ നുകത്തിനു കീഴിലാണെന്നും സ്വാതന്ത്ര്യത്തിനു വേണ്ടി അഹിംസയിലൂടെ പടപൊരുതിക്കൊണ്ടിരിക്കുകയാണെന്നും ഗാന്ധിജി മറുപടി നൽകി. യുദ്ധം നിർത്തണമെന്നാവശ്യപ്പെട്ട് ഗാന്ധിജി ഹിറ്റ്ലർക്ക് 1941 ഡിസംബറിൽ എഴുതിയ കത്ത് ബ്രിട്ടീഷ് സർക്കാർ തടഞ്ഞു.

യുദ്ധത്തിന്റെ കെടുതികൾ വിവരിച്ചുകൊണ്ട് എഴുതിയ കത്തിന്റെ ഒരു ഭാഗത്ത് ഗാന്ധിജി എഴുതി:

അതിനാൽ യുദ്ധം അവസാനിപ്പിക്കാൻ മനുഷ്യരാശിയുടെ പേരിൽ നിങ്ങളോട് ഞാൻ അഭ്യർഥിക്കുന്നു. നിങ്ങളും ഗ്രേറ്റ് ബ്രിട്ടനും തമ്മിലുള്ള തർക്കങ്ങൾ നിങ്ങൾ ഒന്നിച്ചുചേർന്ന് തെരഞ്ഞെടുക്കുന്ന ഒരു അന്താരാഷ്ട്ര മധ്യസ്ഥ കോടതിയുടെ തീരുമാനത്തിന് വിടണമെന്ന് ഞാൻ അഭ്യർഥിക്കുന്നു...

ഇതുപോലെ ഒരു കത്താണ് അദ്ദേഹം വിൻസ്റ്റൺ ചർച്ചിലിനും എഴുതിയത് അത് ഏൽപിക്കാൻ അദ്ദേഹം വൈസ്റോയി മന്ദിരത്തിലെത്തി. പക്ഷെ കത്ത് വായിച്ച വൈസ്റോയി പരിഹാസത്തോടെ പൊട്ടിച്ചിരിക്കുകയാണുണ്ടായത്. പ്രോട്ടോകോൾ പ്രകാരം ഗാന്ധിജിയെ യാത്രയാക്കാൻ പോലും വൈസ്റോയി മടിച്ചു. പിന്നീട് ഏകനായി താമസസ്ഥലത്ത് എത്തിയ ഗാന്ധിജി യുദ്ധം കാണാതിരിക്കാൻ ആത്മഹത്യ ചെയ്യാൻ ആലോചിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.



കവർസ്റ്റോറി



# ലോകം കീഴടക്കുന്ന ദർശനം

ഗാന്ധിജിയുടെ രക്തസാക്ഷിത്വത്തിനുശേഷമുള്ള കാലയളവിൽ, ഇന്ത്യയിലും അതുപോലെ ലോകത്തിന്റെ വിവിധഭാഗങ്ങളിലും വ്യത്യസ്ത തലങ്ങളിലുമുണ്ടായിട്ടുള്ള പുരോഗതിയും ഉയർച്ചയും പരിശോധിക്കുമ്പോൾ അന്താരാഷ്ട്ര ജനസമൂഹം ഗാന്ധിയൻ ദർശനവും ഗാന്ധിയൻ ശുഭാപ്തി വിശ്വാസവും അനുയോജ്യമാണ് എന്നു മന ിലാക്കി അതിന്റെ സ്വാധീനത്തിലേക്ക് വന്നിട്ടുള്ളതായി കാണാം. ഗാന്ധിജി ജീവിച്ചിരുന്നപ്പോൾ അദ്ദേഹത്തിന്റെ വളരെ അടുത്ത സഹപ്രവർത്തകർ പോലും മനസിലാക്കാൻ പ്രയാസപ്പെട്ട ഒന്നായിരുന്നു ഇത്. ഒരിക്കൽ ഗാന്ധിജി പറയുകയുണ്ടായി 'എന്റെ കാലശേഷം അവർ എന്റെ ഭാഷയിൽ സംസാരിച്ചു തുടങ്ങും.'

1948–ൽ ഗാന്ധിജി കൊല്ലപ്പെട്ടപ്പോൾ അദ്ദേഹത്തിന് 79 വയസായിരുന്നു. 1915ൽ അദ്ദേഹം ഇന്ത്യയിൽ മടങ്ങി എത്തുന്നതിനു മുമ്പ് 21 വർഷത്തോളം ദക്ഷിണാഫ്രിക്കയിൽ ചെലവിട്ടിരുന്നു. അദ്ദേഹം ദക്ഷിണാഫ്രിക്കയിലായിരുന്ന സമയത്ത് നീതിക്കുവേണ്ടി സമരമാരംഭിച്ചപ്പോൾ അവർ അദ്ദേഹത്തെ വിളിച്ചത് ഒരു സാധാരണക്കാരനെന്നും അദ്ദേഹത്തിന്റെ പ്രവർത്തികളെ വിശേഷിപ്പിച്ചത് തരം താണ നിയമനിഷേധ പ്രവർത്തനം എന്നും ആയിരുന്നു. ഈ കുത്തുവാക്കുകളും ആക്ഷേപകരമായ പരാമർശങ്ങളും ഗാന്ധിജിയുടെ സ്വാർഥതയില്ലാത്തതും പരമാർഥത്തിൽ ഊന്നിയതുമായ പ്രവൃത്തിയുടെ സ്വഭാവം വിളിച്ചുപറഞ്ഞു.

ചർച്ചിലിന്റെയും മറ്റുള്ളവരുടെയും സാമ്രാജ്യത്വപരവും ആക്ഷേപസ്വഭാവം നിറഞ്ഞതുമായ പരാമർശങ്ങളും പിൽക്കാലത്ത് ഗാന്ധിജിയെ പ്രക്ഷോഭകാരിയായ ഫക്കീർ എന്നും രാഷ്ട്രീയ



ഡോ.എൻ.രാധാകൃഷ്ണൻ

ത്തിലേക്ക് വലിച്ചിഴക്കപ്പെട്ട സന്യാസിയെന്നും ഹിന്ദുക്കൾക്കിടയിലെ മൗലികവാദിയായ ഹിന്ദു എന്നും വേണ്ടതിലേറെ വിമർശനബുദ്ധിയുള്ള ഹിന്ദു സന്യാസിയെന്നും വിളിച്ചത് ഗാന്ധിജിയെ തന്റെ പ്രതിജ്ഞാബദ്ധമായ ലക്ഷ്യത്തിലേക്കു നീങ്ങുന്നതിൽ നിന്ന് പിന്തിരിപ്പിച്ചില്ല.

പലരും ഉദ്ധരിക്കാറുള്ള ആൽബർട്ട് ഐൻസ്റ്റയിന്റെ പ്രവചനം ഇതാണ് : തലമുറകൾ കടന്നുപോകുമ്പോൾ ഇതുപോലൊരാൾ നമുക്കിടയിൽ രക്തവും മാംസവുമുള്ള മനുഷ്യനായി നടന്നിരുന്നുവെന്നത് അവിശ്വസനീയമായ ഒരു സത്യമായി അവശേഷിക്കും.

അതുപോലെ ഗാന്ധിജിയെക്കുറിച്ച് റൊമൈൻ റോളന്റിന്റെ വിവരണവും ശ്രദ്ധേയമാണ്, പ്രാപഞ്ചിക ജീവികളിൽ ഒന്നായി മാറിയ മനുഷ്യൻ'.

ഇതെല്ലാം ഗാന്ധിജി ലോക ജനസാമാധാനത്തിനുവേണ്ടി നടത്തിയ പ്രവർത്തനത്തെയും അദ്ദേഹത്തിന്റെ സന്ദേശത്തെയും വിലയിരുത്തുന്ന ഏറ്റവും വിശേഷപ്പെട്ട പ്രസ്താവനകളാണ്.

ഗാന്ധിജിയുടെ ജീവിതവും പ്രവർത്തനങ്ങളും സന്ദേശങ്ങളും അദ്ദേഹത്തിന്റെ മനസിന്റെയും ദർശനത്തിന്റെയും അതിശയകരമായ ഒഴുക്ക് വെളിവാക്കുന്നു. മൂന്ന് ഭൂഖണ്ഡങ്ങളിലായി സുദീർഘമായ ഒരു കാലയളവിൽ പ്രവർത്തനനിരതമായിരുന്ന അദ്ദേഹത്തിന്റെ ജീവിതത്തിലും പ്രവർത്തനത്തിലും തെളിവില്ലാതെയും വേണ്ടത്ര ഉറപ്പില്ലാതെയും അദ്ദേഹം ഒരനുമാനങ്ങളിലും എത്തിച്ചേർന്നിട്ടില്ല. അദ്ദേഹത്തിന്റെ ആശയവാദം ഒരിക്കലും ഒരു തത്വചിന്തകന്റെ അനുമാനങ്ങളായി പ്രത്യക്ഷപ്പെടുന്നില്ല എന്ന് അദ്ദേഹം ഉപയോഗിച്ചപലരീതികളും സൂചിപ്പിക്കുന്നത് അവയെല്ലാം ലോക ജനസാമാന്യത്തിനു മുന്നിൽ ഒരു സാഹസികന്റെ പരിശ്രമമായി അവശേഷിക്കും എന്ന സത്യമാണ്.

ആൽഡസ് ഹക്സ്‌ലി ഗാന്ധിജിയെക്കുറിച്ച് പറഞ്ഞ നിന്ദാർഹമായ വിവരണത്തിൽ അദ്ദേഹത്തെ കൗപീനവേഷധാരിയായ സന്യാസിയായി ആക്ഷേപിക്കുന്നു. ഇത്

നവീനവും സർഗാത്മകവുമായ രീതികൾ സ്വീകരിക്കുന്ന ഗാന്ധിജിയെപ്പോലുള്ള മൗലിക ചിന്തകരേയും സമാധാനപ്രിയരേയും സമ്പൂർണമായി അവഗണിക്കുന്ന കൊളോണിയൽ വക്താക്കളായ ഹക്സ്‌ലിയേപ്പോലെയുള്ള മനുഷ്യരുടെ വിലയിരുത്തലുകളാണ്.

എന്നാലും ഹക്സ്‌ലിയുടെ ശാസ്ത്രജ്ഞനായ സഹോദരൻ ജൂലിയൻ ഹക്സ്‌ലി ഗാന്ധിജിയുടെ പ്രവർത്തനങ്ങളുടെ പ്രാധാന്യം ശരിയായ അർഥത്തിൽ കണ്ടെത്തിയിട്ടുണ്ട്. അദ്ദേഹം ഗാന്ധി മെമ്മോറിയൽ നമ്പറിൽ ഗാന്ധിയെ വിലയിരുത്തുന്നതെങ്ങനെയെന്ന്

> **തലമുറകൾ കടന്നുപോകുമ്പോൾ രക്തവും മാംസവുമുള്ള മനുഷ്യനായി ഇതുപോലൊരാൾ നമുക്കിടയിൽ നടന്നിരുന്നുവെന്നത് അവിശ്വസനീയ സത്യമായി അവശേഷിക്കും**
>
> **ആൽബർട്ട് ഐൻസ്റ്റീൻ**

ശ്രദ്ധിക്കാം : ഗാന്ധിജിയുടെ സാമൂഹ്യവും സാമ്പത്തികവുമായ ആശയങ്ങളുടെ അടിസ്ഥാനം മനുഷ്യന്റെ സ്വഭാവവും ലോകത്ത് അവന്റെ സ്ഥാനവും വിലയിരുത്തിക്കൊണ്ടുള്ളതാണ്. വർധിക്കുന്ന അധ്വാനത്തിനും പുരോഗമിക്കുന്ന സംഘാടകത്വത്തിനുംനവീകരിക്കപ്പെട്ട സാങ്കേതികവിദ്യയ്ക്കും മനുഷ്യൻ വലിപ്പത്തിലോ സാമർഥ്യത്തിലോ യാതൊരു മഹത്വവും അവകാശപ്പെടാൻ കഴിയാത്ത ഒരു മൃഗമാണെന്ന അടിസ്ഥാനതത്വം മാറ്റി മറിക്കാൻ കഴിയില്ല എന്ന് അദ്ദേഹം അറിഞ്ഞിരുന്നു'.

ഗാന്ധിജിയുടെ ജീവിത ദർശനം ദൃഢീകരണത്തിൽ വേരുറച്ച ഒന്നാണ്. എന്നാൽ അത് മറ്റൊരാളിൽ ശ്രദ്ധ ആകർഷിക്കാൻ നടത്തുന്ന മനോരാജ്യ സഞ്ചാരങ്ങളല്ല. ഇത് മണ്ണിൽ വേരോടിക്കുകയും ഏതു ജനങ്ങൾക്കിടയിലാണോ അദ്ദേഹം പ്രവർത്തിച്ചത് ആ ജനങ്ങൾക്കിടയിൽ പ്രചരിക്കുകയും ചെയ്തു. ഒരു വേള ഗാന്ധിജി ലോകത്തിലെ മഹാൻമാരുടെയും മഹതികളുടെയും നക്ഷത്ര നിരയിൽ ഒറ്റപ്പെട്ട താരമായി ശോഭിക്കും. കാരണം അദ്ദേഹം തന്റെ ജീവിതവീക്ഷണത്തെ ജീവിത യാഥാർഥ്യങ്ങളുടെ സുദൃഢ ശിലാതലത്തിൽ നിരന്തരം തേച്ചുമിനുസപ്പെടുത്തുകയും പരിശോധിച്ച് തൃപ്തി വരുത്തുകയും ചെയ്തിരുന്നു എന്നതു തന്നെ.

അദ്ദേഹത്തിന്റെ തത്വശാസ്ത്രപരമായ അനുമാനങ്ങൾ അദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങളിൽ നിന്നു രൂപപ്പെട്ടിട്ടുള്ളയവയാണ്. ഇത് മഹാന്മാരായ വ്യക്തികളുടെ ജീവിതദർശനങ്ങളുടെ പൊതുസവിശേഷതകളിൽ കാണാത്ത സുവ്യക്തമായ വ്യതിയാനമാണ്. എന്റെ ജീവിതം തന്നെ എന്റെ സന്ദേശം എന്ന് ഗാന്ധിജി സ്വയം വിലയിരുത്തിയപ്പോൾ അദ്ദേഹം പ്രഖ്യാപിച്ചത് തന്റെ ജീവിതത്തെ മാത്രം മുൻനിർത്തി വിലയിരുത്തപ്പെടാനുള്ള സന്നദ്ധതയാണ്.

1894 ൽ ദക്ഷിണാഫ്രിക്കയിൽ ഒരഭിഭാഷകനായി പ്രവർത്തിച്ചുകൊണ്ടാരംഭിച്ച ഗാന്ധിജിയുടെ പൊതുജീവിതത്തിനു നാല് പ്രധാനഘട്ടമുണ്ട്

### ദക്ഷിണാഫ്രിക്കയിലെ കാലഘട്ടം

ഇത് മൃഗീയ ശക്തിക്കെതിരായി ആത്മീയ ശക്തിയുടെ പടച്ചട്ടയണിഞ്ഞ് കൊണ്ട് അനീതിക്കെതിരായി പട പൊരുതാനുള്ള ഒരു ദൃഢ നിശ്ചയം അദ്ദേഹത്തിൽ രൂപപ്പെടുത്തി. ഫീനിക്സ് ആശ്രമം, ടോൾസ്റ്റോയ് ഫാം എന്നീ ആശ്രമങ്ങളിൽഅദ്ദേഹം രൂപപ്പെടുത്തിയ ജീവിതം നിരാക്ഷേപമായി വ്യക്തമാക്കുന്നത് മഹത്വവും നവീനവുമായ ഈ രീതി സമൂഹത്തിലെ വലിയൊരു വിഭാഗം ജനങ്ങൾക്ക് പ്രയാസകരമായി അനുഭവപ്പെടുന്ന നീതിരഹിതമായ സമീപനങ്ങൾക്കു നേരേയുള്ള വെല്ലുവിളിയാണ്. സൗത്താഫ്രിക്കയിലെ ഗാന്ധിജിയുടെ പ്രവർത്തനങ്ങളെ ടോൾസ്റ്റോയ് വിശേഷിപ്പിക്കുന്നത് ശ്രദ്ധിക്കാം : ഈ കാലഘട്ടത്തിൽ ലോകത്തു നടന്ന സംഭവങ്ങളിൽ ഓർത്തുവെയ്ക്കാൻ തക്കമൂല്യമുള്ള ഏറ്റവും പ്രധാനപ്പെട്ട



വസ്തുതയാണ് മിസ്റ്റർ ഗാന്ധിയുടെ നേതൃത്വത്തിൽ ദക്ഷിണാഫ്രിക്കയിൽ നടന്നുകൊണ്ടിരിക്കുന്നത്.


### ഇന്ത്യയിലേക്കുള്ള മടങ്ങിവരവ്

ഗാന്ധിജി ഇന്ത്യയിൽ മടങ്ങിയെത്തിയ 1915 അദ്ദേഹത്തിന്റെ പൊതുപ്രവർത്തനത്തിന്റെ രണ്ടാം ഘട്ടത്തിന്റെ ആരംഭമാണ്. അദ്ദേഹം തന്റെ

രാഷ്ട്രീയഗുരുവായ ഗോപാലകൃഷ്ണഗോഖലെയുടെ നിർദ്ദേശപ്രകാരം ഇന്ത്യയൊട്ടുക്കു സഞ്ചരിച്ചു. ഈ സഞ്ചാരത്തിൽ അദ്ദേഹത്തിനുണ്ടായ അനുഭവങ്ങൾ അദ്ദേഹത്തെ ഉത്ബോധിപ്പിച്ചത്, സ്വന്തം മനഃശക്തിയുപയോഗിച്ച് ഇന്ത്യയുടെ ഏകത്വത്തിന്റെദർശനവും ഓരോ ഇന്ത്യക്കാരന്റെയും കരുത്തും ഉണർത്താനാണ്.

സാധാരണ മനുഷ്യരുടെ പ്രശ്നങ്ങൾക്കുവേണ്ടി സമരം നടത്താനുള്ള അദ്ദേഹത്തിന്റെ ദൃഢനിശ്ചയം പ്രഖ്യാപിച്ച ചമ്പാരൻ സത്യാഗ്രഹം വ്യക്തമാക്കിയത് അദ്ദേഹം ഏതെങ്കിലും പുസ്തകത്തെയോ വിപ്ലവത്തെയോ അനുകരിക്കില്ലെന്ന യാഥാർഥ്യമായിരുന്നു. ഇത് ഗാന്ധിജി പ്രാധാന്യം നൽകിയിരുന്ന പൊതുവിദ്യാഭ്യാസ പ്രചരണത്തിന്റെ മുന്നോടിയായി ത്തീർന്നു.

സ്വയം ബഹുമാനിക്കുന്ന വ്യക്തികളുള്ള ഒരു രാജ്യത്തിനുമാത്രമേ സ്വാതന്ത്ര്യത്തിനും നീതിക്കും വേണ്ടി സമരം ചെയ്യാൻ കഴിയൂ എന്ന ഗാന്ധിജിയുടെ വിശ്വാസവും സാധാരണമനുഷ്യരോടുള്ള അദ്ദേഹത്തിന്റെ അനുഭാവവും അദ്ദേഹം നിരവധി മാർഗ്ഗങ്ങളിലൂടെ വെളിപ്പെടുത്തിയിട്ടുണ്ട്. വെറുപ്പിനെയും അക്രമത്തെയും ആശ്രയിക്കാതെ തന്നെ ഒരാൾക്ക് അയാളെ അടിച്ചമർത്തുന്നവരുടെ വിശ്വാസം നേടിയെടുക്കാൻ കഴിയും. ഒരാളിന്റെ ജീവിക്കാനുള്ള അടിസ്ഥാന അവകാശത്തെ എടുത്തുകളയുക സ്വാതന്ത്ര്യം നിഷേധിക്കുക സാമൂഹ്യവും മതപരവുമായ അവകാശങ്ങളെ അടിച്ചമർത്തുക എന്നു തുടങ്ങി അവരെ ജീവിതത്തിന്റെ മുഖ്യ ധാരയിൽ നിന്നകറ്റി നിർത്താനുള്ള ഏതു നീക്കവും മനുഷ്യകുലത്തിനു നേരേയുള്ള പാപമായിത്തീരും. അങ്ങനെ സബർമതിയിലെ കാലം പ്രാധാന്യമർഹിക്കുന്നത് അദ്ദേഹം ഒരു



ദ്രുത സാമൂഹ്യപ്രക്രിയയുടെ അത്യാവശ്യ സ്വഭാവത്തെക്കുറിച്ച് സാധാരണക്കാരായ ജനങ്ങളെ വിദ്യാഭ്യാസ പ്രചരണത്തിലൂടെഉദ്ബോധിപ്പിക്കുന്നതിന്റെ മുന്നൊരുക്കം നടത്തി എന്നിടത്താണ്.

### രാഷ്ട്രപുനഃസൃഷ്ടി

രാഷ്ട്രപുനഃസൃഷ്ടിയെ സംബന്ധിച്ചുള്ള ശല്യപ്പെടുത്തുന്ന ചോദ്യങ്ങൾക്ക് ഗാന്ധിയൻ രൂപരേഖയിലുള്ള ബദൽ പദ്ധതി മനുഷ്യസമൂഹത്തിന്റെ സൂക്ഷ്മതലത്തിൽ അദ്ദേഹം നടത്തിയ പരീക്ഷണങ്ങളുടെ സാംഗത്യം വ്യക്തമാക്കി. ഇത് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ മൂന്നാം കാലത്തെക്കുറിക്കുന്നു. ഗാന്ധിജിയേക്കുറിച്ചുള്ള അവബോധാത്മകമായ ചില നിരൂപണങ്ങളിൽ സൂചിപ്പിച്ചതുപോലെ സേവാഗ്രാമിന്റെ സന്ദേശം ഒരേ സമയം ദേശീയവും സാർവ്വലൗകികവുമാണ്. ഗാന്ധിജി സേവാഗ്രാമിൽ പരീക്ഷച്ചത് വേഗത്തിൽ മാറുന്ന സാമൂഹ്യ സാമ്പ





ത്തിക രാഷ്ട്രീയ യാഥാർഥ്യങ്ങ ളുടെ പശ്ചാത്തലത്തിൽ തന്റെ പ്രവർത്തനങ്ങളുടെ സാംഗത്യവും ഫലദായകത്വവുമാണ്.

സ്വാതന്ത്ര്യസമരത്തെ സംബ ന്ധിച്ചാണെങ്കിൽ ഗാന്ധിജി ജന ങ്ങൾക്കിടയിൽ വേണ്ടത്ര അറിവും ചലനശക്തിയും സൃഷ്ടിക്കാൻ കഴിഞ്ഞതിനുശേഷം അന്ത്യം വരെയും

സ്വാതന്ത്ര്യം സംബന്ധിച്ചുള്ള പ്രശ്നങ്ങൾ വിവേക പൂർവ്വം കൈ കാര്യം ചെയ്യുവാൻ വേണ്ടി നെഹ്റു, പട്ടേൽ, രാജേന്ദ്രപ്രസാദ്, രാജാജി, മൗലാന ആസാദ് തുടങ്ങിയ യുവാക്കൾക്ക് വിട്ടു കൊടുത്തിട്ട് ഗാന്ധിജി അധി കാരത്തിന്റെ ലോകത്ത് നിന്ന് പൂർണമായും വിട്ടു നിൽക്കുകയും അദ്ദേഹം സ്വയം രൂപപ്പെടുത്തിയ പതിനെട്ടിന സൃഷ്ട്യുന്മുഖ പരി പാടിയിൽ ശ്രദ്ധ കേന്ദ്രീകരിക്കു കയുമാണുണ്ടായത്. ആർക്കും വിട്ടുകളയാനാവാത്ത ഒരു വസ്തുത ഇതിലുണ്ട്: അതായത് ഗാന്ധിജി ഇപ്രകാരം ചെയ്തതി ലൂടെ കണ്ണഞ്ചിപ്പിക്കുന്ന പ്രചരണ കോലാഹലങ്ങളിൽ നിന്നും വ്യക്തമായി അകന്നുമാറുകയാ യിരുന്നു. മാത്രമല്ല സ്വാതന്ത്ര്യത്തി നുശേഷം രാജ്യം അഭിമുഖീക രിച്ച വ്യത്യസ്ത പ്രശ്നങ്ങളിൽ തന്റെ കഴിവുകൾ കേന്ദ്രീകരിച്ച് രാജ്യത്തെ സഹായിക്കുവാനും അദ്ദേഹം തുനിഞ്ഞു.

**അന്ത്യഘട്ടം**

അന്ത്യഘട്ടം അതിന്റെ പരമകാ ഷ്ഠയിലെത്തുന്നത് മറ്റൊരിന്ത്യ ക്കാരന്റെ കൈകൊണ്ടുണ്ടായ അദ്ദേഹത്തിന്റെ രക്ത സാക്ഷിത്വ ത്തോടെയാണ്. ഇത് വ്യക്തമാക്കി തരുന്നത് മറ്റുള്ളവർ സമാധാന ത്തോടും യോജിപ്പോടും കൂടി ജീവിക്കുന്നതിനുവേണ്ടി എന്തും സഹിക്കാനുള്ള അദ്ദേഹത്തിന്റെ കഴിവിനെയാണ്. പലരും വിശേഷി പ്പിച്ചതുപോലെ ഇതൊരു രണ്ടാം കുരിശുമരണമാണ്. ഗാന്ധിജി എല്ലായ്പ്പോഴും ആസ്വദിച്ചിരുന്ന ഒന്നാണ് ഒരധ്യാപകന്റെ വേഷം . ആ വേഷത്തിൽ നിന്നുകൊണ്ട ദ്ദേഹം ജീവിതത്തെ നോക്കിക്കണ്ടു എന്നുമാത്രമല്ല വെല്ലുവിളികളുടെ ഈ കാലഘട്ടത്തിൽ ഇതെല്ലാം ജീവിതത്തിന്റെ ഭാഗമാണെന്ന് വിശ്വസിക്കുകയും ചെയ്തു.

പ്രകാശവും നിഴലും പരസ്പ രാപേക്ഷിതമായ ഘടകങ്ങ ളാണെന്ന് അദ്ദേഹം വിശദീക രിച്ചു. നിഴലിനെ പ്രകാശത്തിൽ നിന്നു വേർ തിരിക്കാനുള്ള ശ്രമം നിഷ്ഫലമായ ഒന്നാണ്. ഈ സത്യം അനുഭവവേദ്യമാക്കാനുള്ള ബുദ്ധിയാണ് പരമമായ സത്യം എന്നദ്ദേഹം വിശ്വസിച്ചു. എങ്കിലും മതപരമായ സല്ലാപങ്ങളിൽ പല പ്പോഴും സത്യത്തെ വ്യത്യസ്ഥ മായ രീതിയിൽ നിർവചിക്കുകയും നിരൂപിക്കുകയും ചെയ്തു.

ഗാന്ധിജി തന്റെ രക്തസാക്ഷിത ്വത്തിലൂടെ നൽകുന്ന സന്ദേശം വ്യക്തമാണ്. നമ്മൾ പരസ്പരം കൊല്ലണോ? നമ്മൾ വളരെ അപൂർവ്വമായിപ്പോലും അറിയാത്ത ഒന്നിന്റെ പേരിൽ കൊല്ലലും കൊല ഏൽക്കലും ആവശ്യ മാണോ? ഗാന്ധിജി നമുക്കൊരു പ്രകാശനാളം കാണിച്ചു അതി ലൂടെ നമ്മൾ പരസ്പരം തിരിച്ച റിയുകയും സംസ്കാരം ലഭിച്ചമ നുഷ്യ ജീവികളേപ്പോലെ പെരുമാ റുകയും ചെയ്തു.

മറക്കാനരുതാത്ത ഒരുകാര്യ മുള്ളത് ഗാന്ധിജിയും ഒരു മനു ഷ്യനായിരുന്നു എന്നതാണ്. അദ്ദേഹത്തെ ദൈവമായിട്ടു യർത്തുന്നതും നമ്മുടെ എല്ലാ പ്രശ്നങ്ങൾക്കുമുള്ള പരിഹാരം അദ്ദേഹത്തിൽ കാണാൻ ശ്രമി ക്കുന്നതും ഗാന്ധിജി അംഗീ കരിച്ചിട്ടില്ലാത്ത രീതിയാണ്. ഗാന്ധിജി ചെയ്തിട്ടുള്ളതും പറഞ്ഞിട്ടുള്ളതും ആ കാലത്ത് നിലനിന്നിരുന്ന സാഹചര്യങ്ങളിൽ നിന്നും അദ്ദേഹം മന ിലാക്കിയ വസ്തുതകളുടെ അടിസ്ഥാനത്തി ലാണ്.

അമേരിക്കയിലെ പ്രശസ്തനായ യുദ്ധ വിരുദ്ധ പ്രവർത്തകൻ ജോൺ ഹയ്ൻസ് ഹോംസ് 1921 ൽ ആരാണ് ഇന്നത്തെ ലോക ത്തിലെ ഏറ്റവും മഹാനായ വ്യക്തി എന്ന വിഷയത്തെക്കുറിച്ച് സംസാരിക്കവേ ഗാന്ധിജിയേ ക്കുറിച്ച് പറഞ്ഞ കാര്യം ശ്രദ്ധേയ മാണ്.

"അദ്ദേഹത്തിന്റെ (ഗാന്ധിജി യുടെ) വൈയക്തി സ്വഭാവം ലളിതവും ദുഷിപ്പിക്കാനാകാ ത്തതുമാണ്. അദ്ദേഹത്തിന്റെ രാഷ്ട്രീയ പ്രവർത്തനത്തിൽ അദ്ദേഹം ലെനിനെപ്പോലെ സ്ഥിര സത്വനും യഥാർഥവാദിയുമാ യിരുന്നു. അതേ സമയം അദ്ദേഹം റൊമൈൻ റോളണ്ടിനേപ്പോലെ ഒരാദർശവാദിയായിരുന്നു. ഞാൻ റൊമൈൻ റോളണ്ടിനേക്കുറിച്ച് ചിന്തിച്ചപ്പോൾ ടോൾസ്റ്റോയിയേ സ്മരിച്ചു. ലെനിനേക്കുറിച്ച് ചിന്തി ച്ചപ്പോൾ ഒപ്പം നെപ്പോളിയനെ ഓർത്തു എന്നാൽ ഞാൻ ഗാന്ധി ജിയേക്കുറിച്ച് ചിന്തിച്ചപ്പോൾ ഓർത്തുപോയത് യേശുക്രിസ്തു വിനേയാണ്. ക്രിസ്തു ജീവിച്ചു, സംസാരിച്ചു, കഠിനാധ്വാനം ചെയ്യു കയും ദുരിതമനുഭവിക്കുകയും ചെയ്തു. അവസാനം ആഭിജാ ത്യത്തോടെ ഭൂമിയിൽ അവന്റെ സ്വർഗം സൃഷ്ടിക്കാൻ വേണ്ടി മരിക്കുകയും ചെയ്തു...."

*(ലേഖകൻ ഗാന്ധിപീസ് മിഷൻ ചെയർമാനാണ്)*



ലേഖനം




# അമേരിക്കയുടെ ശാന്തമുഖം

**വൻ ശക്തിയായ അമേരിക്കയിൽ നിന്ന് കോർപ്പറേറ്റ് മാധ്യമങ്ങളുടെ തമസ്കരണം മറികടന്ന് അക്രമരഹിത സമരങ്ങളുടെ വാർത്തകൾ പുറത്തു വന്നു തുടങ്ങിയിരിക്കുന്നു. ഗാന്ധിയൻ ദർശനങ്ങളുടെ സ്വാധീനം ഈ സമരമുഖങ്ങളിൽ പ്രകടമാണ്. പ്രമുഖ അമേരിക്കൻ പൗരാവകാശ പ്രവർത്തക മേരി എലിസബത്ത് കിങിന്റെ കേരള സന്ദർശന പശ്ചാത്തലത്തിൽ ചില ചിന്തകൾ**

എല്ലാ ഹോളിവുഡ് സിനിമയിലെയും അന്യഗ്രഹജീവികൾ അമേരിക്കയെ ആക്രമിക്കാൻ വരുന്നവരാണ്. ശത്രുക്കളല്ലാത്ത അന്യഗ്രഹജീവികളെ അവതരിപ്പിക്കുന്ന അവതാർ കണ്ടപ്പോൾ വലിയ ആശ്വാസമാണു തോന്നിയത്. എന്നാൽ അമേരിക്കയുടെ സഹജബോധമായി കാണുന്ന ഭയവും സഹവർത്തിത്വം അസാദ്ധ്യമാണെന്നും കീഴടക്കുകയോ കീഴടക്കപ്പെടുകയോ മാത്രമാണു സാദ്ധ്യമായതെന്നുമുള്ള ധാരണയും ആ സിനിമയിലും പക്ഷേ, അടിസ്ഥാനപരമായിത്തന്നെ പ്രവർത്തിക്കുന്നു. അക്രമങ്ങളില്ലാതെ പ്രശാന്തസുന്ദരമായ ജീവിതം നയിക്കുന്ന അവരെ അതിമോഹത്തോടെ അധിനിവേശത്തിനായെത്തിയ മനുഷ്യവർഗ്ഗം ആക്രമിക്കുകയും ഗാന്ധിയൻ രീതിയിൽ പ്രതിരോധിക്കാൻ ശ്രമിക്കുന്ന അവരെ യുദ്ധത്തിനു നിർബ്ബന്ധിതരാക്കുകയുമാണ് അവിടെ. അക്രമം എന്നത് ഹോളി വുഡ് സിനിമയുടെ മുഖമുദ്രയായിത്തന്നെ ലോകം ഇന്നു കണക്കാക്കുന്നു.

ഹോളി വുഡ് സിനിമ




മനോജ് കെ. പുതിയവിള






മേരി കിങ്

എന്നാൽ അമേരിക്കൻ സിനിമ എന്നാണല്ലോ. അമേരിക്കൻ സമൂഹത്തിന്റെ അടിസ്ഥാനസ്വഭാവമാണോ ഈ സിനിമകൾ ആവിഷ്ക്കരിക്കുന്നത്? അവിടത്തെ പ്രൈമറിസ്ക്കൂൾക്കുട്ടികൾ പോലും തോക്കുമായി വന്നു കൂട്ടുകാരെയും അദ്ധ്യാപകരെയും വെടിവച്ചുകൊല്ലുന്നതിന്റെയും സമാനമായ മറ്റനവധി സംഭവങ്ങളുടെയും റിപ്പോർട്ടുകൾ ഈ ധാരണയ്ക്ക് അടിവരയിടുന്നു. ഈ ഒക്റ്റോബർ രണ്ടിലെ പത്രത്തിലും നാം വായിച്ചു ഉം ക്വ കമ്മ്യൂണിറ്റി കോളെജിൽ പത്തുപേരെ വെടിവച്ചുകൊന്നത്. ഒരു യുദ്ധക്കൊതിയൻ കഴുകനായാണ് ആ രാജ്യം പലപ്പോഴും ചിത്രീകരിക്കപ്പെടുന്നത്. എന്നാൽ, അമേരിക്കൻ പൗരസമൂഹത്തിന്റെ പാരമ്പര്യം ഇതല്ലയെന്നും അതു ഭരണകൂട നയങ്ങളിൽനിന്നു വ്യത്യസ്തമായി അഹിംസാധിഷ്ഠിതം ആണെന്നുമാണു ചരിത്രം ചൂണ്ടിക്കാട്ടുന്നത്.

അമേരിക്ക തെക്കേയമേരിക്കയും വടക്കേയമേരിക്കയും ഉൾപ്പെടുന്ന ഭൂഖണ്ഡമാണെങ്കിലും രാഷ്ട്രീയമായി അമേരിക്ക എന്നു പൊതുവെ വിവക്ഷിക്കുന്നത് യു.എസ്.എ. എന്നു ചുരുക്കിവിളിക്കുന്ന അമേരിക്കൻ ഐക്യനാടുകളെ ആണല്ലോ. ആ അമേരിക്കയെപ്പറ്റിയാണ് ഇവിടെ ചർച്ച ചെയ്യുന്നത്. അവിടത്തെ ഭരണകൂടത്തിന്റെ നയങ്ങൾ പരക്കെ വിമർശിക്കപ്പെടുമ്പോഴും ആ ജനസമൂഹത്തിന്റെ പൗരബോധം മാതൃകാപരമാണെന്നു ലോകം അംഗീകരിക്കുന്നു.

ഇതിന്റെ അടിത്തറ അമേരിക്കയിൽ നടന്ന സ്വാതന്ത്ര്യസമരവും അടിമത്തത്തിനെതിരെയും പിന്നീട് വർണ്ണവിവേചനത്തിനെതിരെ പൗരാവകാശങ്ങൾക്കായും നടന്ന പ്രസ്ഥാനങ്ങളും പ്രക്ഷോഭങ്ങളും ആണ്. കൂടാതെ, അവിടെ അധിനിവേശം നടത്തിയവരുടെ ജന്മനാടായ യൂറോപ്പിൽ ഉണ്ടായ സാംസ്കാരികനവോത്ഥാനത്തിന്റെയും ജന്മിത്തത്തിൽനിന്നു മൂലധനാധിപത്യത്തിലേക്കു സമൂഹത്തെ പരിവർത്തിപ്പിച്ച യൂറോപ്യൻ വിപ്ലവങ്ങളുടെയും സ്വാധീനവും ഉണ്ട്.

ഈ പ്രക്ഷോഭങ്ങളും വിപ്ലവങ്ങളുമെല്ലാം വലിയതോതിലുള്ള ആശയപ്രചാരണവും ബോധവത്ക്കരണവും വഴി സംഭവിച്ചവയാണ്. മനുഷ്യമനസുകളെത്തന്നെ അടിസ്ഥാനപരമായി പരിവർത്തിപ്പിച്ച ആശയങ്ങളുടെയും സ്വാതന്ത്ര്യബോധത്തിന്റെയും സ്വതന്ത്രചിന്തകളുടെയും ഉരുൾപൊട്ടലായിരുന്നു അവയുടെ കാരണവും ഫലവും. അമേരിക്കയിൽ നടന്നതും നടക്കുന്നതുമായ പ്രക്ഷോഭങ്ങളിൽ സിംഹഭാഗവും അക്രമരഹിതമാണ്. നാലു തരം സമരങ്ങളായി ഇവയെ വേർതിരിക്കാമെന്നു തോന്നുന്നു.

അമേരിക്കയിൽ അധിനിവേശത്തിനായി വന്ന



ബ്രിട്ടിഷുകാർ ക്രമേണ അമേരിക്കക്കാരായി സ്വത്വപ രിണാമം നേടുകയും ബ്രിട്ടിഷ് രാജ്ഞിയുടെ കീഴിൽനിന്നു സ്വതന്ത്രരാ




കാൻ ആഗ്രഹിക്കുകയും ചെയ്തതിനെത്തുടർന്നു നടന്ന സ്വാതന്ത്ര്യസമരങ്ങളാണ് ഒന്ന്. മറ്റൊന്ന് ആഫ്രിക്കയിൽനിന്നു കൊണ്ടുവന്ന് അടിമകളാക്കി ചൂഷണം ചെയ്തിരുന്നവ രുടെ മോചനത്തിനായി നടന്ന പ്രക്ഷോഭമാണ്. ബ്രിട്ടീഷ് അമേ രിക്കക്കാർ അധീശത്വത്തിന്റെ അഹങ്കാരത്തിൽ നഗ രങ്ങളിൽനിന്നു തുരത്തുകയും അകറ്റിനിർത്തുകയും ചെയ്ത അമേരിക്കയിലെതന്നെ തദ്ദേശിയർ വർണ്ണവിവേചനത്തിനെതിരെയും പൗരാവകാശങ്ങൾക്കുമായി നടത്തിയ പ്രക്ഷോഭമാണു മൂന്നാമത്തേത്. പിൽക്കാല സമരങ്ങളെ നാലാമത്തെ വിഭാഗ മായി കാണാം. പൗരസമൂഹം പൊതുവിൽ വിവിധ പ്രശ്നങ്ങളും ആവശ്യങ്ങളും ഉയർത്തിയും ചൂഷണത്തി നെതിരായും നടത്തിവരുന്ന പണിമുടക്കങ്ങളും ഒക്കുപ്പൈ പ്രക്ഷോഭങ്ങളും പോലുള്ള സമരങ്ങളാണ് ഇവ. ഇതിന്റെ ഓ രോന്നിന്റെയും പങ്കാളിത്തസ്വഭാവം വ്യത്യസ്ത മായിരുന്നുവെങ്കിലും അഹിംസാത്മകത പൊതുസ്വഭാവ മായിരുന്നുവെന്നു ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.

പിൽക്കാല അമേരിക്കയുടെ മനസ് യുദ്ധാഭിമുഖ്യമുള്ളതായി മാറാൻ കാരണം ചരിത്രം പഠിപ്പിക്കലിലെ പിഴവാണെന്ന് ഐക്യരാഷ്ട്രസഭയുടെ യൂനിവേഴ്സിറ്റി ഫോർ പീസിലെ പ്രൊഫസറും ലോകപ്രശസ്ത രാഷ്ട്രീയശാസ്ത്രജ്ഞയുമായ മേരി എലിസബത്ത് കിങ് വിലയി രുത്തുകയുണ്ടായി. അമേരിക്കൻ പൗരാവകാശപ്രക്ഷോഭത്തിൽ മാർട്ടിൻ ലൂഥർ കിങ് ജൂനിയറിന്റെ പങ്കാളിയെന്ന നിലയിലും അമേ രിക്കൻ പ്രസിഡന്റായിരുന്ന ജിമ്മി കാർട്ടറുടെ ഉപദേശകയെന്ന നിലയിലും 120ൽപ്പരം രാഷ്ട്ര നേ താക്കളുമായി സമാധാനനയ തന്ത്രകാര്യങ്ങൾ കൈകാര്യം ചെയ്യാൻ അവസരമുണ്ടായ ആളെന്നനിലയിലുമുള്ള അനുഭവസമ്പത്തിന്റെ കൂടി ഉടമയാണവർ. മേരി കിങ് അടുത്തിടെ കേരളത്തിൽ വന്നപ്പോൾ ഒരു അഭിമുഖത്തിനിടെ ഇക്കാര്യം ഉന്നയിക്കാൻ ഈ ലേഖകന് അവസരമുണ്ടായി. അന്ന് അവർ പറഞ്ഞത്, സ്വാതന്ത്ര്യസമരത്തിലെ ഒരു ഘട്ടം മാത്രമാണ് 1776ൽ തുടങ്ങിയ സ്വാതന്ത്ര്യയുദ്ധം എന്നും അതു മാത്രമാണ് ആകെയുണ്ടായ അക്രമസമരം എന്നുമാണ്. എന്നാൽ അതിന് ഒരു കൊല്ലം മുമ്പുതന്നെ അമേരിക്കയിലെ 13 കോളനികളിൽ മൂന്നിൽ രണ്ടും (ഒമ്പതെണ്ണം) അഹിംസാത്മക നിസഹകരണത്തിലൂടെ സ്വാതന്ത്ര്യം നേടിക്കഴിഞ്ഞിരുന്നു. ഇതേപ്പറ്റി യൂറോപ്പിലെയും അമേരിക്കയിലെയും ഒരുകൂട്ടം രാഷ്ട്രീയശാസ്ത്രജ്ഞർ 1986ൽ നടത്തിയ പഠനം, കോളനി കളെല്ലാംതന്നെ രാജ്ഞിയുടെ ഉത്തരവുകളിൽനിന്നു സ്വതന്ത്രമായി പ്രവർത്തിക്കാനും ബ്രിട്ടിഷ് സ്ഥാപനങ്ങളിനിന്നു വേറിട്ടു സ്വയം സൃഷ്ടിച്ച സ്ഥാപനങ്ങളിലൂടെ സേവ നങ്ങൾ പ്രദാനം ചെയ്യാനും സജ്ജമായിരുന്നു എന്നു വ്യക്തമാക്കിയ കാര്യം ഇതൊടൊപ്പം അവർ ചൂണ്ടിക്കാട്ടി. എന്നാൽ ഇതിനു പകരം അമേ രിക്കൻകുട്ടികളെ പഠിപ്പിക്കുന്നത് സ്വാതന്ത്ര്യയുദ്ധത്തെപ്പറ്റിയാണ്. ബോസ്റ്റൺ റ്റീപ്പാർട്ടിയും വാർത്താപത്രങ്ങളുടെ സ്റ്റാമ്പ് ആക്റ്റ് പ്രതിഷേധവുമൊക്കെ കൂട്ടത്തിൽ പഠിപ്പിക്കുന്നുണ്ടെന്നു മാത്രം. പക്ഷേ, സായുധവീ രൃത്താൽ ഉദാത്തീകൃതമായ ഈ ചരിത്രബോധനരീതി ചോദ്യം ചെയ്യപ്പെടാതെ പോകുന്നു. എന്റെ അഭിപ്രായത്തിൽ എട്ടു വർഷം നീണ്ട ഈ സ്വാതന്ത്ര്യയുദ്ധമാണ് ആഗോളസായുധമേധാവിത്വ ത്തിനുള്ള അമേരിക്കയുടെ ത്വരയ്ക്കു കാരണം.മേരി കിങ് വിശദീകരിക്കുന്നു.

രാഷ്ട്രീയശാസ്ത്രജ്ഞരായ എറികാ ചെനോവെത്തും മരിയ സ്റ്റെഫാനും ചേർന്ന് ലോകത്ത് 1900നും 2006നും ഇടയിൽ നടന്ന 323 അക്രമ അഹിംസാസമരങ്ങളെപ്പറ്റി പഠിച്ച് എഴുതിയ സിവിൽ റെസിസ്റ്റൻസ് വർക്സ്: ദ് സ്റ്റ്രാറ്റജിക് ലോജിക് ഓഫ് നോൺവയലന്റ് കോൺഫ്ലിക്റ്റ് എന്ന ഗ്രന്ഥം തെളിയിക്കുന്നത്, അക്രമരഹിതസമരങ്ങൾ ഗറില്ലായുദ്ധത്തെയും സായുധപോ രാട്ടത്തെയുംകാൾ ഇരട്ടി വിജയം കാണുന്നു എന്നാണ്. അഹിംസാമാർഗങ്ങളിൽ മാത്രം ഉറച്ചുനിന്ന സമരങ്ങളുടെ വിജയം അക്രമമാർഗത്തിൽ



നടന്നവയേക്കാൾ നാലിരട്ടിയാണെന്നും പഠനം പറയുന്നു. ഈ പ്രവണത ഇപ്പോൾ വർദ്ധിച്ചുവരികയാണെന്നാണ് ഇവരുടെ വിശകലനം വെളിവാക്കുന്നത്. ആ നിലയ്ക്ക്, അക്രമസമരങ്ങളെയും യുദ്ധങ്ങളെയും യുദ്ധത്തിൽ മരിക്കുന്ന സൈനികരെയും ഉദാത്തീകരിച്ചു ചരിത്രം പഠിപ്പിക്കുന്നതും മാധ്യമങ്ങൾ എഴുതുന്നതുമൊക്കെ ഓരോ സമൂഹത്തിന്റെയും അഹിംസാമനസിനെ ക്രമേണ അക്രമോത്സുകമാക്കുകയും സിവിൽ സമൂഹമെന്ന നിലയിലുള്ള നിലനിൽപ്പ് അപകടത്തിലാക്കുകയും ചെയ്യും.

അമേരിക്കയിലെ 500ൽപ്പരം തദ്ദേശീയവിഭാഗങ്ങളിൽ പാരമ്പര്യമായിത്തന്നെ അഹിംസാത്മകത നിലനിന്നിരുന്നതായി ചരിത്രം പറയുന്നു. ഇവ മിക്കതും ഇന്നും തുടരുകയോ വീണ്ടെടുക്കപ്പെടുകയോ ചെയ്യുന്നു. ആധുനികകാലത്തും തദ്ദേശീയജനതയാണ് സമാധാനപ്രസ്ഥാനങ്ങളുടെ വക്താക്കൾ. ഇവയ്ക്കെല്ലാത്തിനും സുവ്യക്തമായ ബൗദ്ധികാടിത്തറയും ഉണ്ടായിരുന്നു. മഹാത്മാഗാന്ധിക്കുശേഷം അത് ഗാന്ധിയൻ ചിന്തകളിൽ അധിഷ്ഠിതമായി മാറി.

അതേസമയം, ഗാന്ധിജിക്കു പ്രചോദനമായത് അമേരിക്കയിലെ പഴയ ന്ധഅബോളിഷനിസ്റ്റ് പ്രസ്ഥാനമായിരുന്നെന്ന് അമേരിക്കൻ ഗവേഷകയായ ഇറ ചേണസ് അമേരിക്കൻ നോൺവയലൻസ്: ദ് ഹിസ്റ്ററി ഓഫ് ആൻ ഐഡിയ എന്ന ഗ്രന്ഥത്തിൽ പറയുന്നു. അഹിംസാപ്രസ്ഥാനം നിർണ്ണായകപങ്കു വഹിച്ച രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക സംഭവങ്ങൾ ഉണ്ടാകാത്ത ഒരു ദശാബ്ദവും 1820നും 1950നും ഇടയിൽ അമേരിക്കയിൽ ഉണ്ടായിട്ടില്ലെന്നും 1960നു ശേഷമാകട്ടെ, അത്തരമൊരു വർഷം പോലും കടന്നുപോയിട്ടില്ലെന്നും അവർ ആ പുസ്തകത്തിൽ ചൂണ്ടിക്കാട്ടുന്നു.

ഗാന്ധിജി കഴിഞ്ഞാൽ ലോകം മാനിക്കുന്ന അഹിംസാസമരനായകനായ മാർട്ടിൻ ലൂഥർ കിങ് ജൂനിയർ അമേരിക്കക്കാരനാണെന്നതുതന്നെ അമേരിക്കയുടെ ഈ രംഗത്തെ പ്രാമുഖ്യത്തിന്റെ വിളംബരമാണ്. കിങ്ങിനെക്കൂടാതെ ഹെൻറി ഡേവിഡ് തോറോ, വില്യം ലോയ്ഡ് ഗാരിസൺ, എ.ജെ. മസ്റ്റീ, നോർമൻ തോമസ്, എലിസബെത്ത് ക്യാഡി സ്റ്റാന്റൺ,

**കുരിശുയുദ്ധങ്ങളുടെയും മതവിചാരണയുടെയും നിരവധി പീഡനങ്ങളുടെയും പാരമ്പര്യമുള്ള ക്രിസ്തുമതത്തിൽ തന്നെയാണ് പുതിയ കാലത്തെ അമേരിക്കൻ അഹിംസാ പ്രസ്ഥാനത്തിന്റെ വേരുകൾ പലരും കണ്ടെത്തുന്നത് എന്നതു ചരിത്രത്തിലെ യുക്ത്യാഭാസമാണ്**

ലുക്രേഷ്യ മോട്ട്, സൊജോണർ ട്രൂത്ത്, ജയ്ൻ ആഡംസ്, ബാർബറ ഡെമിങ്, ഡൊറോത്തി ഡേ തുടങ്ങി പ്രമുഖരുടെ ഒരു നിരതന്നെയുണ്ട് അമേരിക്കൻ സമാധാനപ്രസ്ഥാനത്തിന്റെ പെരുമ പേറുന്നവരായി.

കുരിശുയുദ്ധങ്ങളുടെയും മതവിചാരണയുടെയും നിരവധി പീഡനങ്ങളുടെയും പാരമ്പര്യമുള്ള ക്രിസ്തുമതത്തിൽത്തന്നെയാണ് പുതിയകാലത്തെ അമേരിക്കൻ അഹിംസാപ്രസ്ഥാനത്തിന്റെ വേരുകൾ പലരും കണ്ടെത്തുന്നത് എന്നതു ചരിത്രത്തിലെ യുക്ത്യാഭാസം. പൗരോഹിത്യത്തിനെതിരെ രൂപം കൊണ്ട അനബാപ്റ്റിസ്റ്റ് പ്രസ്ഥാനത്തിന്റെ ആത്മബലികളിലാണ് ആ വേരുകൾ. ദൈവത്തിനും മനുഷ്യനും ഇടയിൽ ദല്ലാളും അവരുടെ അനുഷ്ഠാനങ്ങളും ആവശ്യമില്ലെന്ന മാർട്ടിൻ ലൂഥറുടെ (സീനിയർ) 1517 ലെ പ്രഖ്യാപനത്തെത്തുടർന്ന് യൂറോപ്പിലും അമേരിക്കയിലും ശക്തിപ്പെട്ട പ്രസ്ഥാനമാണിത്. സംഘടിതമതം തങ്ങളെ കൊന്നുതള്ളിയപ്പോൾ അത് പാപഗ്രസ്തമായ ജീവിതത്തിൽനിന്നുള്ള മോചനമായിക്കണ്ട് ഏറ്റുവാങ്ങിയ അക്കൂട്ടർ എന്തു പ്രകോപനം ഉണ്ടായാലും അഹിംസ കൈവിടില്ല എന്ന നിലപാടുകാരായിരുന്നു.

സാമൂഹിക രാഷ്ട്രീയ കാര്യങ്ങളിൽനിന്നെല്ലാം ഒഴിഞ്ഞുനിന്ന അനബാപ്റ്റിസ്റ്റുകളിൽനിന്നു വ്യത്യസ്തരായിരുന്നു പതിനേഴാം നൂറ്റാണ്ടിൽ രൂപപ്പെട്ട ക്വെയ്ക്കേഴ്സ് പൗരോഹിത്യത്തെയും അനുഷ്ഠാനങ്ങളെയും നിഷേധിച്ച ഇവർ അവ ഒഴിവാക്കി ആത്മനിഷ്ഠമായ ക്രിസ്തുമതം പ്രചരിപ്പിക്കാൻ രാഷ്ട്രീയാധികാരവും സാമൂഹിക സാംസ്കാരിക കൂട്ടായ്മകളും ആവശ്യമാണെന്നു കരുതി. ഇവരാണ് അഹിംസാനിലപാടിന്റെ പിന്നത്തെ പതാകാവാഹകർ. അഹിംസാമനസ് ഇതിൽ മിക്കവരെയും സൈന്യത്തിൽ ചേരുന്നതിലും സൈനികനികുതി അടയ്ക്കുന്നതിലും നിന്നുപോലും സ്വയം വിലക്കി. ദേശവിരുദ്ധരെന്നു മുദ്രകുത്തപ്പെടാൻ ഇത് ഇടയാക്കി. പലരും കൊല്ലപ്പെടുകയും നാടുകടത്തപ്പെടുകയുമൊക്കെ ഉണ്ടായി. റോമൻ കത്തോലിക്കരിലും തദ്ദേശീയരിലും നിന്നുണ്ടായ അക്രമങ്ങൾ അഹിംസകൊണ്ടു വിജയകരമായി പ്രതിരോധിക്കാൻ പലപ്പോഴും ഇവർക്കു കഴിഞ്ഞു.

ഇവരുടെ വിശ്വാസം, മനുഷ്യർ ദൈവത്തിന്റെ മക്കളാണെന്നും അവർ സ്വതന്ത്രരാണെന്നും അവരെ ബാഹ്യമായി ഒരാളും ഒരു സ്ഥാപനവും (പള്ളിയും ഭരണകൂടവുമടക്കം) നിയന്ത്രിക്കാൻ പാടില്ലെന്നുമൊക്കെ ആയിരുന്നു. പതിനെട്ടാം നൂറ്റാണ്ടിലെ അടിമത്തത്തിനെതിരായ പ്രക്ഷോഭം വളരുന്നത് ദുരിതജീവിതം നയിക്കുന്ന അടിമകളോടുള്ള സഹാനുഭൂതിയിൽനിന്ന് ആണെങ്കിലും അതിന്റെയും താത്വികാടിത്തറ ഈ അധികാരവിരുദ്ധചിന്ത ആയിരുന്നു.




അടിമത്തം അവസാനിപ്പിക്കൽ പക്ഷക്കാർ എന്ന അർത്ഥത്തിൽ അബോളിഷനിസ്റ്റുകൾ എന്നാണ് ഈ വിഭാഗം അറിയപ്പെട്ടത്.

ഒന്നാം നവോത്ഥാനകാലം ഇതിന് ആക്കം കൂട്ടി. അമേരിക്കൻ ഐക്യനാടുകൾ സ്വതന്ത്രമായതോടെ സംസ്ഥാനങ്ങൾ ഓരോന്നായി അടിമക്കച്ചവടം അവസാനിപ്പിച്ചു നിയമം നിർമിച്ചു. പലരും അടിമകളെ സ്വമനസാലെ മോചിപ്പിച്ചു. അടിമയുടമകൾ ആയിരുന്ന ജഫേഴ്സണും ഫ്രാങ്ക്ലിനും ഒക്കെയാണ് ശക്തമായ അടിമത്തവിരുദ്ധ നിയമങ്ങൾ ആവിഷ്ക്കരിച്ചത് എന്നതിന്റെ യുക്തിയും ഈ സമാധാന പാരമ്പര്യം തന്നെ. ആന്റി സ്ലേവറി സൊസൈറ്റി, നോൺ റെസിസ്റ്റൻസ് സൊസൈറ്റി തുടങ്ങിയവയൊക്കെ പ്രഖ്യാപിത അഹിംസാസംഘടനകൾ ആയിരുന്നു.

പള്ളിയെ ചോദ്യം ചെയ്ത വിശ്വാസീസമൂഹങ്ങൾ കരുതിയത്, ഓരോ മനസും പാപത്തിൽനിന്നു മുക്തമായി ദൈവത്തിന്റെ നീതിക്കനുസരിച്ചു ജീവിക്കുമ്പോൾ ഭരണകൂടങ്ങൾ ആവശ്യമില്ലെന്നാണ്. ഇതിൽനിന്നുണ്ടായ വ്യക്തിസ്വാതന്ത്ര്യബോധമാണ് അമേരിക്കയിലെ പൗരബോധത്തിന്റെയും അവകാശബോധത്തിന്റെയും ജനാധിപത്യബോധത്തിന്റെയും അടിത്തറയായി മാറിയത്. എല്ലാവരും തുല്യരായി സൃഷ്ടിക്കപ്പെട്ടതിനാൽ ഭരണകൂടം ഭരിക്കപ്പെടുന്നവരുടെ അനുമതിയുള്ളതാകണം എന്ന് അമേരിക്കൻ വിപ്ലവത്തിന്റെ താത്വികനായ ജോൺ ലോക്ക് പ്രഖ്യാപിച്ചതിന്റെ യുക്തിയിലേക്കെല്ലാം ഇതു വികസിച്ചത് കൗതുകമുള്ള ചരിത്രമാണ്. അമേരിക്കയുടെ സ്വാതന്ത്ര്യപ്രഖ്യാപനം പോലും ഉദ്ഘോഷിച്ചത് സൃഷ്ടിക്കപ്പെട്ട എല്ലാ മനുഷ്യരുടെയും സമത്വത്തിന്റെ മഹത്വമാണ്.

ഈ ആശയാടിത്തറയാണു ഭരിക്കപ്പെടുന്നവരുടെ അംഗീകാരമില്ലാത്ത കോളനിവാഴ്ചയെ ചോദ്യം ചെയ്തത്. അങ്ങനെയാണു സ്വാതന്ത്ര്യപ്രക്ഷോഭം രൂപപ്പെട്ടത്. അമേരിക്കയിലെ ബ്രിട്ടിഷ് കോളനികൾ നികുതി പിരിക്കാനുള്ള ബ്രിട്ടന്റെ അധികാരം തള്ളിക്കളഞ്ഞു. പ്രക്ഷോഭം ശക്തിപ്പെടുന്നതിനിടയിലാണ് 1773ൽ ഈസ്റ്റിൻഡ്യാ കമ്പനി നികുതിചുമത്തി ബോസ്റ്റണിൽ എത്തിച്ച ഒരുകപ്പൽ തേയില പ്രക്ഷോഭകർ പിടിച്ചെടുത്തു കടലിലെറിഞ്ഞത്. ബോസ്റ്റൺ റ്റീ പാർട്ടി എന്നറിയപ്പെടുന്ന ഈ സംഭവത്തെത്തുടർന്നു ബ്രിട്ടൻ മസാച്യുസെറ്റ്സിനു മേൽ ശിക്ഷാനിയമം ഏർപ്പെടുത്തി. മറ്റു കോളനികൾ മസാച്യുസെറ്റ്സിനെ പിന്താങ്ങി. കോളനികൾ സ്വതന്ത്രഭരണത്തിനുള്ള പ്രക്രിയകൾ ആരംഭിച്ചു. മസാച്യുസെറ്റ്സ് 1775 ഏപ്രിലിൽ ഏറ്റുമുട്ടലിലൂടെ സ്വതന്ത്രമായി.

എല്ലാ കോളനിയും സ്വതന്ത്രമായതായി 1776ൽ കോണ്ടിനെന്റൽ കോൺഗ്രസ് പ്രഖ്യാപിച്ചു. തുടർന്നാണു യുദ്ധം ആരംഭിക്കുന്നത്. ഒരുവശത്തു ബ്രിട്ടിഷ് സൈന്യവും ബ്രിട്ടിഷ് പക്ഷപാതികളും മറുവശത്ത് സ്വാതന്ത്ര്യവാദികളും അണിനിരന്ന യുദ്ധം ഫ്രാൻസും സ്പെയിനും ഹോളൻഡുമെല്ലാം ദേശീയവാദികൾക്കൊപ്പം അണിനിരന്നതോടെ ആഗോളയുദ്ധം പോലെയായി. ഇത് 1783വരെ നീണ്ടു. അമേരിക്ക സ്വാതന്ത്ര്യം നേടി. പക്ഷേ, കടവും മുരടിപ്പും ദുരിതവും സംഭാവനചെയ്ത ഈ യുദ്ധം കൂടാതെയും സ്വാതന്ത്ര്യം നേടാമായിരുന്നു എന്നാണ് മേരി കിങ് ചൂണ്ടിക്കാട്ടിയത്.

ഈ യുദ്ധത്തിൽ ബ്രിട്ടൻ ജയിച്ചിരുന്നെങ്കിലോ എന്ന ചോദ്യം പലരും ഉയർത്തിയിട്ടുണ്ട്. യുദ്ധങ്ങൾക്ക് എപ്പോഴും പകുതി സാദ്ധ്യത കുറവാണ്. എന്നാൽ അഹിംസാസമരങ്ങൾ വിജയം വരെ തുടരാനുള്ള സാദ്ധ്യതയും ഊർജ്ജവും ഉള്ളതാണെന്ന് ആ പക്ഷം ചൂണ്ടിക്കാട്ടുന്നു.

അമേരിക്കൻ ചരിത്രത്തിലെ മറ്റൊരു രക്തപങ്കിലമായ ഏട് ആഭ്യന്തരയുദ്ധമാണ്. എബ്രഹാം ലിങ്കൺ അടിമവ്യാപാരം നിരോധിച്ച പ്രഖ്യാപനം നടത്തിയത് ഫെഡറൽ അവകാശങ്ങളുടെ ലംഘനമാണെന്ന് ആരോപിച്ച് അടിമത്തം നിലവിലിരുന്ന തെക്കൻ സംസ്ഥാനങ്ങളും ചില പടിഞ്ഞാറൻ സംസ്ഥാനങ്ങളും യു.എസ്.എ.യിൽനിന്നു വിട്ടുമാറി കോൺഫെഡറേറ്റ് സ്റ്റേറ്റ്സ് ഓഫ് അമേരിക്ക പ്രഖ്യാപിച്ചതിനെത്തുടർന്നുണ്ടായ ഈ യുദ്ധത്തിൽ ഏഴരലക്ഷം സൈനികരും എണ്ണമറ്റ ജനങ്ങളും മരിച്ചു.

ഇതിനൊക്കെയിടയിലും ലോകത്തു രൂപപ്പെട്ടുവന്ന പുതിയ ആശയങ്ങൾ അമേരിക്കയുടെ സമാധാനപ്രസ്ഥാനങ്ങൾക്കു വ്യക്തതയും ശക്തിയും പകരുകയായിരുന്നു. അടിസ്ഥാനപരമായ മാറ്റങ്ങൾ സമൂഹത്തിൽ



ഉണ്ടാക്കിയ പ്രക്ഷോഭങ്ങൾ അഹിംസാവഴിയിലൂടെത്തന്നെ നടന്നുകൊണ്ടേയിരുന്നു. വോട്ടവകാശത്തിനായി സ്ത്രീകൾ നടത്തിയ പ്രക്ഷോഭമാണ് ഇതിലൊന്ന്. 1840കളിൽ തുടങ്ങിയ സമരം വിവിധ സംസ്ഥാനങ്ങളിലും 1920ൽ രാജ്യത്താകെയും വോട്ടവകാശം നേടി വിജയിച്ചത് അഹിംസാവഴിയിലാണ്. സുപ്രിം കോടതി പോലും പലകുറി നിഷേധിച്ച ഈ അവകാശം ഭരണഘടനയുടെ 19ാം ഭേദഗതിയിലൂടെ യാഥാർത്ഥ്യമായി. നിരവധി വനിതാനേതാക്കൾ ഉദയം ചെയ്യുകയും സ്ത്രീകളുടെ അവകാശം സംബന്ധിച്ച ആശയങ്ങൾ ശക്തിപ്പെടുകയും ചെയ്തു എന്നതും ഈ സമരത്തിന്റെ നേട്ടമാണ്.

അമേരിക്കൻ സമാധാനസമരച




രിത്രത്തിലെ തിളങ്ങുന്ന അദ്ധ്യായമാണ് 195468 കാലത്തെ പൗരാവകാശപ്രസ്ഥാനം. വർണ്ണവിവേചനത്തിനെതിരായ ഈ സമരം ഗാന്ധിയൻ പാഠങ്ങളിലൂടെ ചിട്ടപ്പെടുത്തപ്പെട്ട ഒന്നായിരുന്നു. ഇതിനായി പലരും ഒറ്റയ്ക്കും സംഘമായും ഇൻഡ്യയിൽ വന്നു ഗാന്ധിജിയുടെ സമരരീതികൾ കണ്ടു പഠിക്കുകയും ഇവിടെനിന്നു വിദഗ്ദ്ധരെ കൊണ്ടുപോയി പരിശീലനം സംഘടിപ്പിക്കുകയും ഒക്കെ ചെയ്തു. ഈ പ്രസ്ഥാനത്തിന്റെ നേതൃത്വത്തിലേക്കുയർന്ന മാർട്ടിൻ ലൂഥർ കിങ് ജൂനിയറാണ് ഗാന്ധിയൻ അഹിംസാസമരങ്ങളുടെ പ്രയോഗരീതികൾ ശാസ്ത്രീയമായി വിശകലനം ചെയ്തതും ലോകമെമ്പാടുമുള്ള പ്രക്ഷോഭകർക്കു സമരങ്ങൾ ആസൂത്രണം ചെയ്യാൻ പാകത്തിൽ വ്യവസ്ഥപ്പെടുത്തിയതും.

മോണ്ട് ഗോമറിയിൽ കറുത്തവർക്കു പ്രത്യേകം ബസ് എന്ന ഏർപ്പാട് അവസാനിപ്പിക്കാൻ ബസുകൾ ബഹിഷ്ക്കരിച്ചതും കറുത്തവർക്കു പ്രത്യേക ഭക്ഷണക്കൗണ്ടറും ക്യാന്റീനും നടത്തുന്നതിനെതിരെ വിദ്യാർഥിനികൾ വെളുത്തവരുടെ കൗണ്ടറുകളിൽ കുത്തിയിരിപ്പുസത്യഗ്രഹം നടത്തിയതും ഉൾപ്പെടെ വൈവിദ്ധ്യമാർന്ന ഒട്ടേറെ ഉജ്ജ്വലസമരങ്ങൾ ഇതിന്റെ ഭാഗമായി നടന്നു. വെളുത്തവരുടെ അടക്കം പങ്കാളിത്തം നേടാൻ കഴിഞ്ഞ ഈ സമരം എല്ലാ പൊതുസ്ഥലത്തെയും വിവേചനം അവസാനിപ്പിക്കുകയും പൗരാവകാശനിയമം (1964), വോട്ടവകാശനിയമം (1965), ഇമിഗ്രേഷൻ ആൻഡ് നാഷണാലിറ്റി സർവീസസ് നിയമം (1965), നീതിപൂർവ്വക ഭവനനിയമം (1968) തുടങ്ങിയവ യാഥാർഥ്യമാക്കുകയും ചെയ്തു.




വിയറ്റ്നാം യുദ്ധത്തിനെതിരെ 1964ൽ തുടങ്ങി ശക്തിപ്പെട്ട പ്രസ്ഥാനമാണ് എടുത്തുപറയേണ്ട മറ്റൊന്ന്. സമരക്കാരെ നേരിടാൻ എത്തിയ സായുധസേനയുടെ തോക്കുകൾക്കു മുന്നിൽ ധീരരായിനിന്നു സൈനികർക്കു റോസാപ്പൂക്കൾ നൽകി പുഞ്ചിരിച്ച സമരക്കാർ ലോകസമാധാനത്തിനു നൽകിയ ഊർജ്ജം ചെറുതല്ല. പീറ്റ് സീഗറെപ്പോലെയുള്ള അദ്വിതീയ കലാകാരർ പാടിയും ആടിയും സമരം പൊലിപ്പിച്ചപ്പോൾ അതു മറ്റൊരു മാതൃകയായി. സമാധാനസമരങ്ങളെ ആഘോഷമാക്കിമാറ്റുന്ന ഈ പാരമ്പര്യം അമേരിക്കൻ അഹിംസാപ്രസ്ഥാത്തിന്റെ സംഭാവനയാണെന്നു തോന്നുന്നു.


ഇതിനുമുമ്പുതന്നെ ആണവയുദ്ധത്തിനെതിരെ ആ സമൂഹം ഉണർന്നു കഴിഞ്ഞിരുന്നു. ഈ ലക്ഷ്യത്തിൽ കമ്മിറ്റി ഫോർ നോൺവയലന്റ് ആക്ഷൻ എന്ന സമിതി 1957ൽ നിലവിൽ വന്നു. ഘസമാധാനത്തിനായുള്ള നടത്തംത്സ പോലെ ശ്രദ്ധേയമായ ഒരുപാടു പ്രചാരണബോധന പരിപാടികൾ ഇവർ കാഴ്ചവച്ചിട്ടുണ്ട്.

ഖനികളിലും തുറമുഖങ്ങളിലും ഫാക്ടറികളിലുമായി നടന്ന, നടക്കുന്ന, എണ്ണമറ്റ പണിമുടക്കങ്ങളും മറ്റു സമരങ്ങളുമൊക്കെ ഈ അഹിംസാധാരയുടെ ഭാഗമാണ്. ഏറ്റവുമൊടുവിൽ, ആഗോളമാന്ദ്യത്തെ തുടർന്ന് അതിനു കാരണക്കാരായ കോർപ്പറേറ്റുകൾക്കും അവരുടെ അഭൂതപൂർവ്വമായ ചൂഷണത്തിനുമെതിരെ, ഞങ്ങൾ 99 ശതമാനക്കാർ എന്ന പേരിൽ സാധാരണക്കാർ സംഘടിച്ചുനടത്തുന്ന ഒക്കുപ്പൈ സമരങ്ങളിൽ എത്തിനില്ക്കുന്നു ആ പാരമ്പര്യം. വാൾ സ്ട്രീറ്റിൽ തുടങ്ങിയ സമരം അതിവേഗം എല്ലാ പ്രധാന അമേരിക്കൻ നഗരങ്ങളിലേക്കും ലോകത്തിന്റെ നാനാഭാഗത്തേക്കും പടർന്നത് അവിശ്വസനീയമായ പ്രതിഭാസമാണ്. 2011 സെപ്റ്റംബറിൽ തുടങ്ങിയ സമരം കോർപ്പറേറ്റ് പത്രങ്ങളുടെ തമസ്ക്കരണവും ആക്രമണവുമെല്ലാം അതിസമർഥമായി അതിജീവിച്ച് ബദലുകൾ ഉണ്ടാക്കി മുന്നേറുകയാണ്. ഗാന്ധിജിയും അദ്ദേഹത്തിന്റെ ഉദ്ധരണികളുമൊക്കെ അവിടത്തെ ബാനറുകളിലും പ്ലക്കാർഡുകളിലും കാണാം.

ഇവയൊക്കെ ഉണ്ടാക്കുന്ന പരിണാമങ്ങൾ നിശ്ശബ്ദവും ദൂരവ്യാപകവും ആയതിനാൽ യുദ്ധത്തിനോ അതിക്രമത്തിനോ കിട്ടുന്ന വാർത്താപ്രാധാന്യം ഇവയ്ക്കു കിട്ടിയില്ലെന്നു വന്നേക്കാം. എന്നാൽ നാളത്തെ സമരവഴി അഹിംസയുടേതാണെന്നും അതിനേ അർ ത്ഥവത്തായ മാറ്റം ഉണ്ടാക്കാൻ കഴിയുകയുള്ളൂവെന്നും അമേരിക്ക നമ്മെ പഠിപ്പിക്കുന്നു. ■



ലേഖനം



# അഹിംസ: ബോംബിനേക്കാൾ വീര്യമുള്ള സമരായുധം

ആയുധമേന്താതെ പൊതുസമൂഹത്തിന്റെ സമ്മതിയും ഉന്നയിക്കപ്പെടുന്ന പ്രശ്നത്തിന്റെ അതിജീവനാഭിനിവേശവും പ്രക്ഷുബ്ധമാക്കുന്നതാണ് പലപ്പോഴും അഹിംസാത്മക സമരമുറകൾ. സാമ്പ്രദായിക രീതികളുടെ അവജ്ഞയും അവഗണനയുമേറ്റ് അന്തസാരശൂന്യമായിത്തീർന്ന സ്വത്വാവബോധത്തിന്റെ അഗ്നിപർവതസ്ഫോടനങ്ങളായിരിക്കും അക്രമരഹിത സമരങ്ങളുടെ രൂപത്തിൽ പിറവികൊണ്ട് അതിന്റെ ജന്മസാഫല്യത്തിൽ എത്തിച്ചേരുന്നത്. മൂർച്ചയുള്ള വാളിനേക്കാൾ, തീയുണ്ടപായിക്കുന്ന തോക്കിൻകുഴലുകളേക്കാൾ അഹിംസ ഇന്നും പ്രസക്തമെന്ന് വാദിക്കുന്നവരുടെ പക്ഷം ചേരുന്ന വസ്തുതകളാണ് നാമിവിടെ തേടുന്നത്. അക്രമരഹിതപ്രതിരോധം, സത്യഗ്രഹം, സമാധാന പ്രതിരോധം എന്നീ സംജ്ഞകളിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇപ്പോഴും മൂർച്ചയുള്ള സമരായുധമായിക്കൊണ്ടിരിക്കുന്നു- അഹിംസ.

മാഞ്ചസ്റ്റർ ഗാർഡിയൻ, ദി ടൈംസ്, ന്യൂയോർക്ക് ടൈംസ് എന്നീ അന്താരാഷ്ട്രപ്രശസ്തമായ പ്രസിദ്ധീകരണങ്ങളിൽ തുടർച്ചയായി സ്ഥാനം പിടിക്കുന്ന ചില വാർത്താശകലങ്ങൾ ഇവിടെ അനാവരണം ചെയ്യട്ടെ. മോണ്ട്ഗോമെറി, അലബാമ എന്നിവടങ്ങളിലെ നീഗ്രോകൾ ഒരു വർഷക്കാലം നീണ്ട ബസ് ബഹിഷ്ക്കരണം അക്രമരഹിതമായി നടത്തി. ഡാനിലോ ഡോൾസി



പ്രദീപ് രാമൻ

## അക്രമരഹിതപ്രതിരോധം, സത്യാഗ്രഹം, സമാധാന പ്രതിരോധം എന്നീ പേരുകളിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മൂർച്ചയുള്ള സമരായുധമായിക്കൊണ്ടിരിക്കുന്ന അഹിംസ എന്ന സിദ്ധാന്തത്തെക്കുറിച്ച്

സിസിലിയന്മാരെ തെരുവിലിറക്കി സമരം ചെയ്ത് അറസ്റ്റിലായി. യഹോവ സാക്ഷികൾ അവരുടെ വിശ്വാസപ്രമാണങ്ങൾക്ക് പിന്തുണയേകി സൈനിക ജോലികൾപോലും ബഹിഷ്ക്കരിച്ചു.

അമേരിക്കൻ അണ്വായുധ പരീക്ഷണങ്ങൾ നിർത്തണമെന്നാവശ്യപ്പെട്ട് സമാധാനപരമായി സമരം ചെയ്യുന്ന ഗോൾഡൻ റൂൾ അനുഭാവികൾ ജയിൽ നിറയ്ക്കൽ സമരത്തിൽ, വെൽഷ് ദേശീയവാദികൾ സ്വയംഭരണത്തിനുവേണ്ടി അഹിംസാത്മക പ്രതിരോധം സൃഷ്ടിക്കുന്നു. യുദ്ധ വിരുദ്ധ പ്രവർത്തകരായ ഫ്രഞ്ച് യുവാക്കളുടെ ജയിലിലെ നിരാഹാരം അഞ്ചാം വർഷത്തിലേക്ക് കടന്നിരിക്കുന്നു. അണ്വായുധ വിരുദ്ധരായ 45 ലണ്ടൻ യുവാക്കൾ അക്രമരഹിതമായി സിവിൽ നിയമലംഘനം നടത്തി ഒരു റോക്കറ്റ് വിക്ഷേപണകേന്ദ്രത്തിലേക്ക് കടന്നുകയറി അറസ്റ്റ് ചെയ്യപ്പെട്ടിരിക്കുന്നു. ബുഡാപെസ്റ്റിലെ സ്ത്രീകൾ ടാങ്കുകൾക്ക് മുന്നിൽ കിടന്നു യുദ്ധത്തെ പ്രതിരോധിക്കുന്നു. ബ്രിട്ടനിൽ നൂറ് കണക്കിന് ജനങ്ങൾ നാല് ദിവസം തുടർച്ചയായി മഞ്ഞും മഴയും വെയിലും സഹിച്ച് അൽഡർമാസ്റ്റൺ അറ്റോമിക് വെപ്പൺസ് എസ്റ്റാബ്ലിഷ്മെന്റിനെതിരെ മാർച്ച് ചെയ്തു. അക്രായിലെ ആൾ ആഫ്രിക്കൻ പീപ്പിൾസ് കോൺഫറൻസ് ആഫ്രിക്കയുടെ മോചനത്തിന് സിവിൽ നിയമലംഘനം ആഹ്വാനം ചെയ്യുന്നു. അഹിംസാസിദ്ധാന്തത്തിന്റെ വ്യത്യസ്ത രീതിശാസ്ത്രങ്ങളും പ്രയോഗവൽക്കരണവും മേൽപ്പറഞ്ഞ ഓരോ സംഭവങ്ങളിലും നിഴലിച്ചു കാണാം. ഇതിൽ നിന്ന് മനസിലാക്കേണ്ടത്, ലോകനാശം വരുത്തുന്ന യുദ്ധങ്ങൾ അവസാനിക്കണമെന്നാഗ്രഹിക്കുന്ന ഓരോ മനുഷ്യനും അക്രമരഹിത മാർഗത്തിലൂടെയുള്ള സാമൂഹിക ചലനങ്ങളാണ് അഭികാമ്യമെന്ന് തിരിച്ചറിയുന്നു എന്നതാണ്. അക്രമത്തിന്റെ ആധുനിക വികാസ സങ്കേതങ്ങളോട് മുഖം തിരിക്കുന്ന നിലപാടാണ് സ്വേച്ഛാധിപത്യത്തോടും അണ്വായുധങ്ങളോടും അവർ ഒരുപോലെ കാട്ടുന്നത്.

### അഹിംസയുടെ രീതിശാസ്ത്രങ്ങൾ

അഹിംസ സമരങ്ങളുടെ ചില വ്യത്യസ്തധാരകളെ



പരിചയപ്പെടാം

### ധാർമികരോഷം

അഹിംസയെന്നാൽ നിസംഗതയും നിഷ്ക്രിയത്വവും അല്ലെന്ന് പ്രഖ്യാപിക്കുന്നതാണ് ധാർമികരോഷം. ഇത് തിന്മകളെ വിട്ടുവീഴ്ചയില്ലാതെ ചെറുത്ത് തോൽപ്പിക്കുവാനുള്ള ഒരു ആർജവമാണ്. അതു പക്ഷേ സമാധാനപരവും ധാർമികവുമായ മാർഗ്ഗത്തെ അവലംബിച്ചായിരിക്കുമെന്ന് മാത്രം. ഈ സമീപനത്തിൽ വ്യക്തിയുടെ ധാർമ്മിക ഉത്തരവാദിത്തമാണ് പ്രധാനം. തിന്മകളുടെ വ്യക്തിപരമായ നിരാസവും അനുപേക്ഷണീയമായ എതിർപ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായുണ്ടാകണം. സംഭാഷണം, എഴുത്ത്, ആഹ്വാനം എന്നീ കൃത്യങ്ങളിലൂടെ ഇത് സാധ്യമാക്കാം.

പാശ്ചാത്യനാടുകളിൽ സാമൂഹികമാറ്റത്തിനുള്ള സമഗ്ര വിശകലനങ്ങളോ വികസന പദ്ധതികളോ കൂടാതെയെങ്കിലും അഹിംസ ഒരു പ്രവൃത്യുൻമുഖ ജ്ഞാനപദ്ധതിയായി വികാസം പ്രാപിച്ചിട്ടുണ്ട്. നിയമനിർമാണം, വിദ്യാഭ്യാസം, അധികാരികളെ സ്വാധീനിക്കുക എന്നീ പ്രക്രിയാപരമായ സങ്കേതങ്ങളാണ് ഇവിടെ ഉപകരണങ്ങളായി വർത്തിക്കുന്നത്. കഴിഞ്ഞ നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലും ഇംഗ്ലണ്ടിൽ ഇതേ രീതിശാസ്ത്രമാണ് പിന്തുടർന്നത്. അദിൻബല്ലോ, വില്യം ഗാരിസൺ എന്നിവർ ഇതിന്റെ അറിയപ്പെടുന്ന വക്താക്കളാണ്. അനവരതം തുടരുന്ന വിശ്വാസയുദ്ധം, അധികാരികളുടെ അനീതികൾക്കെതിരെയുള്ള പ്രതിഷേധം, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവയുടെ സാർവത്രികമായ സംസ്ഥാപനത്തിനുള്ള സന്ധിയില്ലാ സമരം– ഇതാണ് ധാർമികരോഷത്തെ അക്രമരഹിതമായ ഒരു സാമൂഹിക ഇടപെടലായി വളർത്തുന്നത്.



### വരണാത്മക അഹിംസ

പതിവായി അന്തർദേശീയ യുദ്ധങ്ങളിൽ നിന്നും ചില പ്രത്യേക സംഘടിത ആക്രമണങ്ങളിൽ നിന്നും മാറി നിന്നാലും ചില സാഹചര്യങ്ങളിൽ അക്രമമാർഗം തെരഞ്ഞെടുക്കുന്ന രീതിയാണിത്. അന്തർദേശീയതലത്തിൽ സോഷ്യലിസ്റ്റുകൾ യഹോവ സാക്ഷികൾ എന്നിവർ ഇതിന്റെ കാർക്കശ്യമുള്ള പ്രയോക്താക്കളാണ്. അരാജകവാദികൾ, സ്വേച്ഛാധിപത്യ വിരുദ്ധർ, അണ്വായുധ വിരോധികൾ എന്നിവരും ഈ ഗണത്തിൽ വരും.

### അനുത്സുക പ്രതിരോധം

സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക മാറ്റങ്ങൾ സൃഷ്ടിക്കുന്നതിനോ തടസപ്പെടുത്തുന്നതിനോ വേണ്ടി സംഘട്ടനങ്ങളിൽ ഏർപ്പെടാൻ നിർബന്ധിതമാകുന്നതാണ് ഈ രീതി. ഇത് എതിരാളിയുടെ ആക്രമണോത്സുകതയോടുള്ള പ്രതിപ്രവർത്തനം മാത്രമാണ്. ആദ്യപ്രകോപനം എതിർപക്ഷത്തുനിന്നാകുമ്പോൾ മാത്രമേ ഇവിടെ അക്രമത്തിന് സാധ്യത ഉണ്ടാകുന്നുള്ളൂ. ചിലപ്പോൾ കായികമായ ആക്രമണത്തിനും ഈ രീതി ശാസ്ത്രം ഉപയോഗിക്കപ്പെട്ടേക്കാം. എങ്കിലും മിക്കപ്പോഴും ഇവിടെ എതിരാളിയുടെ മനോവീര്യം കെടുത്തുന്ന പീഢനമുറകളാണ് അഭികാമ്യം.പ്രാദേശിക, ദേശീയ, അന്തർദേശീയ തലങ്ങളിൽ ഒട്ടേറെ പ്രക്ഷോഭസമരങ്ങൾക്കും ബഹിഷ്ക്കരണങ്ങൾക്കും നിസഹകരണ പ്രസ്ഥാനങ്ങൾക്കും അസ്തിവാരമിട്ട പ്രതിരോധ തന്ത്രമാണിത്. ആസ്ട്രിയൻ ഭരണത്തിനെതിരായ ഹംഗേറിയൻ സമരവും ബ്രിട്ടീഷ് ഭരണത്തിനെതിരെ നടന്ന ഈജിപ്ഷ്യൻ നിസഹകരണവും സ്കൂളുകൾ കോൺസൻട്രേഷൻ ക്യാമ്പുകളാക്കുന്നതിനെതിരെ ഉണ്ടായ നോർവീജിയൻ അധ്യാപക സമരവുമെല്ലാം ഈ അഹിംസാ തന്ത്രത്തിന്റെ പ്രയോഗശാലകളായിരുന്നു.

### സമാധാനപരമായ പ്രതിരോധം

ഏതെങ്കിലുമൊരു പ്രത്യേക കാര്യത്തിൽ താൽക്കാലികമായെടുക്കുന്ന അഹിംസാത്മക നിലപാടാണിത്.പ്രായോഗിക പരിഗണനകളാണ് ഇവിടെ ഏറെയും വിഷയീഭവിക്കുന്നത്. ആത്യന്തികമായ ശരിയിടങ്ങളിൽ കൂടുതൽ ജനാധിപത്യപരമാവുക എന്നതാണ് ഈ രീതി ശാസ്ത്രത്തിന്റെ നിയാമക തത്ത്വം. നേതൃത്വത്തിന്റെ അഹിംസാത്മക നിലപാട് മൂലം കടുത്ത പ്രകോപനങ്ങൾക്കിടയിലും അക്രമരഹിത സമാധാനമാർഗമായിരിക്കും ഇവിടെ സ്വീകരിക്കപ്പെടുക. സമരങ്ങളിൽ ബോധപൂർവ്വം ഉപയോഗിക്കുന്ന തന്ത്രങ്ങളും അടവുകളും നിർണയിക്കുന്നതിന്റെ മാനദണ്ഡങ്ങളും വ്യത്യാസപ്പെട്ടിരിക്കും. അക്രമരാഹിത്യത്തോടുള്ള ചായ്‌വ് മൂലം സമരങ്ങളിലുണ്ടാകാവുന്ന പ്രകോപനങ്ങളെയും പ്രതിസന്ധികളേയും ഇച്ഛാശക്തി കൊണ്ട് അതിജീവിക്കാനാകും. ദുർബലരുടെ അക്രമരാഹിത്യത്തിനുപകരം ധീരന്മാരുടെ അക്രമരാഹിത്യമാണ് ഈ രീതി ശാസ്ത്രം മുന്നോട്ടുവയ്ക്കുന്നത്.

### പ്രത്യക്ഷ പ്രതിരോധം

പുതിയൊരു സാമൂഹിക- സാമ്പത്തിക- രാഷ്ട്രീയക്രമം സൃഷ്ടിക്കുന്നതിനോ നിലവിലുള്ളതിനെ തകിടം മറിക്കുന്നതിനോ വേണ്ടി അഹിംസാപാതയിൽ നടത്തപ്പെടുന്ന നേരിട്ടുള്ള ഇടപെടൽ. ഇതിൽ ഏർപ്പെടുന്നവരുടെ വിശ്വാസപ്രമാണങ്ങൾക്കനുസരിച്ച് ഇത് വ്യതിരിക്തമായിരിക്കും. ഏതെങ്കിലും പ്രത്യേക ലക്ഷ്യം നേടുന്നതിനുള്ള പ്രായോഗിക പ്രവർത്തനമായിരിക്കും ഇത്. ഇത്തരം ഇടപെടലുകളുടെ ഭാഗമായി വസ്തുതാന്വേഷണം, സമന്വയം, പൊതു അഭ്യർ ത്ഥന, വിഷയം വെളിപ്പെടുത്തൽ എന്നീ രീതികൾ അവലംബിക്കുന്നുണ്ട്. ഇതിനുപുറമെ,നയരൂപീകരണ കർത്താക്കളുമായി പ്രത്യേക ചർച്ചയും നടത്തും സ്വയംനവീകരണമെന്നപോലെ ഇതിന് മുന്നോടിയായി പ്രാർ ത്ഥന, ഉപവാസം തുടങ്ങിയ ഭക്തിമാർഗങ്ങളും അനുഷ്ഠിക്കാറുണ്ട്. കേരളത്തിലെ വൈക്കം സത്യഗ്രഹം, ബ്രിട്ടീഷ് രാജഭരണത്തിൽ നിന്നും ജർമനിയിലെ ഹെലഗോലാൻഡ് പിടിച്ചെടുക്കൽ, അമേരിക്കയിലെ വാൾസ്ട്രീറ്റ് പ്രക്ഷോഭം, വർണവിവേചന വിരുദ്ധ സമരങ്ങൾ എന്നിവയെല്ലാം ഇതിന്റെ ഉത്തമ ദൃഷ്ടാന്തങ്ങളാണ്.

## സത്യഗ്രഹം


ഗാന്ധിജിയുടെ സത്യഗ്രഹം അഹിംസാത്മക മാർഗങ്ങളിൽ അദ്വിതീയമാണ്. സത്യാന്വേഷണമാണ് ഇതിന്റെ അന്തസത്ത. സ്നേഹമസൃണവും ശരിയായ പ്രയോഗവും സത്യമാർഗം തേടുന്നതിന് ഒരു സത്യാഗ്രഹിയുടെ ഊന്നുവടികളായിരിക്കും. സാമൂഹിക തിന്മകളെ നേരിടുന്നതിനും മെച്ചപ്പെട്ട സാമൂഹികക്രമം സ്ഥാപിക്കുന്നതിനും വേണ്ടിയുള്ള ഒരു പ്രവർത്തന പദ്ധതിയായിട്ടാണ് ഗാന്ധി ഇതിനെ വിഭാവനം ചെയ്തത്.

## അക്രമരഹിത വിപ്ലവം

ഇത് അഹിംസയുടെ ഏറ്റവും നൂതനമായ രീതിശാസ്ത്രമാണ്. ഒരു പ്രസ്ഥാനത്തിന്റെ നിയതവും അടിസ്ഥാനവുമായ ആശയ സംഹിതയ്ക്കും പരിപാടിക്കും ഉപരിയായി ചിന്താപദ്ധതിയുടെ വികാസവും പ്രവർത്തനോന്മുഖതയുമാണ് ഇതിന്റെ മുഖമുദ്ര. ഇന്നത്തെ സവിശേഷമായ സാമൂഹിക പ്രശ്നങ്ങൾക്ക് കാരണഭൂതമാകുന്നത് വ്യക്തി ജീവിതമോ സാമൂഹിക ജീവിതമോ നേരിടുന്ന അതിജീവന പ്രതിസന്ധികളായിരിക്കും. ഇതിന്റെ പരിഹാരമായി വ്യക്തിഗതമോ സാമൂഹികമോ ആയ മാറ്റങ്ങളിലൂടെയായിരിക്കും പരിഹാരം. വ്യക്തികൾക്കും അവരുടെ ജീവിതത്തിനുമുണ്ടാകുന്ന പുരോഗതി, ക്രമസമാധാനം, സമത്വം, സഹകരണം, നീതി, സ്വാതന്ത്ര്യം എന്നീ മൂല്യങ്ങളെ അടിസ്ഥാനമാക്കിയായിരിക്കും സമൂഹത്തിന്റെ സുസ്ഥിരമായ നിലനിൽപ്പ്.അക്രമരഹിത വിപ്ലവം ഒരു ജ്ഞാനപദ്ധതിയും പ്രയോഗ ശൈലിയും കൈവരിക്കുന്നത് 1945 കളോടെയാണ്. ഹോങ്കോങ് ആയിരുന്നു ഇതിന്റെ ആദ്യ പരീക്ഷണശാല. ജർമനി, അമേരിക്ക, ഇന്ത്യ, ഇംഗ്ലണ്ട്, ചില അറേബ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളെല്ലാം പിന്നീട് ഇതിന്റെ പ്രയോഗശാലകളായി മാറി. താത്ത്വികവും പ്രായോഗികവുമായ രണ്ട് ഘടകങ്ങൾ ഉൾച്ചേർന്ന് കെട്ടടങ്ങാതെ, കനലെരിയുന്ന സാമൂഹികപ്രശ്നങ്ങളെയായിരിക്കും ഈ രീതിശാസ്ത്രം അഭിസംബോധന ചെയ്യുന്നത്.

അട്ടിമറിയും അക്രമവും ഒഴിച്ചു നിർത്തി ചിന്തിക്കുവാനുള്ള മനുഷ്യന്റെ ശേഷി, അവന്റെ അസ്തിത്വത്തിന്റെ തെളിവാണെങ്കിൽ ആ കഴിവിനെ പരമാവധി സ്വന്തം അസ്തിത്വം ശിഥിലമായിപ്പോകാതെ നിർത്താനുള്ള മനുഷ്യന്റെ കേവലമായ ത്വരയാണ് അഹിംസാ സിദ്ധാന്തത്തിന്റെ വ്യാപകമായ സ്വീകാര്യത സാക്ഷ്യപ്പെടുത്തുന്നത്. ■





ഫീച്ചർ

യുദ്ധത്തിന്റെ പിടിയിലമർന്ന നാടുകളിൽപ്പോലും അഹിംസയെന്ന ഗാന്ധിയൻ തത്വം ഉദിച്ചുയരുന്നു. ഞങ്ങൾക്കു വേണ്ടത് സമാധാനവും സ്വാതന്ത്ര്യവുമാണെന്ന് കുരുന്നുകൾപോലും മുറവിളികൂട്ടുന്നത് അതിന് തെളിവാണ്. മലാല യൂസഫ് സായിലൂടെ, ഫറാബേക്കറിലുടെ, കിംഫുക്കിലുടെ, ആൻഫ്രാങ്കിലൂടെ...

# യുദ്ധഭൂമിയിലെ അഹിംസയുടെ പ്രതീകങ്ങൾ

വംശീയതയും യുദ്ധങ്ങളും അവസാനിക്കുന്നില്ല. അഹിംസയെന്ന ഗാന്ധിയൻ ആശയത്തിനുമീതെ പകവീട്ടലിനും പരാജയപ്പെടുത്തലിനും നടുവിൽ അശാന്തിവിതറി ഊറ്റം കൊള്ളാൻ അത് വെമ്പൽ കൊള്ളുകയാണ്.

ലോകമെങ്ങും ആളിപ്പടരുന്ന സ്ഫുലിംഗമായി യുദ്ധം പല രാജ്യങ്ങളിലും കത്തിനിൽക്കെ ഇന്ത്യ സമാധാനത്തിന്റെ നാടാകുന്നതിന് കാരണം ഈ മണ്ണിൽ പതിഞ്ഞ മഹാത്മജിയുടെ പാദമുദ്രകൾ തന്നെയാണ്.

യുദ്ധവും തക്തച്ചൊരിച്ചിലുമല്ല ജനാധിപത്യവും അഹിംസയുമാണ് നമ്മുടെ അടിത്തറ. ഈ ദർശനങ്ങൾക്ക് സാർവദേശികതലത്തിൽ പിന്തുണ ഏറുകയാണ്. യുദ്ധത്തിന്റെ പിടിയിലമർന്ന നാടുകളിൽപ്പോലും അഹിംസയെന്ന ഗാന്ധിയൻ തത്വം ഉദിച്ചുയരുന്നുണ്ട്. യുദ്ധമല്ല ഞങ്ങൾക്കു വേണ്ടത് സമാധാനവും സ്വാതന്ത്ര്യവുമാണെന്ന് കുരുന്നുകൾപോലും മുറവിളികൂട്ടുന്നത് അതിന് തെളിവാണ്. മലാല യൂസഫ് സായിലൂടെ, ഫറാബേക്കറിലുടെ, കിംഫുക്കിലുടെ, ആൻഫ്രാങ്കിലൂടെ...



ഗാസയിലെ യുദ്ധദൃശ്യം ഇൻസൈറ്റിൽ ഫറാ ബേക്കർ



• അലൻ കുർദി

## ടി. എസ് സതികുമാർ

ലോകത്തെ കണ്ണുനനയിച്ച സിറിയൻ ബാലൻ അലൻ കുർദിയിലൂടെ സമാധാനത്തിനും അഹിംസാമാർഗങ്ങൾക്കും വേണ്ടിയുള്ള മുറവിളിയാണ് ഉയരുന്നത്. ഒക്ടോബർ രണ്ട് ലോക അഹിംസാദിനമായും 2001 മുതൽ 2011 വരെ അഹിംസാദശകമായും ആചരിച്ചുകൊണ്ട് ഐക്യരാഷ്ട്ര സഭയും ആഗോളതലത്തിൽ ഉയർന്ന ഈ വികാരത്തോട് ചേർന്നു നിന്നു.

മലാലയും, ആൻഫ്രാങ്കും, ഫറാ ബേക്കറും ചോരപ്പാടുകളിൽ നിന്നും ഉയർന്നുവന്ന അഹിംസാ പ്രതീകങ്ങളാണ്. 16 ാം വയസിൽ അഡോൾഫ് ഹിറ്റ്ലറുടെ കോൺസൻട്രേഷൻ ക്യാമ്പിൽ ടൈഫസിന് കീഴടങ്ങും മുൻപ് വംശീയതയുടെയും യുദ്ധക്കൊതിയുടെയും നടുവിൽ ഞെരിഞ്ഞമർന്ന നിസഹായരുടെ ദൈന്യതയും നിലവിളിയും ആൻ ഡയറിക്കുറിപ്പുകളിലൂടെ (The Diary of a young girl) കോറിയിട്ടിരിക്കുന്നു.

ഹൃദയശൂന്യമായ വംശഹത്യയുടെ ചരിത്രവും



• മലാല



യുദ്ധമൊഴിയാത്ത ചുറ്റുപാടുകളെക്കുറിച്ചുള്ള ഭീതിയും നിറഞ്ഞതായിരുന്നു ആനിന്റെ ഡയറിക്കുറിപ്പുകൾ. ഒക്കെയും സമാധാനം കാംക്ഷിക്കുന്ന കുരുന്നു മനസിന്റെ വേദനകൾ. അഹിംസ കൈവിട്ടവരുടെ നടുവിൽ നിന്നും അവൾ കുറിച്ചിട്ട വാക്കുകളിൽ ചോരയുടെ നനവുണ്ടായിരുന്നു.

വംശഹത്യയുടെയും അധിനിവേശത്തിന്റെയും ആവർത്തനം പിന്നീട് കണ്ടത് ഇസ്രയേലി ആക്രമണത്തിൽ ചരൽക്കൂമ്പാരമായ ഗാസയിലായിരുന്നു. ലോകം അഹിംസയിലേക്ക് നീങ്ങണമെന്ന് ഓർമിപ്പിക്കാൻ ഒരു പതിനാറുകാരി. പേര് ഫറാ ബേക്കർ. ലോകത്തിന്റെ ഖനീഭവിച്ച കണ്ണുനീരായ ഗാസയിൽ നിന്നും ലൈവ് ട്വീറ്റുകളുമായി ഉദിച്ചുയർന്ന ആശ്ചര്യം. ഇസ്രയേലിന്റെ ബോംബ് വർഷത്തിൽ കുരുന്നുകളുടെ നിലവിളികൊണ്ട് ഭൂമിയും ആകാശവും നിറയുന്നതും ബോംബിന്റെ വിഷപ്പുകയിൽ പക്ഷികളും വൃക്ഷങ്ങളും കത്തിക്കരിയുന്നതുമെല്ലാം അവൾ കുറിച്ചിട്ടു. 800 പേരായിരുന്നു ആദ്യം ഫറയെ ട്വീറ്ററിൽ പിന്തുടർന്നത്. ഇപ്പോഴത് കാറ്റ്സ്റ്റീവൻസനെപ്പോലെയുള്ള മഹാരഥന്മാർ ഉൾപ്പെടെ മൂന്നു ലക്ഷം കവിഞ്ഞിരിക്കുന്നു. അവ



ളുടെ പകലുകളെ അശാന്തമാക്കിയതിന്, രാത്രികളെ ഭീകരമാക്കിയതിന്, ചിന്തകളിൽ രക്തം വിതറിയതിന് മറുപടി നൽകാൻ ഈ ലോകത്തോട് ആവശ്യപ്പെടുന്നു. ലോകത്തിന്റെ എല്ലാ മനുഷ്യരുടേതും ഒരേ ദുഃഖമാണെന്ന തിരിച്ചറിവിൽ അവൾ സൃഷ്ടിപരമായ പരിവർത്തനങ്ങൾ സാധ്യമാക്കാൻ ആഗ്രഹിക്കുന്നു. ഇസ്രേയലി ഉപരോധത്തിന്റെ വീർപ്പുമുട്ടലിൽ ഗാസ ഇന്നും തുറന്ന ജയിലായി തുടരുന്നു. എങ്കിലും യുദ്ധമൊഴിഞ്ഞ സമാധാനത്തിനായി അവിടെ മനുഷ്യർ കാത്തിരിക്കുന്നു. ഫറ അതിലൊരു പ്രതീകം മാത്രമാണ്.

മലാല യൂസഫ് സായ് എന്ന പാക്കിസ്ഥാനി പെൺകുട്ടി ഇന്ന് ലോകത്തിന്റെ നെറുകയിലെ താരമാണ്. സമാധാനത്തിനുള്ള നൊബേൽ സമ്മാനം കരസ്ഥമാക്കിയ ധീര ബാലിക. യുദ്ധത്തിനെതിരെ ആൻ ഫ്രാങ്കിന് ശേഷം ലോകം പരിചയപ്പെട്ട ഈ കൊച്ചു മിടുക്കിയെ ഒൻപതാം ക്ലാസിൽ പഠിക്കുമ്പോൾ താലിബാൻ അക്രമികൾ വെടിവെച്ചു വീഴ്ത്തി. വിദ്യാഭ്യാസം നിഷേധിച്ച പ്രാകൃതമായ വിശ്വാസപ്രമാണങ്ങൾക്കെതിരെ പൊരുതി നിന്നതായിരുന്നു കാരണം. ലോകത്തിന്റെ പ്രാർഥനയിലൂടെ മലാല ജീവിതത്തിലേക്ക് തിരിച്ചെത്തി. ഒടുവിൽ ലോകമെങ്ങുമുള്ള പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി ഇങ്ങനെ എഴുതി:

ക്ലാസ് മുറികളും നഷ്ട ബാല്യവും ഉപയോഗിക്കപ്പെടാതെ പോകുന്ന കഴിവുകളുമുള്ള അവസാനത്തെ തലമുറയാകട്ടെ ഇത്. ഫാക്ടറികളിൽ ബാല്യം കുരുതികൊടുക്കുന്നത് അവസാനിക്കട്ടെ. ഒരു പെൺകുട്ടിയും ശൈശവ വിവാഹത്തിന് നിർബന്ധക്കപ്പെടുന്നത് ഇനി ഉണ്ടാകാതിരിക്കട്ടെ. കുട്ടികൾ യുദ്ധത്തിന്റെ ക്രൂരതയിൽ ബലികഴിക്കുന്നതിന് ഇത് അവസാനമായിരിക്കട്ടെ.

തന്റെ ജീവിതം കൊണ്ട് മഹാത്മഗാന്ധി പകർന്നുവെച്ച അതേ ആശയം. ഓരോ ബാല്യവും നാളെയുടെ രാഷ്ട്രസമ്പത്താണെന്നും അവരുടെ അവകാശങ്ങൾക്കും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനും എന്തു വിട്ടുവീഴ്ചയ്ക്കും തയാറാകണമെന്നുമുള്ള ഗാന്ധിയൻ തത്വ



● ആൻഫ്രാങ്ക്

ത്തിന്റെ പുനർജനി കൂടിയാണ് ഈ അവകാശപ്രഖ്യാപനങ്ങളിലൂടെ ലോകത്തിന് ലഭിക്കുന്നത്.

1972 ൽ ദക്ഷിണവിയറ്റ്നാം സൈന്യം നിർദയം വർഷിച്ചുകൊണ്ടിരുന്ന അമേരിക്കൻ നാപ്പാം ബോംബിൽ നിന്നും രക്ഷപെടാൻ, ബോംബ് വർഷിച്ച തീച്ചൂടിൽ സ്വയം ഉരുകി മരിക്കാതിരിക്കാൻ ഉടുവസ്ത്രം ഊരിയെറിഞ്ഞ് കരഞ്ഞുകൊണ്ടോടിയ ഒൻപതുകാരിയാണ് കിം ഫുക്. വിയറ്റ്നാമിലെ ഈ ദൈന്യമുഖം ലോകം കണ്ടത് നിക്ഉട് (Nick ut) എന്ന യുദ്ധ ഫോട്ടോഗ്രാഫർ പകർത്തിയ ദൃശ്യത്തിലൂടെയായിരുന്നു. ദൃശ്യം പകർത്തിയ ശേഷം കിം ഫുക്കിനെ രക്ഷിച്ച ഫോട്ടോഗ്രാഫർ അവളെ ആശുപത്രിയിലെത്തിച്ചു. ഇന്ന് യുദ്ധക്കെടുതികളെക്കുറിച്ച് ലോകത്തിന് അവബോധം സൃഷ്ടിക്കാനുള്ള സമിതിയിൽ അംഗവും ഗുഡ്‌വിൽ അംബാസിഡറുമാണവർ. കിംഫുക് ലോകത്തോട് പറയുന്നു യുദ്ധമല്ല വേണ്ടത്. നമുക്കു വേണ്ടത് സമാധാനം. എന്റെ മനസിൽ അന്നത്തെ ബോംബ് വർഷം സമ്മാനിച്ചത് ഉണങ്ങാത്ത മുറിവാണ്. ലോകം തമ്മിലടിക്കുമ്പോൾ നഷ്ടപ്പെടുന്നത് മനുഷ്യരുടെ സ്വസ്ഥതയും സമാധാനവുമാണ്.

ഒപ്പമുള്ളവന്റെ നെഞ്ചു തുളച്ചു കയറുന്ന വെടിയുണ്ട കൊലപാതകിയുടെ ഉള്ളിലെ പകയാണ്. അത് ഉത്പാദിപ്പിക്കുന്ന വിഷത്തിൽ ലോകം നടുങ്ങുന്നതിന്



• ഗാസയിലെ യുദ്ധദൃശ്യം



• ബോംബ് വർഷിച്ച തീച്ചൂടിൽ ഉടുവസ്ത്രം ഊരിയെറിഞ്ഞ് കരഞ്ഞുകൊണ്ടോടുന്ന ഒൻപതുകാരി കിം ഫുക്. ഇൻസൈറ്റിൽ കിം ഫുക് ഇപ്പോൾ

കാരണവും ശമിക്കാത്ത പ്രതികാരത്തിന്റെ പ്രതിധ്വനികൾക്ക് ഇങ്ങനെ ചരിത്രത്തിൽ നിരവധി അടയാളപ്പെടുത്തലുകൾ ഉള്ളതുകൊണ്ടാണ്. അതിന് ശമനതാളം ഗാന്ധിയൻ ആദർശമായ അഹിംസയാണ്. ദക്ഷിണാഫ്രിക്കയെന്ന പാഠശാലയിൽ നിന്നും മോഹൻദാസ് കരംചന്ദ് ഗാന്ധി പഠിച്ചെടുത്ത ആ ആശയം ഇന്ന് ലോകത്തിന് വെളിച്ചമാകുന്നതിന് കാരണവും മറ്റൊന്നല്ല.

യുദ്ധത്തിന്റെ കെടുതികൾക്ക് ഏറ്റവും ഇരയാകുന്നത് എന്നും സ്ത്രീകളും കുട്ടികളുമാണ്. ലോകമനസാക്ഷിയുടെ ഉള്ളിൽ തീരാത്ത വേദനയായി നിൽക്കുന്ന അലൻ കുർദിയെന്ന സിറിയൻ ബാലന്റെ രക്തസാക്ഷിത്വം അഹിംസ കൈവിട്ട ജനതയുടെ ചോദ്യചിഹ്നമാണ്. ലോകം ചെയ്ത തെറ്റിന് മാപ്പിരക്കുന്നതുപോലെ കടൽക്കരയിൽ മരിച്ചുപൊന്തിയ ആ മൂന്നു വയസുകാരന്റെ ചിത്രം നനയിക്കാത്ത കണ്ണുകളില്ല. യുദ്ധം കാരണം സിറിയയിൽ നിന്നും യൂറോപ്പിലേക്കുള്ള പലായനത്തിനിടെ ബോട്ടു തകർന്ന് അലൻ കുർദിക്കൊപ്പം മാതാവ് റിഹാനും അഞ്ചുവയസുകാരനായ സഹോദർ ഗാലിബും മുങ്ങിമരിച്ചിരുന്നു. തുർക്കി കടപ്പുറത്ത് അടിഞ്ഞ അലന്റെ ചിത്രം ബ്രിട്ടണിലെ ഇൻഡിപ്പെൻഡന്റ് പത്രമാണ് പുറത്തുവിട്ടത്.

**യുദ്ധത്തിന്റെ കെടുതികൾക്ക് ഏറ്റവും ഇരയാകുന്നത് എന്നും സ്ത്രീകളും കുട്ടികളുമാണ്. ലോകമനസാക്ഷിയുടെ ഉള്ളിൽ തീരാ വേദനയായി നിൽക്കുന്ന അലൻ കുർദിയെന്ന സിറിയൻ ബാലന്റെ രക്തസാക്ഷിത്വം അഹിംസ കൈവിട്ട ജനതയുടെ ചോദ്യചിഹ്നമാണ്. ലോകം ചെയ്ത തെറ്റിന് മാപ്പിരക്കുന്നതുപോലെ കടൽക്കരയിൽ മരിച്ചുപൊന്തിയ ആ മൂന്നു വയസുകാരന്റെ ചിത്രം നനയിക്കാത്ത കണ്ണുകളില്ല**

ആ നിശബ്ദ രോദനം ലോകത്തോട് പറയുന്നത് ഒന്നു മാത്രം. യുദ്ധമല്ല, സമാധാനമായി ജീവിക്കാനുള്ള അവകാശമാണ് ഓരോ കുരുന്നു ജന്മങ്ങളുടെയും സാഫല്യം. യുദ്ധക്കൊതിയന്റെയും വർഗീയവാദികളുടെയും കൈവശമുള്ളത് ആശയമല്ല; ആയുധമാണ്. അഹിംസാവാദിയുടെ കൈയിലുള്ളതാകട്ടെ സമാധാനവും. അതുകൊണ്ട് അലനും മലാലയും കിം ഫുക്കും ഫറാ ബേക്കറും ആൻ ഫ്രാങ്കും ജീവിതം കൊണ്ട് പങ്കുവെക്കുന്നത് വംശീയതയേയും വൈരങ്ങളെയും ശമിപ്പിക്കാൻ യുദ്ധക്കൊതിക്ക് കഴിയില്ല എന്നുതന്നെ. കാരണം ഗാന്ധിജി പറഞ്ഞതുപോലെ എല്ലാ വൈരങ്ങളും വംശീയതയും ഓരേ പന്തിയിലുള്ളവരാണ്.







# ചരിത്രം തിരുത്തിയ തിരിച്ചുവരവ്

1915 ജനുവരി ഒമ്പത്. ഇന്ത്യയുടെ ചരിത്രത്തിന്റെ ഭാഗധേയം നിർണയിച്ച മഹത്തായ ദിനം. അന്നാണ് ഇന്ത്യൻ ദേശീയതയുടെ പൂർണ ഭാഗമായി മാറാൻ മോഹൻ ദാസ് കരം ചന്ദ് ഗാന്ധി എന്ന മഹാത്മജി ഇന്ത്യയിലേക്ക് മടങ്ങിയെത്തിയത്. പിൽക്കാലത്ത് ഇന്ത്യയുടെ രാഷ്ട്രപിതാവായി മാറിയ ആ മഹാരഥൻ ദേശീയതയുടെ സംഘഗാനം പാടി ഇന്ത്യൻ ജനതയെ ഒന്നിപ്പിക്കാൻ ദക്ഷിണാഫ്രിക്കയുടെ തിളയ്ക്കുന്ന മൂശയിൽ പരുവപ്പെട്ട് മാതൃരാജ്യത്തിന്റെ സ്വാതന്ത്ര്യത്തിന് തിരശീലയുയർത്തുന്ന പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടിട്ട് 100 വർഷം.

“ഞാനും മറ്റുള്ളവരും വിപ്ലവ നേതാക്കന്മാരായിരിക്കാം പക്ഷേ ഞങ്ങൾ എല്ലാവരും തന്നെ ഗാന്ധിയുടെ ശിഷ്യന്മാരാണ്. നേരിട്ടോ അല്ലാതെയോ” എന്ന ഹോ ചി മിന്റെ വാക്കുകൾ മാത്രം മതി ഗാന്ധിജി എന്തായിരുന്നുവെന്നും അദ്ദേഹം ലോകത്തിന് എങ്ങിനെയാണ് പ്രകാശം പകർന്നതെന്നും മനസിലാക്കാൻ.

1888–ൽ ലണ്ടനിലെ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിലാണ് ഗാന്ധിജി നിയമം പഠിച്ചത്.1891–ൽ നിയമപഠനം പൂർത്തിയാക്കി ഇന്ത്യയിൽ മടങ്ങിയെത്തിയ ഗാന്ധിജി മുംബയിലെ കോടതിയിൽ അഭിഭാഷക വൃത്തി ആരംഭിച്ചുവെങ്കിലും അതു തുടക്കത്തിലേ അവസാനിപ്പിക്കേണ്ടി വന്നു. പിന്നീട് അദ്ദേഹം വ്യവഹാരക്കാർക്ക് പരാതി എഴുതിക്കൊടുക്കുന്ന ജോലി നോക്കി. എന്നാൽ ജ്യേഷ്ഠന്റെ നിർബന്ധം മൂലം അത് ഉപേക്ഷിച്ചു. ബോംബെയിൽ നിന്നും രാജ്കോട്ടിലേക്ക് പോയ അദ്ദേഹം അവിടെ അധ്യാപകനാകാൻ ശ്രമിച്ചെങ്കിലും നടന്നില്ല.

ആദ്യമായി ദക്ഷിണാഫ്രിക്കയിലേക്ക് പോയത് ദാദാ അബ്ദുള്ള ആന്റ് കമ്പനിയുടെ കേസ് വാദിക്കാൻ അവരുടെ അറ്റോർണി എന്ന നിലയിലായിരുന്നു. കമ്പനിയുടെ കേസ് വാദിക്കുവാനായി അവർ നിയോഗിച്ചിരുന്ന നിരവധി വക്കീലന്മാർക്ക് വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുകയായിരുന്നു മോഹൻദാസിന്റെ ജോലി.

സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ കോളണിയായിരുന്നു അന്ന് ദക്ഷിണാഫ്രിക്ക. അടിമ–ഉടമ എന്ന നിലയിലാണ് ചെന്നിത്തിയ രാജ്യങ്ങളിലെല്ലാം അധീശത്വം സ്ഥാപിച്ച അന്നത്തെ ബ്രിട്ടീഷ് നൃശംസ്യത നിലനിന്നിരുന്നത്. ദക്ഷിണാഫ്രിക്കയിൽ അധികാരം സ്ഥാപിച്ച വെള്ളക്കാർ തദ്ദേശിയർക്കും അവർക്കുമായി രണ്ടു നിയമ വ്യവസ്ഥയുണ്ടാക്കി. കറുത്തവനെ കീഴാളനായി കണ്ടുപോരുന്ന സാമ്രാജ്യത്വ അധിനിവേശത്തിന്റെ തുടിപ്പുകളും തുയിലുണർത്തലുകളും മാത്രമായിരുന്നു അവിചെയുണ്ടായിരുന്നത്. ഇന്ത്യക്കാരനെയും



ഷൈസി കെ.ജോർജ്

## ദക്ഷിണാഫ്രിക്കയിൽ നിന്നുള്ള ഗാന്ധിജിയുടെ മടങ്ങി വരവിന് നൂറ് വയസ്

കറുത്തവനായി കണ്ടിരുന്ന ദക്ഷിണാഫ്രിക്കയിൽ ഗാന്ധിജിക്ക് തന്റെ പ്രവർത്തനങ്ങൾക്ക് ഏറെ തടസങ്ങൾ നേരിടേണ്ടി വന്നു.

ലണ്ടനിലെ നിയമ പഠന കാലത്ത് ഒരു ആംഗ്ലോ ഇന്ത്യൻ കുടുംബത്തിലാണ് അദ്ദേഹം താമസിച്ചത്. അവിടെ വെള്ളക്കാരനെ അനുകരിച്ച് കോട്ടും സ്യൂട്ടുമായിരുന്നു മോഹൻ ദാസിന്റെ വേഷം. ദക്ഷിണാഫ്രിക്കയിലും അതേ വേഷം തന്നെയായിരുന്നു മോഹൻ ദാസ് ധരിച്ചത്. എന്നാൽ വർണവെറിയൻമാർക്ക് കറുത്ത ശരീരത്തോട് എന്നും പുച്ഛമായിരുന്നു. തലപ്പാവ് അണിയാനോ വെള്ളക്കാർ സഞ്ചരിക്കുന്ന റോഡിലൂടെ പോകാനോ തീവണ്ടിയിൽ ഉയർന്ന ക്ലാസുകളിൽ സഞ്ചരിക്കാനോ ഇന്ത്യക്കാർ ഉൾപ്പെടെയുള്ള കറുത്തവർഗക്കാർക്ക് അനുവാദമില്ലായിരുന്നു.ദാദാ അബ്ദുള്ളയുടെ വ്യവഹാരത്തിനായി കോടതിയിലെത്തിയ ഗാന്ധിയോട് ജഡ്ജിയുടെ നിർദേശ പ്രകാരം തലപ്പാവ് അഴിച്ചു മാറ്റാൻ ക്രൂദ്ധനായ വെള്ള പട്ടാളക്കാരൻ ആജ്ഞാപിച്ചതും തീവണ്ടിയിൽ ഉയർന്ന ക്ലാസിൽ ടിക്കറ്റെടുത്ത് യാത്ര ചെയ്ത മോഹദാസിനെ വെള്ളക്കാരായ യാത്രക്കാരുടെ ആവശ്യപ്രകാരം ടിക്കറ്റ് എക്സാമിനറും പോലീസും ചേർന്ന് പ്ലാറ്റ്ഫോറത്തിലേക്ക് ചവിട്ടിവീഴ്ത്തിയതും ഇതേ വർണ വെറിയുടെ അന്ധത മൂലമാണ്.



ദക്ഷിണാഫ്രിക്കൻ അധിനിവേശം നടത്തിയ ഇംഗ്ളീഷുകാർ അവിടത്തെ തോട്ടങ്ങളിൽ അടിമപ്പണിക്കായി ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ നിന്നും തൊഴിലാളികളെ റിക്രൂട്ട് ചെയ്തിരുന്നു. നാട്ടിലെ പട്ടിണി കാരണം ആയിരങ്ങളാണ് ദക്ഷിണാഫ്രിക്കയിലെത്തിയത്. അഞ്ചു വർഷത്തെ കരാർ കാലാവധിയിലെത്തിയ ഇന്ത്യക്കാരിൽ പലരും അവിടെ പിന്നീട് ചെറു കച്ചവടങ്ങളും മറ്റുമായി സ്ഥിരതാമസക്കാരായി മാറി. ഇത്തരത്തിൽ നെറ്റാൾ, കേപ് കോളനി, ട്രാൻസ്വാൾ എന്നിവിടങ്ങളിൽ മാത്രം അരലക്ഷത്തോളം ഇന്ത്യക്കാർ വെള്ളക്കാരുടെ പീഡനങ്ങൾ സഹിച്ച് കഴിയുകയായിരുന്നു.ജോഹന്നാസ്ബർഗിലെത്തിയ മോഹൻദാസിന് കറുത്ത വർഗ്ഗക്കാരനായതിന്റെ പേരിൽ ഹോട്ടൽ പ്രവേശനം പോലും നിഷേധിച്ചു. ദക്ഷിണാഫ്രിക്കയിലെ കറുത്ത വർഗക്കാരുടെയും ഇന്ത്യാക്കാരുടെയുമുൾപ്പെടെയുള്ള ദയനീയ സ്ഥിതി കണ്ട് മോഹൻദാസിന് വേദനിച്ചു.

ദക്ഷിണാഫ്രിക്കയിലെ വർണവെറിക്കെതിരേ മോഹൻദാസ് പ്രതിഷേധിക്കാൻ തുടങ്ങി. വെള്ളക്കാർക്ക് എതിരെ വിരലനക്കാൻ പോലും പേടിച്ചിരുന്ന നാട്ടുകാർക്ക് ഇത് പുതിയ അനുഭവമായിരുന്നു. എന്നാൽ മോഹന്റെ പ്രവർത്തനങ്ങൾ ദക്ഷിണാഫ്രിക്കയിലെ ബ്രിട്ടീഷ് ഭരണകൂടത്തിന് രുചിച്ചിരുന്നില്ല. അദ്ദഹത്തെ രാജ്യത്തു നിന്നും മടക്കിയയ്ക്കാൻ അവർ തക്കം പാർത്തിരുന്നു. അബ്ദുള്ളയുടെ വക്കാലത്ത് ഏറ്റെടുത്തിരുന്ന ഗാന്ധിജി കേസ് കഴിഞ്ഞയുടൻ ഇന്ത്യയ്ക്ക് മടങ്ങാൻ തീരുമാനിച്ചു.

എന്നാൽ ആളുകളുടെ നിർബന്ധം കാരണം കുറച്ചു നാൾകൂടി ദക്ഷിണാഫ്രിക്കയിൽ തുടരാൻ അദ്ദേഹം തീരുമാനിച്ചു. ചരിത്രത്തിന്റെ ചുവരെഴുത്തുകളിൽ മോഹൻ ദാസ് കരം ചന്ദ് ഗാന്ധിയെന്ന പേര് സുവർണ മുദ്രയിൽ പകർത്തപ്പെട്ട തീരുമാനമായിരുന്നുവത്.

ദക്ഷിണാഫ്രിക്കയുടെ കറുത്ത മണ്ണിൽ അവകാശപ്പോരാട്ടങ്ങളുടെ വിളവെടുപ്പായിരുന്നു പിന്നെ. നേതാൽ ഇന്ത്യൻ കോൺഗ്രസിന് മോഹൻദാസ് രൂപം നൽകി. 1894 ഓഗസ്റ്റ് 22-ന് സംഘടനയ്ക്ക് ഒരു ഭരണഘടന തയാറാക്കുകയും ചെയ്തു.(സംഘടനയുടെ



ആദ്യ ജനറൽ സെക്രട്ടറിയായിരുന്ന മോഹൻദാസ് ഇന്ത്യയിൽ മടങ്ങിയെത്തിയ ശേഷവും 20 വർഷത്തോളം അതുമായുള്ള ബന്ധം തുടർന്നു.സംഘടന പിന്നീട് ആഫ്രിക്കൻ നാഷണൽ കോൺഗ്രസുമായും ട്രാൻസ്‌വാൾ ഇന്ത്യൻ കോൺഗ്സുമായി സഖ്യത്തിലാവുകയും ദക്ഷിണാഫ്രിക്കൻ രാഷ്ട്രീയ മുന്നേറ്റത്തിലെ സംഘശക്തിയായി മാറുകയും ചെയ്തു). വർണവിവേചനത്തെ പൊരുതിത്തോൽപ്പിക്കാനും ഇന്ത്യക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കാനും അദ്ദേഹം രൂപംനൽകിയ സംഘടന വിവേചന നിയമങ്ങൾക്കെതിരേ ചരിത്രപരമായ ഏറെ പെറ്റീഷനുകൾ തയാറാക്കി ഇംഗ്ലണ്ടിലെ രാജ്ഞിക്ക് സമർപ്പിച്ചു.

കരാർ കഴിഞ്ഞ തൊഴിലാളികൾ ദക്ഷിണാഫ്രിക്കയിൽ തങ്ങാൻ മൂന്നുപവൻ നികുതി കൊടുക്കണമെന്ന അഫ്രിക്കയിലെ ബ്രിട്ടീഷ് ഭരണകൂട വിധിക്ക് എതിരെ രാജ്ഞിക്ക് നിവേദനം നൽകി. ഇതെല്ലാം അവിടത്തെ കറുത്ത വർഗക്കാരുടെയും ഇന്ത്യക്കാരുടെയും ആത്മാഭിമാനം വളർത്തിയെങ്കിലും ചുരുങ്ങിയ കാലം കൊണ്ട് മോഹൻദാസ്  ദക്ഷിണാഫ്രിക്കയിലെ ഭരണകൂടത്തിന്റെ കണ്ണിലെ കരടായി  മാറി.

ദക്ഷിണാഫ്രിക്കയിൽ നിന്നും ഇന്ത്യയിലെത്തി ഭാര്യ കസ്തൂർബയെയും മക്കളെയും അവിടേക്ക് എത്തിച്ച ഗാന്ധിയെ വെള്ളക്കാർ  ചീമുട്ടയെറിഞ്ഞാണ് സ്വീകരിച്ചത്. ഇത് അദ്ദേഹത്തിന്റെ കുടുംബത്തെ പരിഭ്രാന്തമാക്കിയെങ്കിലും തെല്ലും കുലുക്കമില്ലാതെ മോഹൻദാസ് മുന്നോട്ട് പോയി. ജീവൻ പോലും കൊടുത്ത് ദക്ഷിണാഫ്രിക്കയിലെ സഹോദരൻമാരോട് ഐക്യദാർഢ്യം പ്രഖ്യാപിക്കാൻ തയാറെടുക്കുകയായിരുന്നു മോഹൻദാസ്.  ഇന്ത്യയിൽവച്ച് കോൺഗ്രസ് നേതാക്കളുമായി അദ്ദേഹം ദക്ഷിണാഫ്രിക്കൻ പ്രശ്നം ചർച്ച ചെയ്തതും അവർ അദ്ദേഹത്തിന് പിന്തുണ നൽകിയതും പത്രങ്ങളിൽ വന്നിരുന്നു. ഇത്തരം വാർത്തകൾ വന്നത് മൂലം ദക്ഷിണാഫ്രിക്കൻ ബ്രിട്ടീഷ് ഭരണകൂടം മോഹൻദാസിനോട് ചെറിയ അടുപ്പം കാട്ടിത്തുടങ്ങി.

1901 ൽ ദക്ഷിണാഫ്രിക്കയിൽ നിന്നും അദ്ദേഹം ഇന്ത്യയിൽ രണ്ടാമത് എത്തുന്ന സമയത്ത്



ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സമ്മേളനം കൽക്കട്ടയിൽ നടക്കുകയായിരുന്നു. ദക്ഷിണാഫ്രിക്കൻ പ്രശ്നം ഗാന്ധിതന്നെ നേരിട്ട് സമ്മേളനത്തിൽ പ്രമേയമായി അവതരിപ്പിച്ചു.  തുടർന്ന് ഇന്ത്യൻ കോൺഗ്രസിന് നേതാക്കളുടെ ആശീർവാദത്തോടെയും പൂർണ സഹകരണം ഉറപ്പാക്കിയും മോഹൻദാസ് 1902ൽ വീണ്ടും ദക്ഷിണാഫ്രിക്കയിൽ എത്തി. അവിടെ ഇന്ത്യൻ ഒപ്പിനിയൻ എന്ന പത്രം തുടങ്ങുകയും അതിലൂടെ ഇന്ത്യക്കാരുടെ പ്രശ്നങ്ങൾ ഉയർത്തുകയും ചെയ്തു.

ദക്ഷിണാഫ്രിക്കയിൽ നിന്നും ഇന്ത്യക്കാരെ വേരോടെ നശിപ്പിക്കന്ന ഒരു ഓർഡിനൻസ് (ഏഷ്യാറ്റിക് ലോ –1906)സർക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയതിനെതിരെയായിരുന്നു ഗാന്ധിയുടെ



ആദ്യത്തെ ശക്തമായ പ്രതിഷേധം നടന്നത്. എട്ടുവയസിന് മുകളിലുള്ള കുട്ടികൾ ഉൾപ്പെടെ ട്രാൻസ്‌വാളിൽ താമസിക്കണമെങ്കിൽ പേര് രജിസ്റ്റർ ചെയ്ത് സർട്ടിഫിക്കറ്റ് വാങ്ങണമെന്ന നിയമം നടപ്പിലാക്കാൻ തുടങ്ങിയതോടെ ഗാന്ധി സമരം ശക്തിപ്പെടുത്തി.അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പൊതുയോഗങ്ങളും പ്രകടനങ്ങളും നടന്നു. സത്യാഗ്രഹം എന്ന സമരരീതിയുടെ തുടക്കം ഇവിടെ നിന്നായിരുന്നു. ഓർഡിനൻസിനെതിരെ ഇംഗ്ളണ്ടിലെത്തി ഗാന്ധി നിവേദനം സമർപ്പിച്ചുവെങ്കിലും അത് പിൻവലിച്ചില്ല. തിരിച്ചെത്തിയ ഗാന്ധി വീണ്ടും പ്രതിഷേധപ്രകടനങ്ങൾ സംഘടിപ്പിച്ചു. ഇതോടെ ഗാന്ധിയെയും കൂട്ടരെയും 1908 ജനുവരി 10ന് അറസ്റ്റ് ചെയ്ത് രണ്ടുമാസത്തെ തടവിന് വിധിച്ചു.

ജയിൽമോചിതനായ ഗാന്ധി പുതിയ നിയമത്തിനെതിരെ സത്യാഗ്രഹം ആരംഭിച്ചു. മൂന്നു തവണ ഇതേ വിഷയത്തിൽ അദ്ദേഹം ജയിൽ ശിക്ഷ ഏറ്റുവാങ്ങി. തുടർന്നും സർക്കാരിനെതിരെയുള്ള സമരവും സത്യാഗ്രഹം അദ്ദേഹം ശക്തിപ്പെടുത്തി. തികഞ്ഞ അഹിംസരീതിയിലുള്ള സത്യഗ്രഹവുമായി മുന്നോട്ടുപോയ ഗാന്ധിയും സഹപ്രവർത്തകരും സർക്കാരിനെ പിടിച്ചുലച്ചു. തുടർന്നും അറസ്റ്റ് ചെയ്താൽ അത് പ്രതിഷേധാഗ്നിയാകുമോയെന്ന് സർക്കാർ ഭയപ്പെട്ടു. ഭാര്യ കസ്തൂർബാ ഗാന്ധി ഉൾപ്പെടെയുള്ളവരെ അറസ്റ്റ് ചെയ്തതോടെ നിയമലംഘനം എന്ന അടുത്ത നിലപാടിലേക്ക് മോഹൻദാസും സംഘവും എത്തി. ജാഥ മോഹൻദാസിന്റെ നേതൃത്വത്തിൽ നിയമം ലംഘിച്ച് ട്രാൻസ്‌വാളിൽ പ്രവേശിക്കാനെത്തിയതോടെ ഭരണകൂടം ചർച്ചയ്ക്ക് തയാറായി.

ഇന്ത്യക്കാരുടെ അവശതകൾ പഠിച്ച് റിപ്പോർട്ട് നൽകാൻ മൂന്നംഗകമ്മീഷനെ നിയമിച്ചു.1914 ഫെബ്രുവരിയിൽ കമ്മീഷൻ റിപ്പോർട്ട് നൽകി. അതോടെ ഇന്ത്യക്കാരിൽ ചുമത്തിയിരുന്ന നികുതി നിർത്തലാക്കി. ഇന്ത്യക്കാർക്ക് ദക്ഷിണാഫ്രിക്കയിൽ എവിടെയും സഞ്ചരിക്കുന്നതിനുള്ള അവകാശ സർട്ടിഫിക്കറ്റായി വിരലടയാളമോ സ്ഥിരം സർട്ടിഫിക്കറ്റോ മതിയെന്ന് തീരുമാനിച്ചതോടെ മോഹൻദാസ് സമരംനിർത്തി. ദക്ഷിണാഫ്രിക്കയിലെ ആദ്യസമരം അങ്ങനെ വിജയം വരിച്ചു.

പിൽക്കാലത്ത് തന്റെ രാഷ്ട്രീയ ഗുരുവായ ഗോപാലകൃഷ്ണ ഗോഖലെ ഉൾപ്പെടെയുള്ള നേതാക്കളുടെ ഉപദേശപ്രകാരം അദ്ദേഹം ഇന്ത്യയിലേക്ക് തിരിച്ചു. 1915 ജനുവരി 9ന് അദ്ദേഹം ബോംബെയിലെത്തി. ബോംബെയിൽ നടന്ന സ്വീകരണത്തിൽ ഇന്ത്യൻ രാഷ്ട്രീയത്തിൽ പ്രവേശിക്കാൻ താത്പര്യം വ്യക്തമാക്കിയ മോഹൻദാസിനോട് രാജ്യസഞ്ചാരം നടത്തി ജനങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കിയശേഷം രാഷ്ട്രീയകാര്യങ്ങൾ എന്ന ഗോഖലെയുടെ ഉപദേശം അദ്ദേഹം

**ഇന്ത്യയിൽ മടങ്ങിയെത്തി 30 വർഷത്തോളം സ്വാതന്ത്ര സമരത്തിന്റെ ചക്കിൽ എണ്ണയിട്ട യന്ത്രമായി തിരിഞ്ഞ മോഹൻ ദാസ് എന്ന യുഗപ്രഭാവൻ ഇന്നും രാജ്യത്തിനു വഴി വിളക്കാണ്. സ്വാതന്ത്ര്യ സമരത്തിന്റെ തീച്ചുളയിൽ രാജ്യത്തിന്റെ ശിരസുയർത്താൻ മഹാൻമാരായ പലരും വെവ്വേറേ വഴികൾ സ്വീകരിച്ചിട്ടുണ്ട്. സമരായുധമായി അഹിംസാ മന്ത്രം ഉപയോഗിച്ചത് ഗാന്ധിജിയാണ്**

സ്വീകരിച്ചു. മൂന്നാംക്ളാസ് തീവണ്ടിയിൽ ഇന്ത്യയുടെ പല ഭാഗത്തും സഞ്ചരിച്ച അദ്ദേഹം ജനങ്ങളുടെ പരിതാവാവസ്ഥ കണ്ടു മനസിലാക്കി.

ചൂഷണങ്ങൾക്കും ചൂഷിതർക്കുമെതിരേ മർദ്ദിതന്റെ പടവാളും ചാട്ടവാറുമാകാൻ ഇത് അദ്ദേഹത്തെ പ്രാപ്തനാക്കി. ഗാന്ധിജി ഇന്ത്യയിലെ നിരാലംബരായ കോടിക്കണക്കിന് ജനങ്ങളുടെ പടിവാതിൽക്കൽ വന്ന് നിന്നു അവരിലൊരാളായി അവരുടെ ഭാഷയിൽ അവർക്ക് വേണ്ടി സംസാരിച്ചു. മറ്റാർക്കാണ് അത്രയും ജനങ്ങളെ സ്വന്തം ശരീരവും രക്തവുമായി കണക്കാക്കാൻ പറ്റിയത് എന്നാണ് പിന്നീടുള്ള മോഹൻദാസിന്റെ പ്രവർത്തനങ്ങളെപ്പറ്റി രബീന്ദ്രനാഥ ടാഗോർ പറഞ്ഞത്.

ഇന്ത്യയിൽ മടങ്ങിയെത്തി 30 വർഷത്തോളം ഇന്ത്യൻ സ്വാതന്ത്ര സമരത്തിന്റെ ചക്കിൽ എണ്ണയിട്ട യന്ത്രമായി തിരിഞ്ഞ മോഹൻ ദാസ് എന്ന യുഗപ്രഭാവൻ ഇന്നും രാജ്യത്തിനു വഴി വിളക്കാണ്. സ്വാതന്ത്ര്യ സമരത്തിന്റെ തീച്ചുളയിൽ രാജ്യത്തിന്റെ ശിരസുയർത്താൻ മഹാൻമാരായ പലരും വെവ്വേറേ വഴികൾ സ്വീകരിച്ചിട്ടുണ്ട്. സമരായുധമായി അഹിംസാ മന്ത്രം ഉപയോഗിച്ചത് ഗാന്ധിജിയാണ്.

ഗാന്ധിയിൽ നിന്ന് ഒളിച്ചോടിക്കൊണ്ട് മനുഷ്യരാശിക്ക് പുരോഗമനം സാദ്ധ്യമല്ല. മനുഷ്യരാശി സമാധാനവും സഹവർത്തിത്വവും നിലനിൽക്കുന്ന ഒരു ലോകത്തിലേയ്ക്ക് പരിണാമത്തിലൂടെ ചെന്നെത്തുന്നത് മനസിൽ കണ്ട് അതിൽ നിന്ന് ഊർജ്ജമുൾക്കൊണ്ടുകൊണ്ടാണ് അദ്ദേഹം ജീവിക്കുകയും, ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തത്. അദ്ദേഹത്തെ അവഗണിക്കുന്നത് നമ്മെത്തന്നെയാവും ബാധിക്കുക എന്ന മാർട്ടിൻ ലൂഥർ കിംഗിന്റെ വാക്കുകൾ കൂടി മഹാത്മജി ലോകത്തിന് എന്തായിരുന്നുവെന്ന് വ്യക്തമാക്കി തരുന്നവയാണ്.

ലോകരാഷ്ട്രങ്ങൾ പോലും ഇന്ന് മോഹൻദാസ് കരംചന്ദ് ഗാന്ധിയെന്ന മഹാത്മജിയെ അനുകരിക്കാൻ ശ്രമിക്കുമ്പോൾ ആധുനീക തലമുറയെ ഗാന്ധിയാരെന്ന് മുളയിലേ മനസിലാക്കിക്കൊടുക്കേണ്ട കടമ ഓരോ ഭാരതീയനുമുണ്ട്. ഇന്ത്യയെ സ്നേഹിച്ച്, രാജ്യത്തെ മനസോട് ചേർത്ത് മുന്നോട്ട് നീങ്ങുമ്പോൾ ഗാന്ധിജി ഇന്ത്യയിൽ മടങ്ങിയെത്തിയതിന്റെ 100-ാം വാർഷികവും ഭാരതത്തിന്റെ അഭിമാനാഘോഷമായി മാറും.





തദ്ദേശതെരഞ്ഞെടുപ്പ്

# തദ്ദേശ തെരഞ്ഞെടുപ്പ് പൗരനോട് പറയുന്നത്

സാമ്രാജ്യത്വത്തിനെതിരെ ധർമയുദ്ധം ഇന്ത്യയിൽ മുറുകിവന്ന വേളയിൽ ഗാന്ധിജി 'എന്റെ സ്വപ്നത്തിലെ ഇന്ത്യ' എന്ന തലക്കെട്ടിൽ യംഗ് ഇന്ത്യയിൽ പ്രസിദ്ധീകരിച്ച ലേഖനത്തിൽ സ്വരാജിനെപ്പറ്റി ഇങ്ങനെ പറയുകയുണ്ടായി.

"സ്വരാജ് എന്നതുകൊണ്ട് ഞാൻ അർഥമാക്കുന്നത്, സ്ത്രീയും പുരുഷനും നാട്ടുകാരും കുടിയേറിപ്പാർത്തവനുമുൾപ്പെടെ പണിയെടുത്തു നാടിനെ സേവിച്ചവരും വോട്ടർമാരായി രജിസ്റ്റർ ചെയ്തവരുമായ പ്രായപൂർത്തി വന്ന ഭൂരിപക്ഷം ജനങ്ങളുടെ സമ്മതപ്രകാരമുള്ള ഇന്ത്യയുടെ ഭരണമെന്നാണ്. ഒരു ന്യൂനപക്ഷത്തിന്റെ അധികാര പ്രാപ്തികൊണ്ടു മാത്രം യഥാർഥ സ്വരാജ്യം കൈവരികയില്ല. അധികാരം ദുരുപയോഗപ്പെടുത്തുമ്പോൾ ചെറുത്തു നിൽക്കാനുള്ള ത്രാണി എല്ലാവർക്കുമുണ്ടായാലേ അതു കൈവരൂ. മറ്റൊരുവിധത്തിൽ പറഞ്ഞാൽ അധികാരം വ്യവസ്ഥപ്പെടുത്താനും നിയന്ത്രിക്കാനുമുള്ള കഴിവിനെപ്പറ്റി ബോധം ഉണ്ടാവാനുള്ള ശിക്ഷണം ബഹുജനങ്ങൾക്കു നൽകിയിട്ടാണ് സ്വരാജ് സമ്പാദിക്കേണ്ടത്."

ഒരു സ്വതന്ത്ര ജനാധിപത്യ രാഷ്ട്രത്തിന്റെ പൗരന്മാരെന്ന നിലയിൽ പ്രാദേശിക സർക്കാരുകളെ നിശ്ചയിക്കാൻ കേരള സമൂഹം തയാറെടുക്കുന്ന വേളയിൽ ഓരോ സമ്മതിദായകരും നടത്തേണ്ട സ്വയം വിലയിരുത്തന്നതിനുള്ള ഏറ്റവും പ്രധാന ചോദ്യത്തിന് ആധാരമാക്കാവുന്നതാണ് ഗാന്ധിജി ഒൻപതു ദശകങ്ങൾക്കു മുമ്പ് നമ്മോട് പറഞ്ഞ ഈ ചില്ലിട്ട വാക്കുകൾ. സ്വാതന്ത്ര്യം നേടി 45 വർഷം പിന്നിട്ട ശേഷം 1992 ൽ മാത്രമാണ് ഭരണഘടനയുടെ 73 ാം ഭേദഗതിയിലൂടെ നമുക്ക് പഞ്ചായത്ത് രാജ് എന്ന അലംഘനീയമായ ഭരണസംവിധാനം നിലവിൽ വരുത്താൻ കഴിഞ്ഞത്. ഈ വസ്തുത പരിഗണിച്ചാൽ ഒരു ജനാധിപത്യ സമൂഹത്തിലേക്കുള്ള നമ്മുടെ പരിണാമത്തിന്റെ വേഗത എത്രയാണെന്ന് മനസിലാക്കാൻ കഴിയും.

ഗ്രാമീണതലത്തിലുള്ള വോട്ടർമാരുടെ കൂട്ടായ്മയായ ഗ്രാമസഭയ്ക്ക് ഒരു ഭരണഘടനാ സ്ഥാപനത്തിന്റെ പദവിയാണ് ഇന്ത്യൻ ഭരണഘടനയുടെ 243 ാം അനുഛേദം നൽകിയിട്ടുള്ളത്. എന്നാൽ ഇതു സംബന്ധിച്ച അവബോധം ഭൂരിപക്ഷം സമ്മതിദായർക്കും ഇനിയും ഉണ്ടായിട്ടില്ലെന്ന ദുഃഖസത്യം തിരഞ്ഞെടുപ്പുവേളയിലെങ്കിലും നാം ഓർക്കേണ്ടതുണ്ട്. ഒരു സംസ്ഥാനത്തെ നിയമനിർമാണ സഭയ്ക്ക് സമാനമായ രീതിയിലുള്ള പ്രവർത്തനം നടത്തുന്നതിനുള്ള അധികാരങ്ങളും കർത്തവ്യങ്ങളുമാണ് ഗ്രാമപഞ്ചായത്ത് തലത്തിൽ ഗ്രാമസഭയ്ക്കും ഭരണഘടനയിൽ വ്യവസ്ഥചെയ്തിട്ടുള്ളത്.

അധികാര വികേന്ദ്രീകരണമെന്ന് സമാന്യവത്കരിച്ച് രാഷ്ട്രപിതാവിന്റെ ഗ്രാമസ്വരാജ് സങ്കല്പങ്ങളെ ലളിതവത്കരിച്ചു എന്ന് പരിതപിക്കുമ്പോഴും രജതരേഖകളായി തുടരുന്ന ഇതു സംബന്ധിച്ച അടി



**കെ. സന്തോഷ് കുമാർ**

**ഗ്രാമീണതലത്തിലുള്ള വോട്ടർമാരുടെ കൂട്ടായ്മയായ ഗ്രാമസഭയ്ക്ക് ഒരു ഭരണഘടനാ സ്ഥാപനത്തിന്റെ പദവിയാണ് ഇന്ത്യൻ ഭരണഘടനയുടെ 243 ാം അനുഛേദം നൽകിയിട്ടുള്ളത്. എന്നാൽ ഇതു സംബന്ധിച്ച അവബോധം ഭൂരിപക്ഷം സമ്മതിദായർക്കും ഇനിയും ഉണ്ടായിട്ടില്ലെന്ന ദുഃഖസത്യം തിരഞ്ഞെടുപ്പുവേളയിലെങ്കിലും നാം ഓർക്കേണ്ടതുണ്ട്**

### സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിവരം

| ജില്ല | ഗ്രാമ പഞ്ചായത്ത് | | ബ്ലോക്ക് പഞ്ചായത്ത് | | ജില്ലാ പഞ്ചായത്ത് | | മുനിസിപ്പാലിറ്റി | | മുനിസിപ്പൽ കോർപറേഷൻ | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ആകെ | വാർഡ് | ആകെ | വാർഡ് | ആകെ | വാർഡ് | ആകെ | വാർഡ് | ആകെ | വാർഡ് | ആകെ | വാർഡ് |
| തിരുവനന്തപുരം | 73 | 1299 | 11 | 155 | 1 | 26 | 4 | 147 | 1 | 100 | 90 | 1727 |
| കൊല്ലം | 68 | 1234 | 11 | 152 | 1 | 26 | 4 | 131 | 1 | 55 | 85 | 1598 |
| പത്തനംതിട്ട | 53 | 788 | 8 | 106 | 1 | 16 | 4 | 132 | | | 66 | 1042 |
| ആലപ്പുഴ | 72 | 1169 | 12 | 158 | 1 | 23 | 6 | 215 | | | 91 | 1565 |
| കോട്ടയം | 71 | 1140 | 11 | 146 | 1 | 22 | 6 | 204 | | | 89 | 1512 |
| ഇടുക്കി | 52 | 792 | 8 | 104 | 1 | 16 | 2 | 69 | | | 63 | 981 |
| എറണാകുളം | 82 | 1338 | 14 | 184 | 1 | 27 | 13 | 421 | 1 | 74 | 111 | 2044 |
| തൃശൂർ | 86 | 1465 | 16 | 213 | 1 | 29 | 7 | 274 | 1 | 55 | 111 | 2036 |
| പാലക്കാട് | 88 | 1490 | 13 | 182 | 1 | 30 | 7 | 240 | | | 109 | 1942 |
| മലപ്പുറം | 94 | 1778 | 15 | 221 | 1 | 32 | 12 | 479 | | | 122 | 2510 |
| കോഴിക്കോട് | 70 | 1226 | 12 | 169 | 1 | 27 | 7 | 265 | 1 | 75 | 91 | 1762 |
| വയനാട് | 23 | 413 | 4 | 54 | 1 | 16 | 3 | 99 | | | 31 | 582 |
| കണ്ണൂർ | 71 | 1166 | 11 | 149 | 1 | 24 | 9 | 333 | 1 | 55 | 93 | 1727 |
| കാസർകോട് | 38 | 664 | 6 | 83 | 1 | 17 | 3 | 113 | | | 48 | 877 |
| **ആകെ** | **941** | **15962** | **152** | **2076** | **14** | **331** | **87** | **3122** | **6** | **414** | **1200** | **21905** |

സ്ഥാന പ്രമാണങ്ങൾ നിരവധിയാണ്. സ്വന്തം അവകാശങ്ങളും കടമകളും തിരിച്ചറിയുമ്പോഴെല്ലാം ഭരണകൂടത്തിന്റെ തെറ്റുകൾ തിരുത്താനും തിരുത്തിക്കാനും ഒരു സാധാരണ പൗരനുപോലും ഉപയോഗിക്കാവുന്ന വജ്രായുധങ്ങൾ നമ്മുടെ നിയമവ്യവസ്ഥിലും ലഭ്യമാക്കിയിട്ടുണ്ടെന്ന് ഓർക്കുവാനും ഓർമിപ്പിക്കുവാനും കൂടി നാം ഈ വേളയിൽ ബാധ്യസ്ഥരാണ്.

ഇന്ത്യൻ ഭരണഘടനയുടെ ഒൻപതും പതിനൊന്നും പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും അനുഛേദം 243 ൽ പ്രതിപാദിച്ചിട്ടുള്ളതുമായ പ്രാദേശിക സർക്കാരുകളെപ്പോലെയുള്ള വ്യവസ്ഥകൾ നമ്മുടെ ക്ഷേമ ഐശ്വര്യ സങ്കല്പങ്ങളുടെ ഊടും പാവുമാണ്.

“അർധ പട്ടിണിക്കാരായ ഇന്ത്യയിലെ ജനസാമാന്യം മന്ദം മന്ദം നിർജീവതയിലേക്ക് താഴ്ന്നു എന്നുള്ള വസ്തുത നഗരവാസികളുടെ അറിവിൽപ്പെടുന്നില്ല. വിദേശിയായ ചൂഷകനുവേണ്ടി ചെയ്യുന്ന ദല്ലാൾ പണിയിൽ നിന്നും കിട്ടുന്ന അഭയം കൊണ്ടാണ് നഗരവാസി അനുഭവിക്കുന്ന ദുരിതം പിടിച്ച സുഖസൗകര്യങ്ങൾ ലഭിക്കുന്നതെന്നും അപ്രകാരമുള്ള ലാഭങ്ങളും ദല്ലാൾവട്ടവും സാമാന്യജനതയെ വാട്ടിയെടുക്കുന്നവയാണെന്നും അയാൾ അറിയുന്നില്ല. നിയമപ്രകാരം ബ്രിട്ടീഷ് ഇന്ത്യയിൽ ഒരു ഗവൺമെന്റ് സ്ഥാപിച്ച് നടത്തിവരുന്നതുതന്നെ ഈവിധത്തിൽ പാവങ്ങളെ ചൂഷണം ചെയ്യാനാണെന്ന് അവർ മനസിലാക്കുന്നില്ല. വെറും യുക്ത്യാഭാസങ്ങളോ കണക്കുകളിൽ കാണിക്കുന്ന ജാലവിദ്യകളോ കൊണ്ട്, നഗ്നനേത്രങ്ങൾക്ക് ദൃശ്യമാകുന്ന ഗ്രാമീണ മനുഷ്യാസ്ഥികൂടങ്ങൾ നൽകുന്ന തെളിവുകളെ മാച്ചുകളയുക സാധ്യമല്ല. ദൈവം എന്നൊരാൾ മുകളിൽ ഉണ്ടെങ്കിൽ ചരിത്രത്തിൽ സാമ്യം കണ്ടുപിടിക്കാൻ സാധിക്കാത്തതും മനുഷ്യരാശിയോടു ചെയ്യുന്നതുമായ ഈ പാപകർമത്തിന് ഇംഗ്ലണ്ടും ഇന്ത്യയിലെ നഗരവാസികളും ഉത്തരം പറയേണ്ടിവരുമെന്നുള്ളതിൽ എനിക്ക് സംശയമില്ല.”

ഉരുവിട്ട മേൽ വചനങ്ങൾ ഭരണഘടനയുടെ ഈ വ്യവസ്ഥകളുടെ ആത്മാവായി വർത്തിക്കുന്നവെന്ന് പറയാതെ വയ്യ.

നമ്മുടെ നിയമനിർമാണ സഭകൾ രൂപം നൽകിയിട്ടുള്ള ഉദാത്തമായ ഭരണനിർവഹണ ചട്ടക്കൂടുകൾക്ക് സ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും പ്രതിഛായയാണ് ഭരണഘടനാശില്പികൾ നൽകിയിട്ടുള്ളത്. അതു നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള ചരിത്രപരമായ ചുമതലയാണ് ഓരോ സമ്മതിദായകനും ഇവിടെ നിറവേറ്റാനുള്ളത്. ■

*(സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പബ്ലിക് റിലേഷൻസ് ഓഫീസറാണ് ലേഖകൻ)*

2015 അന്താരാഷ്ട്ര പ്രകാശവർഷമാണ്. "1001 കണ്ടെത്തലുകൾ ഇബ്നുൽ ഹൈത്തമിന്റെ ലോകം" എന്ന മുദ്രാവാക്യമുയർത്തി ആഗോള ജനത പ്രകാശത്തെ ജീവന്റെ ആധാരമാക്കി ഉയർത്തിക്കാട്ടുന്നു. പ്രകാശത്തെയും പ്രകാശാനുബന്ധ സാങ്കേതിക വിദ്യകളെയും കുറിച്ചുള്ള അറിവും അവബോധവും സൃഷ്ടിക്കുകയാണ് യു.എൻ. വാർഷികാചരണത്തിന്റെ ലക്ഷ്യം.

പ്രപഞ്ചവിസ്മയമാണ് പ്രകാശം. അതിന്റെ ഉറവിടമാണ് സൂര്യൻ. ഭൂലോകത്തിന്റെ വികസന സ്രോതസായും ജീവലോകത്തെ വിപ്ലവമായും സൗരോർജവും പ്രകാശവും മാറുമ്പോൾ ഭാവിയിലേക്കുള്ള കരുതലായി ലോകം 2015 നെ അന്താരാഷ്ട്ര പ്രകാശവർഷമായി ആചരിക്കുകയാണ്. മധ്യകാലയുഗത്തിലെ പ്രമുഖ അറബ് ശാസ്ത്രകാരനും പ്രകാശ ശാസ്ത്രത്തിന്റെയും അനുബന്ധ സാങ്കേതികവിദ്യയുടെയും പിതാവുമായ ഹൈത്തമിനെ അനുസ്മരിച്ചാണ് വാർഷികാചരണം. കഴിഞ്ഞുപോയ നൂറ്റാണ്ടുകളുടെ അന്ധകാരാവൃതമായ സാമൂഹിക ജീവിതത്തിന്റെ അടരുകളിലേക്കുള്ള വിജ്ഞാന യാത്ര കൂടിയാണിത്. പ്രകാശത്തിന്റെ കൊള്ളിമീനുകൾ കൊളുത്തിവിട്ട ദാർശനിക സംസ്കാരത്തിന്റെ പിറവിയാണ് പോയകാലം നമ്മോടു പറയുന്നത്. അതുകൊണ്ടുതന്നെ ജലത്തിനൊപ്പം പ്രകാശം കൂടിയാണ് ജീവന്റെ ആധാരം. പ്രകാശമാണ് പ്രപഞ്ചത്തിന്റെ തുടിപ്പും തെളിച്ചവും.

## കിത്താബുൽ മനാളിറിന്റെ ആയിരം വർഷങ്ങൾ

പ്രകാശത്തിന്റെ ആദ്യ ശാസ്ത്രഗ്രന്ഥമാണ് ഇബ്ൻ അൽ ഹൈത്തം എഴുതിയ കിത്താബുൽ മനാളിർ. ആയിരം വർഷം പിന്നിട്ട ഈ കൃതിയുടെ ഓർമക്കുറിപ്പാണ് ലോകത്തിന്റെ ഈ പ്രകാശ വർഷാചരണം. എ.ഡി. 965 ൽ ദക്ഷിണ ഇറാക്കിലെ ബസ്രയിൽ ജനിച്ച ഹൈത്താം കാടുകയറിയ ചിന്തയുടെയും അനുമാനങ്ങളുടെയും ശാസ്ത്രഗവേഷകനായിരുന്നു. വെറും ഊഹങ്ങൾ ശാസ്ത്രമായി കൊണ്ടുനടന്ന കാലത്ത് നിരീക്ഷണവും പരീക്ഷണവും അടിസ്ഥാനമാക്കി നടത്തിയ കണ്ടെത്തലുകളെ സിദ്ധാന്തവത്കരിച്ച് ശാസ്ത്ര കുലത്തിന് തുടക്കമിട്ട പ്രതിഭകൂടിയായിരുന്നു അൽ ഹൈത്തം.

ശാസ്ത്രത്തിനടിസ്ഥാനമായി നിരീക്ഷണവും പരീക്ഷണവുംസംഭാവന ചെയ്ത ഇദ്ദേഹമാണ് ലോകത്തിലെ ആദ്യത്തെ ശാസ്ത്രജ്ഞൻ എന്ന വിശേഷണത്തിന് അർഹനായി അറിയപ്പെടുന്നത്. അൽ ഹസൻ

**പ്രപഞ്ചവിസ്മയമാണ് പ്രകാശം. അതിന്റെ ഉറവിടമാണ് സൂര്യൻ. ഭൂലോകത്തിന്റെ വികസന സ്രോതസായും ജീവലോകത്തെ വിപ്ലവമായും സൗരോർജവും പ്രകാശവും മാറുമ്പോൾ ഭാവിയിലേക്കുള്ള കരുതലായി ലോകം 2015 നെ അന്താരാഷ്ട്ര പ്രകാശവർഷമായി ആചരിക്കുകയാണ്**



മെഹബൂബ് എം.

എന്നും അറിയപ്പെട്ടിരുന്ന ഇദ്ദേഹം അന്ന് നിലവിലുണ്ടായിരുന്ന പരിമിതമായ പരീക്ഷണ സൗകര്യങ്ങളുടെ ഞെരുക്കത്തിൽ പ്രകാശം എന്ന പ്രതിഭാസത്തെ പരീക്ഷിച്ചറിഞ്ഞ് കനപ്പെട്ട രേഖകളാക്കി ലോകത്തിനു നൽകുമ്പോൾ പ്രകാശ പഠന ശാസ്ത്രത്തിന്റെ പിതാവായി മാറു കയായിരുന്നു.

കിത്താബുൽ മനാളിറിന്റെ ആദ്യ വാല്യങ്ങളിൽ കാഴ്ച എന്ന പ്രതിഭാസത്തെയാണ് അനാവരണം ചെയ്യുന്നത്. കണ്ണിൽ നിന്നും പുറപ്പെടുന്ന ഏതാനും രശ്മികൾ ഒന്നിൽ പതിയുമ്പോൾ ആ വസ്തു കാഴ്ചയായ് അനുഭവപ്പെടുന്നുവെന്ന് അരിസ്റ്റോട്ടിൽ മുതൽ പലരുടെയും വിശ്വാസമായിരുന്നു. ആ ഊഹത്തെ നിരാകരിച്ചുകൊണ്ട് ഒരു പുതിയ തത്വം അൽഹൈത്താം ലോ കത്തിനു നൽകി. ഒരു വസ്തുവിൽ തട്ടി പ്രതിഫലിക്കുന്ന പ്രകാശം നമ്മുടെ കണ്ണിലെത്തുമ്പോഴാണ് കാഴ്ച അനുഭവമാകുന്നതെന്ന് പ്രകാശത്തിന്റെ പ്രതിഫല നത്തിലൂടെ അദ്ദേഹം തെളിയിച്ചതോടെ ശാസ്ത്രത്തിന് പുതിയ വെളിച്ച് ലഭ്യമായി.

നിഴലുകളെ കുറിച്ചുള്ള അദ്ദേഹത്തിന്റെ പഠനം സൂ ര്യഗ്രഹണത്തിന്റെയും ചന്ദ്രഗ്രഹണ ത്തിന്റെയും ശാസ്ത്രീയ അടിത്തറകൾ കണ്ടെത്തുന്നതിന് സഹായകമായി. ഉദിച്ചുയരുന്ന ചന്ദ്രബിംബം സാധാരണയിൽ കവിഞ്ഞ വലുപ്പമുള്ളതായി തോന്നുന്നതിന്റെ കാരണ മന്വേഷിച്ചപ്പോൾ അപവർണനം എന്ന പ്രകാശ പ്രതിഭാസത്തെയും മഴവില്ലുണ്ടാകുന്നതിനെ കുറിച്ചുള്ള പഠനം പ്രകീർണനം എന്ന പ്രതിഭാസത്തെയും കണ്ടെത്തുന്നതിന് സാധിച്ചു.

ലെൻസും പ്രിസവും ഉപയോഗിച്ചുള്ള പരീക്ഷണങ്ങൾ ഇബ്ൻ അൽ ഹൈത്താം നടത്തിയിരുന്നു. അവതലദർപ്പണ ത്തിലെ പ്രകാശ പ്രതിഫല നത്തെക്കുറിച്ചും അദ്ദേഹം പഠനം നടത്തി. പ്രകാശ പ്രതിഭാസങ്ങളെ കുറിച്ചുള്ള അദ്ദേഹത്തിന്റെ പഠനങ്ങളെല്ലാം മനാളിറിന്റെ നാലു മുതൽ ഏഴു വരെയുള്ള വാല്യങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്.

ഐസക് ന്യൂട്ടണും ഏഴു നൂറ്റാണ്ടു മുമ്പുതന്നെ ന്യൂട്ടൺ ഉപയോഗിച്ചതുപോലുള്ള ലെൻസും പ്രിസവുമെല്ലാം ഉപയോഗിച്ച് പരീക്ഷണ നിരീക്ഷണങ്ങൾ നടത്തി. പ്രകാശ ശാസ്ത്രത്തെ സംബന്ധിച്ച തെറ്റായ നിഗമനങ്ങൾ തിരുത്തി ശാസ്ത്ര പഠനത്തിന് അടിത്തറയിട്ട ആദ്യത്തെ ശാസ്ത്രജ്ഞനെന്ന ഖ്യാതിയും അൽ ഹൈത്താമിനു തന്നെ സ്വന്തം.

## ജീവിത വഴികൾ

ലാറ്റിൻവത്കരണത്തിൽ അൽഹസൻ എന്നറിയപ്പെട്ടിരുന്ന അബു അലി അൽഹസൻ ഇബ്ൻ അൽ ഹൈതം മാത്തമാറ്റിഷൻ, ഫിസിസ്റ്റ്, ആസ്ട്രോണമർ, കെമിസ്റ്റ്, കോസ്മോളജി ശാസ്ത്രജ്ഞൻ, ഫിലോസഫർ എന്നീ നിലകളിലും തന്റെ സംഭാവനകൾ ലോകത്തിന് സമ്മാനിച്ചു.

അരിസ്റ്റോട്ടിൽ, ഗാലൻ തുടങ്ങിയവ



● ഇബ്ൻ അൽ ഹൈത്താം

രുടെ ചിന്തകളിൽ നിന്നും വ്യത്യസ്തമായി ടോളമിയുടെ ചിന്ത കളെ ശ്രദ്ധിച്ച അദ്ദേഹം രണ്ടാം നൂറ്റാണ്ടിൽ ടോളമി സൂചിപ്പിച്ച പല നിഗമനങ്ങളേയും ശാസ്ത്രീയമായ അടിത്തറകളിൽ യാഥാർഥ്യമാക്കി എന്നതിനാൽ മധ്യകാല യൂറോപ്പ് അദ്ദേഹത്തെ രണ്ടാം ടോളമി എന്ന് വിശേഷിപ്പിച്ചു. യൂക്ലിഡിന്റെ അതിസങ്കീർണ നിഗമനങ്ങളെ തിരുത്തി ശാസ്ത്രത്തിനു പുതുവെളിച്ചം നൽകിയത് ഹൈതം ആയിരുന്നു. അൽ ബസ്വരി എന്നും അദ്ദേഹത്തെ വിളിക്കാറുണ്ട്. 13 ാം നൂറ്റാണ്ടിൽ കിത്താബുൽ മനാളിർ ലാറ്റിനിലേക്ക് മൊഴിമാറ്റം ചെയ്തപ്പോൾ അത് യൂറോപ്പിലെ പണ്ഡിതന്മാരെ വളരെയേറെ സ്വാധീനിച്ചു. റോജർ ബേക്കൺ, കെപ്ളർ, റോബർട്ട് ഗ്രസ്റ്റസ്റ്റ്, ലിയനാർഡോ ഡാവിഞ്ചി, ഗലീലിയോ ഗലീലി, ക്രിസ്റ്റ്യൻ ഹൈജീൻസ് എന്നിവർ അദ്ദേഹത്താൽ സ്വാധീനിക്കപ്പെട്ട ശാസ്ത്ര പടുക്കളാണ്. പടിഞ്ഞാറ് എഴുത്തുതുടങ്ങുന്നതിനും വളരെ മുമ്പേ ഹൈതമിന്റെ ധാരാളം കണ്ടെത്തലുകൾ ശാസ്ത്രലോകത്തിന് നേട്ടമായെത്തിയെന്നായിരുന്നു ഇയാൻ പി. ഹവാൻഡിന്റെ വില യിരുത്തൽ. 1600 ൽ ന്യൂട്ടന്റേതായ ഗുരുത്വാകർഷണനിയമം 600 വർഷം മുമ്പാണ് ഹൈതം അവതരിപ്പിച്ചത്.

ഇരുന്നൂറോളം ശാസ്ത്ര ഗ്രന്ഥങ്ങളുടെ കർത്താവാണ് ഇബ്ൻ അൽ ഹൈതം. 13 ാം നൂറ്റാണ്ടിൽ ലാറ്റിനിലേക്ക് മൊഴിമാറ്റിയ ബുക്ക് ഓഫ് ഒപ്റ്റിക്സിന്റെ പ്രിന്റിംഗ് 1572 ൽ ഫെഡ്രിച്ച് റിസ്നർ ആണ് നിർവഹിച്ചത്. നൂറോളം ഗ്രന്ഥങ്ങളാണ് ഇതുവരെ ശേഖ രിക്കപ്പെട്ടിട്ടുള്ളത്. ജ്യോമട്രിക് വിഷയത്തിലുള്ള അദ്ദേഹത്തിന്റെ കൃതി 1834 ൽ ഇ.എ. സെഡില്ലോട്ട് കണ്ടെത്തി പാരിസിലെ നാഷണൽ ബിബ്ലിയോത്തിക് ലൈബ്രറിയിലും വിവിധ വിഷയങ്ങളിൽ കണ്ടെത്തിയ 18 പൂർണ കയ്യെഴുത്തു പ്രതികൾ ഓക്സ്ഫോർഡിലെ ബോഡ് ലിയൻ ലൈബ്രറിയിലും സൂക്ഷിച്ചിരിക്കുന്നു. പുരാതന ചൈനക്കാർ കണ്ടെത്തി യൂറോപ്പ്, അഫ്രിക്ക, മധ്യപൂർവ രാജ്യങ്ങൾ, ഇന്ത്യ എന്നിവിടങ്ങളിൽ ഉപയോഗിച്ചിരുന്ന ക്യാമറ ഒബ്സ്ക്യുറ അരിസ്റ്റോട്ടിൽ നിയമത്തിൽ നിന്നും പുതുക്കിപ്പണിത് ലോ കത്തിനു നല്കിയതും പ്രകാശം നേർരേഖയിൽ സഞ്ചരിക്കുന്നുവെന്ന് ആദ്യമായി കണ്ടെത്തിയതും ഹൈതമാണ്. സൈക്കോളജിയുടെ പ്രധാന ശാഖയുടെ സ്ഥാപ കനായും അറിയപ്പെടുന്നത് ഇബ്ൻ അൽ ഹൈതമാണ്.

ഹൈത്തമിന്റെ പ്രപഞ്ച ശാസ്ത്ര വിജ്ഞാനത്തിലുള്ള മികവിന്റെ പ്രതീകമായി ചന്ദ്രനിലെ ഒരു കേറ്ററിന് അഹവമലി എന്നും ആസ്ട്രോയിഡ് എന്ന ഛിന്നഗ്രഹ ത്തിന് 59239 എന്നും പേര് നൽ കി. 2003 ൽ പുറത്തിറങ്ങിയ 10,000 ഇറാഖി ദിനാർ നോട്ടുകളിലും 1982 മുതലുള്ള 10 ഇറാഖി ദിനാർ നോട്ടു കളിലും അൽഹസന്റെ ചിത്രമുണ്ട്.

കാഴ്ചവ്യവസ്ഥ, പ്രതിബിംബം, ബൈനോക്കുലറിന്റെ പ്രവർത്തനം ഗണിതശാസ്ത്രം, കോസ്മോളജി (പ്രപഞ്ചശാസ്ത്ര പഠനം), മെട്രോളജി എന്നിവയ്ക്ക് ലോകം ഇബ്ൻ അൽ ഹൈതമിനോട് കടപ്പെട്ടിരിക്കുന്നു. ■

**അനുദിനം മത്സരമേറുന്ന ഉന്നത വിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും വഴികാട്ടിയായി പുതിയ പംക്തി തുടങ്ങുന്നു. കൈകാര്യം ചെയ്യുന്നത് മുൻ പ്രവേശന പരീക്ഷ ജോയിന്റ് കമ്മിഷണർ**

ഡോ. എസ്. രാജുകൃഷ്ണൻ

കരിയർ ഗൈഡ്

# തയാറാകാം എൻട്രൻസ് പരീക്ഷകൾക്ക്



**വിദ്യാർഥി ജീവിതത്തിൽ ഒഴിച്ചുകൂടാൻ കഴിയാത്ത ഘടകമാണ് ഇന്ന് പ്രവേശന പരീക്ഷകൾ. ഒരു കോഴ്സിലേക്ക് ഏറ്റവും അനുയോജ്യരായ വിദ്യാർഥികളെ കണ്ടെത്തുന്ന പ്രക്രിയയാണിത്. സ്കൂൾ, കോളേജ്, സർവകലാശാല തലങ്ങളിൽ പ്രവേശനത്തിനായി പരീക്ഷകൾ നടത്താറുണ്ട്. പ്ലസ് ടു തലത്തിലെ വിദ്യാർഥികൾക്കായുള്ള ചില പ്രധാന പ്രവേശന പരീക്ഷകൾ ഇതാ.**

പ്രവേശന പരീക്ഷകളെക്കുറിച്ച് ചിന്തിക്കുമ്പോൾ പൊതുവെ മനസിൽ ഓടിയെത്തുന്നത് എൻജിനീയറിങ്, മെഡിക്കൽ പ്രവേശന പരീക്ഷകളാണ്. കേരളത്തിൽ പ്രവേശന പരീക്ഷാ കമ്മിഷണർ നടത്തുന്ന അലോട്ട്മെന്റ് പ്രക്രിയയിൽ പങ്കെടുക്കാൻ കേരളത്തിലെ എൻജിനിയറിങ് പ്രവേശന പരീക്ഷയാണ് വിദ്യാർഥികൾ അഭിമുഖീകരിക്കേണ്ടത്. പ്രസ്ടു സിലബസിന്റെ അടിസ്ഥാനത്തിൽ തയാറാക്കിയ പ്രത്യേക സിലബസാണ് പ്രവേശന പരീക്ഷയ്ക്കുള്ളത്.

അത് പ്രവേശന പരീക്ഷാ കമ്മിഷണറുടെ വെബ്സൈറ്റിൽ ഉള്ള പ്രോസ്പെക്ടസിൽ ലഭ്യമാക്കിയിട്ടുണ്ട്. പരീക്ഷയ്ക്ക് രണ്ടു പേപ്പറുകളാണുള്ളത്. പേപ്പർ ഒന്ന് – ഫിസിക്സ്, കെമിസ്ട്രി. പേപ്പർ രണ്ട് – മാത്തമാറ്റിക്സ്. ഓരോന്നിലും 120 ചോദ്യങ്ങളുണ്ടാകും. ഒന്നാം പേപ്പറിൽ ഫിസിക്സിൽ നിന്നും 72 ഉം കെമിസ്ട്രിയിൽ നിന്നും 48 ചോദ്യങ്ങൾ. ചോദ്യങ്ങൾ എല്ലാം ഒബ്ജക്ടീവ് മാതൃകയിലുള്ളതാണ്. ഓരോ ചോദ്യത്തിനും നേരെ അഞ്ച് ഉത്ത





രങ്ങൾ നൽകിയിരിക്കും. അവയിൽ നിന്നും ഏറ്റവും അനുയോജ്യമായ ഉത്തരം തെരഞ്ഞെടുത്ത് ഓപ്റ്റിക്കൽ മാർക്ക് റീഡർ (ഒ.എം.ആർ.) ഉത്തരക്കടലാസിൽ ബന്ധപ്പെട്ട വൃത്തം കറുപ്പിച്ചാണ് ഉത്തരം രേഖപ്പെടുത്തേണ്ടത്. ഓരോ ശരിയുത്തരത്തിനും നാല് മാർക്ക് ലഭിക്കും. ഉത്തരം തെറ്റുന്നപക്ഷം ഒരു മാർക്ക് നഷ്ടമാകും. ഓരോ പേപ്പറിലും 10 മാർക്കെങ്കിലും ലഭിച്ചാൽ മാത്രമേ റാങ്കിങ്ങിനായി പരിഗണിക്കപ്പെടുകയുള്ളൂ. പട്ടികവിഭാഗക്കാർക്ക് ഈ വ്യവസ്ഥയില്ല.

കേരളത്തിലെ എൻജിനീയറിങ് പ്രവേശനത്തിന് റാങ്ക് പട്ടിക തയാറാക്കുമ്പോൾ എൻജിനിയറിങ് പ്രവേശന പരീക്ഷയിൽ ലഭിക്കുന്ന മാർക്കിന് 50 ശതമാനം വെയ്റ്റേജാണ് ലഭിക്കുക. ബാക്കി 50 ശതമാനം വെയ്റ്റേജ് യോഗ്യതാ പരീക്ഷയുടെ രണ്ടാം വർഷ പരീക്ഷയ്ക്ക് ലഭിക്കുന്ന, ഫിസിക്സ്, മാത്തമാറ്റിക്സ്, കെമിസ്ട്രി എന്നിവയിലെ മാർക്കിനാണ്. വിവിധ ബോർഡുകളിൽ കൂടി വരുന്ന വിദ്യാർഥികൾ പ്രവേശനം തേടുന്നതിനാൽ പ്ലസ്ടു തല പരീക്ഷയിലെ മാർക്ക് ഏകീകരിച്ചായിരിക്കും വെയ്റ്റേജിന് പരിഗണിക്കുക. കെമിസ്ട്രി പഠിക്കാത്തവരുടെ കാര്യത്തിൽ കംപ്യൂട്ടർ സയൻസിന്റെയും ഇതു രണ്ടും പഠിച്ചിട്ടില്ലെങ്കിൽ ബയോടെക്നോളജിയുടെയും ഇവ മൂന്നും പഠിക്കാത്തവരുടെ കാര്യത്തിൽ ബയോളജിയിലെയും മാർക്കായിരിക്കും മൂന്നാമതായി പരിഗണിക്കുക. എൻജിനീയറിങ് കോഴ്സ് പ്രവേശനത്തിന് പ്ലസ്ടു തലത്തിൽ നിശ്ചിത വിഷയങ്ങൾ പഠിച്ച്, നിശ്ചിത ശതമാനം മാർക്കു നേടിയിരിക്കണമെന്ന വ്യവസ്ഥയും നിലവിലുണ്ട്. പ്ലസ്ടു തലത്തിൽ മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി/ കംപ്യൂട്ടർ സയൻസ് / ബയോടെക്നോളജി / ബയോളജി എന്നീ വിഷയങ്ങൾ പഠിച്ചിരിക്കണം. മാത്തമാറ്റിക്സിന് 50 ശതമാനം മാർക്കു വേണം. മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി എന്നീ മൂന്നു വിഷയങ്ങൾക്കും കൂടി 50 ശതമാനം മാർക്ക് ഉണ്ടായിരിക്കണം. സാമൂഹികവും വിദ്യാഭ്യാസപരവുമായി പിന്നാക്കം നിൽക്കുന്ന വിഭാഗക്കാർക്ക് യോഗ്യതാ മാർക്കിൽ അഞ്ചു ശതമാനം ഇളവു ലഭിക്കും. (മാത്തമാറ്റിക്സ് - 45 ശതമാനം, മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി എന്നിവയ്ക്ക് മൊത്തത്തിൽ 45 ശതമാനം). പട്ടികജാതി, പട്ടികവർഗ വിഭാഗക്കാർ യോഗ്യതാപരീക്ഷ ജയിച്ചിരിക്കണമെന്നതാണ് വ്യവസ്ഥ.

കേരളത്തിലെ സർക്കാർ-എയ്ഡഡ് എൻജിനിയറിങ് കോളേജുകൾ, കേരള കാർഷിക സർവകലാശാല, വെറ്ററിനിറി സർവകലാശാല എന്നിവിടങ്ങളിലെ ബി.ടെക് സീറ്റുകൾ, സർക്കാർ നിയന്ത്രണത്തിലും സർവകലാശാലാ നിയന്ത്രണത്തിലുള്ള സ്വാശ്രയ എൻജിനീയറിങ് കോളേജുകളിലെ സർക്കാ സീറ്റുകൾ എന്നിവയ്ക്കാണ് പ്രവേശന പരീക്ഷാ കമ്മിഷണറുടെ അലോട്ട്മെന്റിൽ ഉൾപ്പെടുന്നത്. സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ടാണ് ഈ കോളേജുകളിലേക്ക് അലോട്ട്മെന്റ് നടത്തുന്നത്. ഓരോ വർഷവും പുറത്തിറക്കുന്ന പ്രോസ്പെക്ടസിലെ വ്യവസ്ഥകൾ പ്രകാരമാണ്. അതതു വർഷത്തെ പ്രവേശന നടപടികൾ മുന്നോട്ടു പോകുന്നത്. വെബ്സൈറ്റ് വിലാസം www.cee-kerala.org

ദിനാചരണം



മനോരോഗബാധിതർക്ക് തലയുയർത്തി മറ്റുള്ളവരോടൊപ്പം ജോലി ചെയ്തു ജീവിക്കാനുള്ള സാഹചര്യമുണ്ടാകേണ്ടത് ആവശ്യമാണ്. നമ്മുടെ സഹോദരങ്ങളായിക്കണ്ട് അവരുടെ വേദനകൾ മനസിലാക്കി, സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്താനുള്ള മനോഭാവം വളർന്നുവരേണ്ട ആവശ്യകത ഓർമിപ്പിച്ചാണ് ഈ വർഷത്തെ ലോകമാനസികാരോഗ്യദിനം കടന്നുപോകുന്നത്

ലോകമാനസിക ആരോഗ്യദിനം
ഒക്ടോബർ 10

# അന്തസോടെ മാനസികാരോഗ്യം

മറ്റേത് ശാരീരിക രോഗത്തേയും പോലെ മനോരോഗങ്ങളും അരംഭത്തിൽ ചികിത്സിക്കേണ്ടത് അവശ്യമാണ്

ഡോ. അരുൺ ബി. നായർ




2015ലെ ലോകമാനസികാരോഗ്യത്തിന്റെ സന്ദേശം 'മാനസികാരോഗ്യം അന്തസോടെ' എന്നതാണ്. മാനസികരോഗം ബാധിച്ച വ്യക്തികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും നേരെ നമ്മുടെ സമൂഹം സ്വീകരിക്കുന്ന ചില സമീപനങ്ങളെക്കുറിച്ച് നമ്മെ ഇരുത്തി ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന ഒരു വിഷയമാണിത്. മനോരോഗമെന്നാൽ ഒരു മാറാരോഗമാണെന്നും അത് ചികിത്സിച്ചു ഭേദപ്പെടുത്താൻ സാധിക്കില്ലെന്നുമുള്ള തെറ്റിദ്ധാരണയാണ് പരിഷ്കൃതസമൂഹത്തിലുള്ള ചിലർ പോലും വെച്ചുപുലർത്തിവരുന്നത്! മനോരാഗം ബാധിച്ചയാളെ ജോലിക്കെടുക്കാൻ വിസമ്മതിക്കുന്ന തൊഴിലുടമകൾ പോലുമുണ്ട്.


മനോരോഗം എന്ന പേരിലറിയപ്പെടുന്നത് നൂറിലേറെ രോഗങ്ങളാണെന്ന് ലോകോരാഗ്യസംഘടനയുടെ അന്താരാഷ്ട്ര രോഗനിർണയ വർഗീകരണ സംഹിത പറയുന്നു. നിസാരമായൊരു ഉറക്കക്കുറവ് മുതൽ മറവി രോഗം വരെ മനോരോഗങ്ങളുടെ പട്ടികയിൽപ്പെടുന്നു. പൂർണമായും ഭേദപ്പെടുത്താവുന്ന രോഗങ്ങൾ മുതൽ ദീർഘകാലം മരുന്നു കഴിക്കേണ്ട രോഗങ്ങൾ വരെയുണ്ട്. ചില രോഗങ്ങളിലെങ്കിലും ചികിത്സയോടൊപ്പം പുനരധിവാസപ്രവർത്തനങ്ങൾ നടത്തേണ്ടതും അത്യാവശ്യമായി വരും. ഇത്തരം അവസരങ്ങളിലൊക്കെ രോഗിയുടെ ചുറ്റുമുള്ള സമൂഹവാസികളുടെ സമീപനം ഏറെ പ്രാധാന്യമർഹിക്കുന്നു. രോഗിക്ക് ഒരു കൈത്താങ്ങ് നൽകി ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ ശ്രമിക്കുകയെന്നത് അയാളുടെ ബന്ധുക്കളുടെയും പരിചയക്കാരുടെയുമൊക്കെ ഉത്തരവാദിത്വമാണ്.

കാൽ നൂറ്റാണ്ടു മുമ്പ് കേരളത്തിലെ തെരുവോരങ്ങളിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന ധാരാളം മനോരോഗികളെ കാണാൻ കഴിഞ്ഞിരുന്നു. എന്നാൽ മനോരോഗചികിത്സാരംഗത്തെ പുരോഗതിയും മാനസികാരോഗ്യ നിയമവും മൂലം ഈ അവസ്ഥയിൽ കാര്യമായ മാറ്റം വന്നുകഴിഞ്ഞു. എങ്കിലും ചികിത്സ നിഷേധിക്കപ്പെട്ടോ അജ്ഞത മൂലമോ രോഗത്തിന്റെ ദുരിതവും പേറി നിരവധി പേർ വീടുകളിലും പുനരധിവാസകേന്ദ്രങ്ങളിലുമായി തുടരുന്നു. കേരള സമൂഹത്തിൽ നിലനിൽക്കുന്ന അന്ധവിശ്വാസങ്ങളാണ് ചികിത്സയ്ക്ക് പ്രധാന വിലങ്ങുതടിയായി മാറുന്നത്. മനോരോഗങ്ങൾ പ്രേതബാധമൂലമാണുണ്ടാകുന്നതെന്നു വിശ്വസിക്കുന്നവർ ഇപ്പോഴും നമ്മുടെ നാട്ടിലുണ്ടെന്നത് ലജ്ജാവഹമായൊരു സത്യമാണ്! മനോരോഗലക്ഷണങ്ങൾ പ്രദർശിപ്പിക്കുന്നവരെ പിടിച്ചുകെട്ടി മന്ത്രവാദികളുടെയടുത്ത് എത്തിക്കുകയും അവരുടെ ഇടപെടൽ മൂലം രോഗികൾ കൊല്ലപ്പെടുകയും ചെയ്യപ്പെട്ട അവസ്ഥകൾ ഇപ്പോഴും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്.

മറ്റേത് ശാരീരിക രോഗത്തേയും പോലെ മനോരോഗങ്ങളും അരംഭത്തിൽത്തന്നെ ചികിത്സിക്കേണ്ടത് അവശ്യമാണ്. മനോരോഗങ്ങൾ ചികിത്സിക്കാതെയിരുന്നാൽ കാലക്രമേണ മസ്തിഷ്ക്കത്തിന്റെ ഉന്നത ധർമങ്ങളായ ബുദ്ധി, ഓർമശക്തി, ആസൂത്രണശേഷി, ഏകാന്തത, വിശകലനപാടവം എന്നിവയൊക്കെ പൂർണമായി നഷ്ടപ്പെടുന്ന അവസ്ഥ സംജാതമാകാം. എന്നാൽ തുടക്കത്തിൽ തന്നെ ചികിത്സിച്ചാൽ നല്ലൊരു ശതമാനം മാനസിക രോഗങ്ങളും പൂർണമായും ഭേദപ്പെടുത്താൻ സാധിക്കും.

മനോരോഗികളോട് അയിത്തം കല്പിക്കുന്ന സമൂഹത്തിന്റെ നിലപാടും പ്രശ്നങ്ങൾക്കു കാരണമാകുന്നുണ്ട്. ആരെങ്കിലും കണ്ടാൽ എന്തു വിചാരിക്കും എന്നുകരുതി മനോരോഗ വിദഗ്ധനെ കാണാൻ മടിക്കുന്ന ചിലരെങ്കിലും ഇന്നും കേരളത്തിലുണ്ട്. ഇതുമൂലം ആരംഭത്തിൽ ലഘു ചികിത്സകൊണ്ട് ഭേദമാക്കാവുന്ന പല പ്രശ്നങ്ങളും പിന്നീട് വളരെ വഷളായിക്കഴിഞ്ഞാണ് ഡോക്ടറുടെ അടുത്തെത്തുന്നത്. മനോരോഗം വന്നവരുടെ വിവാഹക്കാര്യത്തിലും ചില പ്രശ്നങ്ങൾ വരാറുണ്ട്. മരുന്ന് കഴിക്കുന്ന കാര്യം പറഞ്ഞാൽ കല്യാണാലോചന മുടങ്ങിപ്പോകുമെന്നു കരുതി രോഗവിവരം വെളിപ്പെടുത്താതെ വിവാഹത്തിന് ഒരുങ്ങുന്നവർ പ്രശ്നം ക്ഷണിച്ചു വരുത്തുകയാണ്. പലപ്പോഴും വിവാഹശേഷം പൊടുന്നനെ മരുന്ന് മുടങ്ങുന്നതിനാൽ ദിവസങ്ങൾക്കകം രോഗലക്ഷണങ്ങൾ പ്രകടമാകുന്നതുമൂലം പല വിവാഹബന്ധങ്ങളും തകർന്നു പോയിട്ടുണ്ട്. രോഗത്തെക്കുറിച്ചും ചികിത്സയെക്കുറിച്ചും രോഗിയുടെ ജീവിതപങ്കാളിക്ക് അറിവുണ്ടാകുന്നത് രോഗിയെ നന്നായി പരിചരിക്കാൻ സഹായകമായതുകൊണ്ടുതന്നെ, രോഗവിവരം വെളിപ്പെടുത്തുന്നത് ആവശ്യമാണ്. എന്നാൽ മാറാരോഗങ്ങളായും രോഗികളെ അപകടകാരികളായും കരുതുന്ന സമൂഹത്തിന്റെ വികലമായ കാഴ്ചപ്പാടാണ് പലപ്പോഴും പ്രശ്നമാകുന്നത്.

മനോരോഗബാധിതർക്ക് അന്തസായി തലയുയർത്തി നിന്ന് മറ്റുള്ളവരോടൊപ്പം ജോലി ചെയ്തു ജീവിക്കാനുള്ള സാഹചര്യമുണ്ടാകേണ്ടത് ആവശ്യമാണ്. മനോരോഗബാധിതരെ, നമ്മുടെ സഹോദരങ്ങളായിക്കണ്ട്, അവരുടെ വേദനകൾ മനസിലാക്കി, അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്താൻ സഹായിക്കുന്ന ഒരു മനോഭാവം സമൂഹത്തിൽ, വളർന്നുവരേണ്ട ആവശ്യകത നമ്മെ ഓർമിപ്പിച്ചാണ് ഈ വർഷത്തെ ലോകമാനസികാരോഗ്യദിനം കടന്നുപോകുന്നത്. ■







ടെക്നോളജി

# ഇന്റർനെററ് പ്രോട്ടോക്കോൾ ഉയരുന്നു, ആറാം പതിപ്പിന്റെ കാഹളം

**അതിവേഗ സേവനങ്ങളുടെ വാതായനം തുറന്ന് ഇന്റർനെറ്റ് പ്രോട്ടോക്കോളിന്റെ ആറാം പതിപ്പ് വരുന്നു. അനന്തമായ ഐ.പി. അഡ്രസുകൾ ഉൾക്കൊള്ളുന്ന ഐ.പി.വി.6 ന്റെ വിശേഷങ്ങളിലൂടെ**

ഇന്ത്യ ഇന്റർനെറ്റ് പ്രോട്ടോക്കോളിന്റെ ആറാം പതിപ്പിലേക്ക് (IPv6) കുടിയേറാനൊരുങ്ങുകയാണ്. നിലവിൽ ഉപയോഗിച്ചുവരുന്ന നാലാം പതിപ്പിന്റെ പോരായ്മകൾ പരിഹരിക്കാനാണ് വേഗത്തിലുള്ള ഈ മാറ്റം.

അതിവേഗം വളരുകയാണ് വിവരസാങ്കേതികവിദ്യ. ഈ സാഹചര്യത്തിൽ ഉയരുന്ന ഒരു പ്രശ്നം ഐപി വിലാസത്തിന്റെ ശോഷണമാണ്. രാജ്യത്ത് 120 കോടി ജനങ്ങൾക്കായി 185 ലക്ഷം ഐപി അഡ്രസുകളാണുള്ളത്. സൈബർയുഗത്തിൽ ഇന്റർനെറ്റ് അടിസ്ഥാനമായ സങ്കേതങ്ങളെ ആശ്രയിച്ചാണ് സർവമേഖലകളിലെയും വികസനപദ്ധതികൾ ആവിഷ്ക്കരിക്കപ്പെടുന്നതും നടപ്പിലാക്കപ്പെടുന്നതും. ഇന്റർനെറ്റ് സേവനങ്ങളും, നെറ്റ്‌വർക്കുകളും, പുതുപുത്തൻ ആപ്ലിക്കേഷനുകളും പുതുതായി വന്നുകൊണ്ടേയിരിക്കുന്നു. അതിനനുസരിച്ച് ഐപി അഡ്രസുകൾക്കുള്ള ഡിമാൻഡും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ബ്രോഡ്ബാൻഡ്, 2ജി, 3 ജി, 4ജി എന്നിങ്ങനെയുള്ള സേവനങ്ങൾക്കായി ഐപി അഡ്രസുകൾ കൂടുതൽ ആവശ്യമായി വരുന്നത് ടെലികമ്മ്യൂണിക്കേഷൻ മേഖലയിലാണെന്നതും ശ്രദ്ധേയമാണ്. ഈ രംഗത്ത് പിന്നോക്കം പോവുകയെന്നാൽ വികസനത്തെ പിന്നോട്ടടിക്കുന്നതിന് തുല്യവും. ഈ സാഹചര്യത്തിലാണ് ദേശീയ ഐപിവി6 വിന്യാസ മാതൃകയിൽ (National IPv6 deployment roadmap) എല്ലാ കേന്ദ്ര-സംസ്ഥാനസർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും ഐപിവി6 സർവ്വീസ് ഉപയോഗിക്കാൻ തീരുമാനമായി. സ്റ്റേറ്റ് ഡാറ്റാ സെന്ററുകളും (SDC)കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്കും (KSWAN) മറ്റുമായി മികച്ച ഇന്റർനെറ്റ് കമ്മ്യൂണിക്കേഷൻ ഇൻഫ്രസ്ട്രകചറാണ് കേരളത്തിലുള്ളത്. 1 ജിബിപിഎസ് കണക്ടിവിറ്റി പ്രദാനം ചെയ്യുന്ന നാഷണൽ നോളഡ്ജ് നെറ്റ്‌വർക്ക്,നാഷണൽ ഒപ്റ്റിക്കൽ ഫൈബർ നെറ്റ്‌വർക്ക് (NOFN)എന്നിവയാണ് മറ്റ് സേവനദാതാക്കൾ.സംസ്ഥാനത്തെ പ്രധാനപ്പെട്ട എല്ലാ സർക്കാർ ഓഫീസുകളെയും, കളക്ടറേറ്റുകൾ, ബ്ലോക്ക് ആസ്ഥാനങ്ങൾ, ഇ-ഗവേണൻസ് കൈകാര്യം ചെയ്യുന്ന രണ്ട് ഡേറ്റാസെന്ററുകൾ, സർക്കാർ വെബ്സൈറ്റുകൾ എന്നിവയെ തമ്മിൽ ബന്ധിപ്പിക്കുന്നത് കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് ആണ്. 3336 ഓഫീസുകളാണ് KSWANനിലൂടെ ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ ഐപിഎഫ് 6 ലേക്ക് മാറേണ്ടത് കേരളത്തിനെ സംബന്ധിച്ചിടത്തോളം





അത്യാവശ്യമാണ്.


### എന്താണ് ഐപിവി6?

ഇന്റർനെറ്റ് എന്ന വിവര കൈമാറ്റത്തിന്റെ അദൃശ്യ അന്താരാഷ്ട്രവലയുടെ ഭാഗമായി പ്രാദേശികവും ദേശീയവും അന്തർദ്ദേശീയവുമായ എണ്ണമറ്റ കമ്പ്യൂട്ടർ ശൃംഖലകളുണ്ടെന്ന് നമുക്കറിയാം. ഈ ശൃംഖലകളിലെ ഓരോ കമ്പ്യൂട്ടറിനെയും തിരിച്ചറിയാനും അതിന്റെ സ്ഥല നിർണ്ണയം സാധ്യമാക്കാനും സഹായിക്കുന്ന കമ്മ്യൂണിക്കേഷൻ പ്രോട്ടോക്കോളാണ് ഇന്റർനെറ്റ് പ്രോട്ടോക്കോൾ (IP). ചുരുക്കിപ്പറഞ്ഞാൽ ഒരു കമ്പ്യൂട്ടറിന്റെ കൃത്യമായ മേൽവിലാസം.പ്രസ്തുത ഇന്റർനെറ്റ് പ്രോട്ടോക്കോളിന്റെ ഏറ്റവും പുതിയ പതിപ്പാണ് ഐപിവി6.

നിലവിൽ ഉപയോഗിച്ചുവരുന്ന നാലാം പതിപ്പിന് ചില അവ്യക്തതകളും പരിമിതികളുമുള്ളതിനാലാണ് ഇന്റർനെറ്റ് എൻജിനീയറിംഗ് ടാസ്ക് ഫോഴ്സ് ആറാം പതിപ്പ് വികസിപ്പിച്ചത്. നാലാം പതിപ്പ് ഉപയോഗിച്ചിരുന്നത് 32 ബിറ്റ് അഡ്രസുകളാണെങ്കിൽ ആറാം പതിപ്പ് ഉപയോഗിക്കുന്നത് 128 ബിറ്റ് അഡ്രസുകളാണ്. അനന്തമായ ഐപി അഡ്രസുകൾ ഉൾക്കൊള്ളുന്നുവെന്നതാണ് ഐപിവി6ന്റെ ഏറ്റവും വലിയ സവിശേഷത.

### മാറ്റം രണ്ടുഘട്ടമായി

രണ്ടു ഘട്ടമായി ഇന്റർനെറ്റ് പ്രോട്ടോക്കോൾ ആറാം പതിപ്പിലേക്ക് കേരളം മാറുന്നു. ആദ്യഘട്ടത്തിൽ സ്റ്റേറ്റ് ഡാറ്റാ സെന്ററുകൾ, ഇ-ഗവേൺൻസ് ആപ്ലിക്കേഷനുകൾ, സർക്കാർ വെബ്സൈറ്റുകൾ,ഡാറ്റാസെന്ററുകളുടെ സേവനങ്ങൾ ലഭ്യമായ വെബ്സൈറ്റുകൾ ബ്ലോക്ക് തലം വരെയുള്ള KSWAN ശൃംഖലകൾ എന്നിവയെയാണ് ഈ സേവനത്തിലേക്ക് മാറ്റുക. രണ്ടാം ഘട്ടത്തിൽ പഞ്ചായത്ത് തലം വരെയുള്ള സർക്കാർ ഓഫീസുകളെ ഉൾപ്പെടുത്തും. മാത്രമല്ല, എൻകെഎൻ, എസ്ഡിസി, നാഷണൽ ഡാറ്റാ സെന്റർ, നാഷണൽ ഒപ്റ്റിക്കൽ ഫൈബർ നെറ്റ്വർക്ക് (NOFN), മിഷൻ മോഡ് പ്രോജക്ട് (MMP)തുടങ്ങിയവയെ ഏകോപിപ്പിക്കും.




## നേട്ടങ്ങൾ

ഇന്റർനെറ്റ് പ്രോട്ടോക്കോൾ ആറാം പതിപ്പിലേക്ക് മാറുന്നതുകൊണ്ടുള്ള നേട്ടങ്ങൾ

- NKN,NOFN തുടങ്ങിയ ദേശീയ നെറ്റ്വർക്കുകളുമായി ചേർന്ന് പ്രവർത്തിക്കാൻ കഴിയും. ഭാരത് നെറ്റ്, നാഷണൽ ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചർ (NII) തുടങ്ങിയ തദ്ദേശീയ നെറ്റ്വർക്കുകളെയും ഫ്യൂച്ചറിസ്റ്റിക് ഇന്റർനെറ്റ് സേവനങ്ങളെയും ഉൾക്കൊള്ളാനും നമ്മുടെ നെറ്റ്വർക്കിനെ പര്യാപ്തമാക്കുന്നു. ഇതുവഴി ഇപ്പോഴുള്ള ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചറിനെ ഏകാപിപ്പിക്കുകയും ഉത്തേജിപ്പിക്കുകയും ചെയ്യുന്നതിലൂടെ ഈ മേഖലയിലെ പ്രാഥമിക മുതൽമുടക്കിന്റെ ചെലവ് കുറയ്ക്കാനും കഴിയുന്നു.
- സർക്കാർ ഡാറ്റാ സെന്ററുകളിൽ സുരക്ഷാചട്ടക്കൂട് ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ കഴിയും.
- സ്റ്റേറ്റ് ഡാറ്റാ സെന്ററുകളും നാഷണൽ ഡാറ്റാ സെന്ററുകളും തമ്മിലുള്ള ഏകോപനം കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയും. ദുരന്തനിവാരണപ്രവർത്തനങ്ങളിൽ കൂടുതൽ സഹായകമാകും.
- സേവനങ്ങൾ അതിവേഗം ലഭ്യമാക്കാൻ കഴിയും
- നിലവിലെ ഇന്റർനെറ്റ് പ്രോട്ടോക്കോൾ നാലാം പതിപ്പിന്റെ പരിമിതികൾ ആറാം പതിപ്പിനില്ല. ഇതിന്റെ ഐപി അഡ്രസ് റേഞ്ച് അനന്തമാണ്.
- അന്താരാഷ്ട്രമാനദണ്ഡങ്ങളുമായി ഒത്തുപോകാൻ പ്രാപ്തമാക്കും.



യാത്ര

# കല്ലായിപ്പുഴ പറയും കോഴിക്കോടിന്റെ കഥ





രേഷ്മ രമേഷ്

**കല്ലായിപ്പുഴ പറയും, കോഴിക്കോടിന്റെ എല്ലാ ചരിത്രവും. ഈ കടവിന്റെ തീരത്ത് കാലം ബാക്കിയാക്കിയ ഓർമ്മകളെ ഓളങ്ങൾ തലോടി മറയുമ്പോൾ ഒന്നും വിട്ടുപോകാതെ നാടിന്റെ കഥ പറയാൻ മുക്കിലും മൂലയിലുമെല്ലാം ചെറുതും വലുതുമായ ഒട്ടേറെ അടയാളങ്ങളുണ്ട്**





കല്ലായിപ്പുഴ പറയും കോഴിക്കോടിന്റെ എല്ലാ ചരിത്രവും.ഈ കടവിന്റെ തീരത്ത് കാലം ബാക്കിയാക്കിയ ഓർമകളെ ഓളങ്ങൾ തലോടി മറയുമ്പോൾ ഒന്നും വിട്ടുപോകാതെ ഈ നാടിന്റെ കഥ പറയാൻ മുക്കിലും മൂലയിലുമെല്ലാം ചെറുതും വലുതുമായ ഒട്ടേറെ അടയാളങ്ങളുണ്ട്. നൂറ്റാണ്ടുകൾക്ക് മുമ്പേയുള്ള മാനാഞ്ചിറയിൽ നിന്നും തുടങ്ങി ഇവിടം ചുറ്റിക്കണ്ടവരെല്ലാം തിരിച്ചുപോയിരിക്കുക ഒരിക്കലും മായ്ച്ചുകളയാൻ കഴിയാത്ത വിധമുള്ള ഈ നാടിന്റെ വശ്യതകൾ മനസിൽ ചേർത്തായിരിക്കും.

ലോക ടൂറിസം ഭൂപടത്തിൽ ഒരിക്കലെങ്കിലും സന്ദർശിക്കേണ്ട നഗരങ്ങളുടെ പട്ടികയിൽ കോഴിക്കോട് എന്ന നഗരം ഇന്ന് എഴുതിചേർക്കപ്പെട്ടിരിക്കുന്നു.തിരക്കൊഴിയാത്ത നഗര ഹൃദയത്തിൽ നിന്നും പ്രശാന്തിയുണർത്തുന്ന കായൽപ്പരപ്പിലേക്ക് കാനോലിക്കനാൽ വഴി ഒരു യാത്ര തരപ്പെട്ടാൽ ആരാണ് വേണ്ടെന്ന് വെക്കുക.ഈ മണ്ണിലേക്ക് ആഴ്ന്നിറങ്ങിയ സംസ്കൃതിയെ പുതിയ കാലത്തോട് വിളക്കി ചേർത്ത് നഗരങ്ങളും ഗ്രാമങ്ങളും കുതിച്ചു വളരുമ്പോഴും നഗരകളൊന്നും ഇവിടെ അസ്തമിക്കുന്നില്ല.കോഴിക്കോട് അങ്ങിനെയാണ്. എഴുത്തും സംഗീതവും സിനിമയും നാടകവുമായി ഇന്നും ജീവിതം നിറംപിടിപ്പിക്കുന്നവരുടെ ഏറ്റവും വലിയ ആവാസലോകം. തലയുയർത്തി നിൽക്കുന്ന ചരിത്രബിംബങ്ങളെ പുണർന്ന് ഓരോ സമയവും വളർച്ചയുടെ പുതിയ ആകാശങ്ങൾ സ്വന്തമാക്കുമ്പോഴും പഴയതൊന്നും കൈവിട്ടുകളയാത്ത ഈ നാട് വേറിട്ട കാഴ്ചകളിലേക്ക് സഞ്ചാരികളെ മാടി വിളിക്കുന്നു.

ബ്രിട്ടീഷ് ഭരണകാലത്ത് മലബാർ ജില്ലയുടെ തലസ്ഥാനമായിരുന്നു കോഴിക്കോട്. അന്നു മുതൽ സമ്പന്നമായ നഗരത്തിൽ കടലിനക്കരെ നിന്നും വൈദേശികരുടെ കണ്ണുടക്കി നിന്നു. സാമൂതിരിയുടെ കാലത്ത് മണലാരണ്യത്തിൽ നിന്നും അറബികളും ഈജിപ്തുകാരും ചൈനക്കാരുമെല്ലാം കച്ചവടത്തിനായി ഈ തീരം തേടി വന്നു. മലബാറിലെ തോട്ടങ്ങളിൽ വളർന്ന നാണ്യവിളകൾക്ക് ഇവർ പറയുന്ന വില നൽകി കച്ചവടമുറപ്പിച്ചു. വിദേശ വ്യാപാരത്തിന് പേരുകേട്ടതോടെ കോഴിക്കോടിന്റെ കുതിപ്പിന് വേഗം ഇരട്ടിയായി. കറുത്തപൊന്നിൽ മയങ്ങിയ പോർച്ചുഗീസുകാർ കുരുമുളക് തൈയും ഒടുവിൽ കരസ്ഥമാക്കി.

കുലശേഖര സാമ്രാജ്യത്തിനും മുമ്പുള്ള കാലഘട്ടത്തിൽ കോഴിക്കോടും പരിസരങ്ങളുമെല്ലാം പോർളാതിരി രാജാവ് ഭരിച്ചിരുന്നു. പോളനാടിനെ ഏറനാട്ട് നെടിയിരുപ്പിലെ ഏറാടികൾ യുദ്ധം





ചെയ്തു തോൽപ്പിച്ചു.സമുദ്ര വാണിജ്യം നടത്തുകയെന്നതായിരുന്നു ലക്ഷ്യം.പോളനാടിനെ കീഴ്പ്പെടുത്തിയ ഏറാടികൾ ഇവിടെ കോട്ടയും കോവിലുകളും ഉയർത്തി. നെടിയിരുപ്പിൽ നിന്നും ഇവരുടെ ആസ്ഥാനം ഇതോടെ ഇങ്ങോട്ടായി. ഇവിടുത്തെ രാജാക്കൻമാർ സ്വാമി തിരുമുൽപ്പാട് എന്നായിരുന്നു അക്കാലത്ത് അറിയപ്പെട്ടിരുന്നത്. ഇതാണ് പിന്നീട് സാമൂതിരി എന്ന പേരിൽ ചുരുങ്ങിയത്. കോട്ടയാൽ ചുറ്റപ്പെട്ട് കിടന്ന ഇവരുടെ വാസസ്ഥലങ്ങൾ കോയിൽക്കോട് എന്ന് അറിയപ്പെട്ടു തുടങ്ങി. ഇതാണ് പിന്നീട് കോഴിക്കോടായി മാറിയത്.

പിന്നീട് എത്തിയ അറബികൾ ഈ നഗരത്തെ പ്രിയത്തോടെ കാലിക്കൂത്ത് എന്ന് വിളിച്ചു. ചൈനക്കാർ കാലിഫോ എന്നും യുറോപ്പ്യൻമാർ കാലിക്കറ്റ് എന്നുമാണ് കോഴിക്കോടിനെ വിളിച്ചുപോന്നത്.

## കാലം മറക്കാത്ത കപ്പലോട്ടങ്ങൾ

പതിനാലാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ തന്നെ ചൈനീസ് പായ്ക്കപ്പലുകൾ കോഴിക്കോടിന്റെ തീരങ്ങൾ തേടി യാത്ര പുറപ്പെട്ട് വന്നിരുന്നു. 1498 ൽ പോർച്ചുഗീസ് നാവികനായ വാസ്ഗോഡഗാമ പട്ടണത്തിൽ നിന്നും 25 കിലോമീറ്റർ അകലെയായി കാപ്പാട് കടൽത്തീരത്ത് കപ്പലിറങ്ങിയതോടെ കോഴിക്കോട് ചരിത്രത്തിന്റെ ഭാഗമായി. പുതിയ ദേശം കണ്ടെത്തിയതോടെ ലോകം ചുറ്റിയുള്ള നാവിക സഞ്ചാരത്തിന് പുതിയ ലക്ഷ്യങ്ങൾ കണ്ടു തുടങ്ങി. ഭാഷയുടെയും സംസ്കാരത്തിന്റെയും അതിരുകൾ കടന്ന് വലിയ ബൂട്ടുകളും പാളത്തൊപ്പിയുമണിഞ്ഞെത്തിയ കരുത്തൻമാരായ പോർച്ചുഗീസുകാർക്ക് ഈ തീരം പ്രതീക്ഷയുടേതായിരുന്നു.

നൂറ്റാണ്ടുകൾക്ക് മുമ്പേ വ്യാപാര വാണിജ്യ ബന്ധങ്ങൾ തുടർന്നതിനാൽ വലിയ പത്തേമാരികൾ ഈ കടൽത്തീരത്ത് എപ്പോഴുമെത്തി. വിവിധ രാജ്യങ്ങളിൽ നിന്നും വന്ന് കോഴിക്കോടിന്റെ സംസ്കാരത്തിലേക്ക് ഇണങ്ങി ചേർന്നവർ അനേകമുണ്ട്. ഭാഷകളും സംസ്കാരങ്ങളും ഇഴപിരിയുന്നതായി പിന്നീട് ഈ നാടിന്റെ ചരിത്രമെല്ലാം. ജൈനമതക്കാർ ക്രിസ്തുമതക്കാർ എന്നിവരെല്ലാം ഈ നാടിനോട് ചേർന്നു. വലിയ ആരാധനാലയങ്ങൾ നഗരങ്ങൾക്കിടയിൽ സ്ഥാനം പിടിച്ചു തുടങ്ങി. ഈ കാലമായിരുന്നു കല്ലായി പുഴയുടെ മരവ്യവസായത്തിന്റെ ഏറ്റവും തിരക്കേറിയ നാളുകൾ. ഇക്കാലത്ത് തന്നെ ബേപ്പൂരിൽ നിന്നും വലിയ ഉരുകളും പത്തേമാരികളും അറബി നാട്ടിലേക്ക് യാത്ര തിരിച്ചിരുന്നു.ഇരുമ്പകത്തിന്റെയും അയിനിമരത്തിന്റെയും കൂറ്റൻ മരത്തണ്ടുകൾ ചേർത്ത് കൊ





ല്ലന്റെ ആലയിൽ ഉലഞ്ഞുപഴുത്ത കൂർത്ത ആണികൾ ആഞ്ഞുതറഞ്ഞ ഉരുകൾ.പണിപൂരയിൽ നിന്നും നിർമാണം പൂർത്തിയാക്കി ഖലാസിമാർ താളത്തിൽ ആരവങ്ങൾ മുഴക്കി നീറ്റിലേക്കിറക്കുമ്പോൾ ഈ കര മറ്റൊരു അഭിമാനത്തിന്റെ കഥകൂടി ചരിത്രത്തോടൊപ്പം ചേർത്തു.

## മാനാഞ്ചിറയിലെ സായാഹ്നങ്ങൾ

കോഴിക്കോട് നഗര ഹൃദയത്തിലെ മാനാഞ്ചിറ മൈതാനം വൈകുന്നേരമാകുമ്പോഴേക്കും സഞ്ചാരികളെ കൊണ്ട് നിറയും.നഗരത്തിലേക്ക് വിരുന്നു വന്നവരൊന്നും ഈ മൈതാനത്തും ചിറയുടെ തീരത്തും വരാതെ പോകില്ല.മൂന്നേമുക്കാൽ ഏക്കർ വിസ്തൃതിയിലാണ് മാനാഞ്ചിറയുള്ളത്.സാമൂതിരി വംശത്തിലെ മാന വിക്രമരാജയാണ് പതിനാലാം നൂറ്റാണ്ടിൽ ഈ കുളം നിർമിക്കുന്നത്.ചുറ്റിലും പടിക്കെട്ടുകളുമായി നിർമിച്ച ചത്വരത്തിനു ചുറ്റും കാലം നടന്നു വളർന്നു.ഇന്ന് ഈ ചിറ കോഴിക്കോടിന്റെ ദാഹമകറ്റുന്ന കൂറ്റൻ ജലസംഭരണികൂടിയാണ്. വിളക്കുകാലുകൾ കൊണ്ട് ദീപാലംകൃതമായ മാനാഞ്ചിറയുടെ തീരത്ത് ഇന്ന് തിരക്കൊഴിയണമെങ്കിൽ രാത്രി വൈകും.കനത്ത വേനലെത്തുമ്പോൾ നട്ടുച്ച നേരത്ത് ഇവിടെയുള്ള ഹരിത വനങ്ങൾ ആശ്വാസത്തിന്റെ തണലുകൾ നൽകും. പ്ലാനറ്റോറിയം മുതൽ ആർട്ട് ഗാലറി, പാർക്കുകൾ വരെയും കോഴിക്കോടിന്റെ കോണുകളിൽ സഞ്ചാരികളെ സ്വീകരിക്കുന്നു.

## തുഷാരഗിരിയുടെ മർമരങ്ങൾ

ഹരിത മലനിരകൾ വയനാടിനെ കോഴിക്കോടൻ സമതലവുമായി വേർതിരിക്കുന്ന അതിർത്തിയിലാണ് തുഷാരഗിരി എന്ന മഞ്ഞുമലയുള്ളത്. ഇവിടെ നിന്നും അടർന്നു വീഴുന്ന സ്ഫടികം പോലെയുള്ള ജലകണങ്ങൾ പാറക്കൂട്ടങ്ങളിൽ പതഞ്ഞ് ആർത്തലച്ച് താഴ് വാരങ്ങളിലേക്ക് കുതിച്ചുപായുന്നു. ചാലിപ്പുഴയിലേക്ക് ചേരുന്നതിന് മുമ്പ് മൂന്ന് ഘട്ടങ്ങളിലായി തുഷാരഗിരി പാറക്കെട്ടുകൾ ചാടുന്നു. ഇതാണ് സഞ്ചാരികളുടെ മനം കവരുന്ന വെള്ളച്ചാട്ടങ്ങൾ. 75 മീറ്ററോളം ഉയരമുള്ള തേൻപാറയാണ് ഇതിൽ ഏറ്റവും വലുത്.രാജ്യാന്തര സാഹസിക കയാക്കിങ് മത്സരങ്ങൾക്കും ഇത്തവണ തുഷാരഗിരി വേദിയായി. കോഴിക്കോട് നിന്നും താമരശ്ശേരി റൂട്ടിൽ വന്നാൽ ഇവിടെ നിന്നും പതിനേഴ് കിലോമീറ്ററോളം മലകയറിയാൽ തുഷാരഗിരി വെള്ളച്ചാട്ടമായി. ഈ മലനിരകളിൽ റോക്ക് ക്ലൈമ്പിങ് ട്രക്കിങ് എന്നിവക്കെല്ലാം വനം വകുപ്പിന്റെ അനുമതി ലഭിക്കും. അവിടെ നിന്നും എതിർ ദിശയിൽ അൽപ്പം മാറിയാൽ കക്കയം അണക്കെട്ടായി വയനാട്ടിലെ ബാണാസുരസാഗറിലെ മലതുരന്നാണ് ഇവിടേക്ക് വെള്ളമെത്തിക്കുന്നത്. തടാകങ്ങളും കാനനക്കാഴ്ചകളുമായി വേറിട്ട വിനോദ കേന്ദ്രമായി ഇവിടം വളരുകയാണ്.

## കാഴ്ചകളുടെ കടലോരങ്ങൾ

കടലിലേക്ക് തല നീട്ടിയ തുരുമ്പെടുത്ത കടൽപ്പാലങ്ങൾ അവസാനശേഷിപ്പുകളെയും കടലിൽ തള്ളുന്നു. കോഴിക്കോടിന്റെ ബീച്ച് ഉറങ്ങുന്നുമില്ല. രാത്രിയും പകലുമായി സദാഉണർന്നിരിക്കുന്നു. ഇത്രയധികം ആൾതിരക്കുള്ള സാധാരണ ബീച്ച് കേരളത്തിൽ മറ്റെവിടെയുമില്ല. നഗരത്തോട് ചേർന്നിരിക്കുന്നതായതിനാൽ വന്നുപോകുന്നവരെ കൊണ്ട് ഇവിടമാകെ നിറയും. വലിയ സമ്മേളനങ്ങൾക്കും മറ്റും വേദിയാകുമ്പോൾ ഇവിടെ കരയിൽ ജനങ്ങൾ മറ്റൊരു സമുദ്രം തീർക്കും. ബീച്ചിന്റെ ഒരു ഭാഗം നവീകരിച്ച് ശില്പങ്ങളും ചാരുബെഞ്ചുകളും സ്ഥാപിച്ച് ടൈലുകൾ പാകി മനോഹരമാക്കിയിട്ടുണ്ട്.

കുറച്ചകലത്തേക്ക് മാറിയാൽ ബേപ്പൂരിലെ കടലിനുള്ളിലേക്കുള്ള യാത്ര തരപ്പെടും. കേരളത്തിലെ പുരാതനമായ ഒരു തുറമുഖമാണിത്. കടലിനുള്ളിലേക്ക് ഒരു കിലോമീറ്ററോളം നടന്നുപോകാൻ കഴിയുന്ന വിധം ഇവിടെ സൗകര്യമൊരുക്കിയിട്ടുണ്ട്. ഇതോടെ ഇവിടം സഞ്ചാരികളുടെ പ്രിയ ഇടമായി മാറിയിരിക്കുകയാണ്.

വാസ്ഗോഡ ഗാമ കപ്പലിറങ്ങിയ കാപ്പാട് ബീച്ച് കടലാമകളുടെ അഭയ തീരമായ പയ്യോളി ബീച്ച് എന്നിവയെല്ലാം കോഴിക്കോടിന്റെ ആകർഷണങ്ങളാണ്. വ്യാപാര ആവശ്യങ്ങൾക്കായി ജലഗതാഗതത്തെ ലക്ഷ്യമിട്ട് നിർമിച്ച കാനോലിക്കനാൽ ഇന്നും കോഴിക്കോടിന്റെ ഹൃദയ സിരകളാണ്. 1848 ൽ അന്നത്തെ മലബാർ ജില്ലാ കളക്ടറായിരുന്ന എച്ച്.വി. കാനോലിയാണ് ഇത് നിർമിച്ചത്. സരോവരം പാർക്കുമായി ബന്ധിപ്പിച്ച് ഉല്ലാസ ബോട്ടുയാത്രക്ക് വലിയ പദ്ധതികളാണ് ഇവിടെ തയ്യാറാവുന്നത്.

കടലുണ്ടി പുഴയുടെ തീരത്താണ് ദേശാടനക്കിളികൾ പതിവു തെറ്റാതെ വിരുന്നെത്തുക.കേരളത്തിലെ ആദ്യത്തെ കമ്മ്യൂണിറ്റി റിസർവ് എന്ന വിശേഷണത്തിൽ മാത്രം ഒതുങ്ങുന്നതല്ല കടലുണ്ടിയുടെ പെരുമകൾ, വരും കാലത്തിനായി കാത്തുവെക്കേണ്ട അമൂല്യമായ ജൈവ കലവറകൂടിയാണിത്.

## മായാതെ വടക്കൻ വീരഗാഥകൾ

നൂറ്റാണ്ടുകൾ പഴക്കമുള്ള വിവിധ മത ആരാധനാലയങ്ങളും ഇവിടെ ധാരാളമുണ്ട്.രേവതി പട്ടത്താനത്തിന് സാക്ഷ്യമായ തളിക്ഷേത്രം. പരശുരാമനാണ് ഇവിടെ ശിവ പ്രതിഷ്ഠ നടത്തിയെന്നാണ് ഐതിഹ്യം. ചുമർ ചിത്രങ്ങളാൽ



അലംകൃതമാണ് ഈ ക്ഷേത്രത്തിന്റെ ഉൾഭാഗം. വടക്കൻ വീരകഥകളുടെ ചരിത്രമുറങ്ങുന്ന മണ്ണാണ് വടകരക്ക് അടുത്തുള്ള ലോകനാർകാവ്. 1500 വർഷങ്ങളോളമാണ് ഈ ക്ഷേത്രത്തിന്റെ പഴക്കം. കളരിപരമ്പരകളുടെ വീരചരിതങ്ങൾ കൊണ്ട് പേരുകേട്ടതാണ് ലോകനാർകാവിന്റെ ഉൾത്തുടിപ്പുകളെല്ലാം. വളയനാട് ദേവി ക്ഷേത്രം. പിഷാരികാവ്, പന്നിയങ്കര ഭഗവതി ക്ഷേത്രം തുടങ്ങി ചെറുതും വലുതുമായ അമ്പലങ്ങൾ ഈ നാട്ടിലുണ്ട്. കേരളത്തിലെ ഏക പാഴ്സി ക്ഷേത്രമായ അഞ്ജു അമ്മൻ ടെമ്പിൾ കോഴിക്കോടാണുള്ളത്. 200 വർഷം പഴക്കമുള്ള ക്ഷേത്രമാണിത്. പ്രസിദ്ധങ്ങളായ സെന്റ് മേരീസ് ചർച്ച്, മദർ ഓഫ് ഗോഡ് ചർച്ച്, സി.എസ്.ഐ ചർച്ച് എന്നിവയും ജുമാപള്ളി, മിഷ്കൽ പള്ളി, മുച്ചുണ്ടി പള്ളി എന്നിവയും ഇവിടെയുണ്ട്.

### സഞ്ചാരികളുടെ യാത്രാപഥങ്ങൾ


കോഴിക്കോട് സഞ്ചാര പ്രിയരുടെ നാടുകൂടിയാണ്. ഈ മണ്ണിലേക്ക് വിരുന്നെത്താൻ വെമ്പൽകാട്ടിയവരെ പോലെ ലോകത്തിന്റെ പല കോണുകളിലേക്കും നാടുകാണാൻ വീടുവിട്ടിറങ്ങിയവരുടെ ലോകം കൂടിയാണിത്. സഞ്ചാര സാഹിത്യത്തിന്റെ പകരക്കാർ ആരുമില്ലാത്ത എസ്.കെ പൊറ്റക്കാടിന്റെയും സ്വന്തം നാട്. കോഴിക്കോടിന്റെ തീരത്തേക്ക് നിരന്തര യാത്രകളുടെ അനുഭവങ്ങളുടെ മുത്തും പവിഴവും കൊണ്ടുവന്നവർ. എഴുത്തിലെ മഹാരഥൻമാരുടെ തട്ടകം. വർത്തമാന പത്രത്തിന്റെയും പ്രസിദ്ധീകരണങ്ങളുടെയും വളക്കൂറുള്ള ഈ മണ്ണിൽ വേരോടി വളർന്നത് സ്നേഹത്തിന്റെ വൻമരങ്ങൾ.കേരളത്തിന്റെ സാംസ്കാരികതയെ ജ്വലിപ്പിച്ച മഹാരഥൻമാരുടെ നീണ്ട നിരകൾ. നൈപുണികത വാനോളം ഉയർത്തിയ വി.കെ. കൃഷ്ണമേനോന്റെയും നാട്.സിനിമകളുടെ നാട്. അതിലേറെ ജീവിത ഗന്ധിയായ അനുഭവങ്ങളുടെ അരങ്ങുണർന്ന വേദി. ഇതെല്ലാം കോഴിക്കോട് എന്ന ദേശത്തോട് കൂട്ടി വായിക്കേണ്ട ചരിത്രമാണ്.

മിഠായിത്തെരുവ്. കോഴിക്കോടൻ ഹൽവ രണ്ടും ഈ നാടിന്റെ ദേശസൂചികയാണ്. മാനാഞ്ചിറക്ക് സമീപമുള്ള മിഠായിത്തെരുവിൽ കിട്ടാത്തത് ഒന്നുമില്ല എന്ന ചൊല്ല് നേരത്തെയുണ്ട്. വഴിവാണിഭക്കാരുടെയും പരമ്പരാഗത കച്ചവടക്കാരുടെയും സ്വന്തം തെരുവാണിത്. ഇവിടെ ധനാഢ്യരും സാധാരണക്കാരുമെല്ലാം ഒരുപോലെ സാധനങ്ങൾ വാങ്ങാൻ എത്തുന്നു. നട്ടുച്ച നേരത്തും പൊടിപൊടിക്കുന്ന കച്ചവടം. ജനപെരുപ്പങ്ങൾക്കിടയിലൂടെ ഇടമുറിയാതെ നടക്കുന്ന വാഹന ഗതാഗതങ്ങൾ.ഇതെല്ലാം ഇവിടെ ആദ്യമായി എത്തുന്നവരെ അമ്പരിപ്പിക്കും. ഈ തെരുവിന് സ്വീറ്റ് മീറ്റ് സ്ട്രീറ്റ് (എസ് എം സ്ട്രീറ്റ്) എന്നൊരു പേരു കൂടിയുണ്ട്. ഈ തെരുവിന്റെ പ്രായം കോഴിക്കോടിന്റെ പഴക്കത്തോടൊപ്പം നിൽക്കും. മാറി മാറി വന്ന തലുറകളെല്ലാം ഈ വീഥിയിലൂടെ നടന്നുപോയി. ആർഭാടത്തോടെ ന്യൂജനറേഷൻ എന്ന് പേരിട്ടുവിളിക്കുന്ന ഏറ്റവും പുതിയ തലമുറകളും ഈ തെരുവിനെ കൈയ്യൊഴിയുന്നില്ല. ഇത് നൽകുന്ന സൂചന കാലത്തെ അതിജീവിക്കുന്ന കോഴിക്കോടിന്റെ പെരുമകളാണ്. ■



# ഗാന്ധി സൂക്തങ്ങൾ

- നമ്മുടെ ഉള്ളിൽ നിരവധി ശക്തികൾ നിഗൂഢമായി കിടപ്പുണ്ട്. സ്ഥിരമായ ആത്മസംഘട്ടനത്തിലൂടെയേ അവയെ കണ്ടെത്താനാകൂ.
- മൗനത്തിന്റെ പ്രാധാന്യമറിയുന്ന ആളിന് സ്വന്തം വികാരങ്ങളെ നിയന്ത്രിക്കാനാകും.
- ആരുടെ മുന്നിലും ഹൃദയം തുറന്ന് സംസാരിക്കാൻ ധൈര്യപ്പെടണം
- അച്ചടക്കവും സംയമനവുമാണ് നമ്മെ മൃഗത്തിൽ നിന്നും വേർതിരിക്കുന്നത്.
- സ്നേഹം ജീവിത ക്ലേശങ്ങളെ ലഘൂകരിക്കും
- അസത്യത്തിന് ഒരിക്കലും സത്യത്തെ ഇല്ലാതാക്കാനാവില്ല.
- നമ്മുടെ ഭാഷ നമ്മെത്തന്നെ പ്രതിഫലിപ്പിക്കുന്നു.
- ഞാൻ ഗീതയിൽ കാണുന്ന അതേ ദൈവത്തെ തന്നെ ഖുർ ആനിലും ബൈബിളിലും കാണുന്നു
- ആരാണോ ഇതര മതങ്ങളെപ്പറ്റി ബഹുമാനപുരസ്കരം പഠിക്കുന്നത്, അയാൾ ഏത് മതത്തിൽപ്പെട്ടവനായാലും, അതയാളുടെ ഹൃദയത്തെ സങ്കുചിതമാക്കുകയല്ല വിശാലമാക്കുകയാണ് ചെയ്യുന്നത്.







# സംഘക്കളിയുടെ വീണ്ടെടുപ്പ്

കാലത്തിന്റെ കുതിപ്പിൽ കലാകേരളം വിസമൃതിയിലേക്ക് തള്ളിയ അനുഷ്ഠാനങ്ങൾക്ക് വീണ്ടെടുക്കലുകൾ ചിലപ്പോൾ അനിവാര്യമാകാറുണ്ട്. കലയുടെ ശ്രേഷ്ഠതയാർന്ന കൈവളയയുമായി കാലം തിരികെവിളിച്ച സംഘക്കളിയെന്ന അനുഷ്ഠാനകല അത്തരത്തിൽ ഒന്നാണെന്ന് അതിന്റെ കലാമേന്മയാൽ ചിലരെങ്കിലുംഅവകാശപ്പെടുന്നു. സംഘക്കളി തിരികെയെത്തിയിരിക്കുകയാണ്.

വിസ്മൃതിയിലാണ്ട കലാപ്രകടനം അടിസ്ഥാന ചിട്ടവട്ടങ്ങളോടെയാണ് വീണ്ടും അരങ്ങിലെത്തുന്നത്. നമ്പൂതിരിമാരുടെ ഇടയിൽ നിലനിന്നിരുന്ന സംഘകളിയാണ് ഇത്തരത്തിൽ അവതരിപ്പിക്കപ്പെടുന്നത്. കേരളത്തിൽ പരക്കെ ഉണ്ടായിരുന്നെങ്കിലും കോഴിക്കോടു മുതൽ ആലപ്പുഴ വരെയുള്ള പ്രദേശങ്ങളിലാണിതിന് പ്രചാരമുണ്ടായിരുന്നത്.

സംഘക്കളിയെ തെക്കൻ കേരളത്തിൽ യാത്രാക്കളിയെന്ന് വിളിക്കുമ്പോൾ വടക്കൻ കേരളത്തിൽ അത് പാനേങ്കളിയാണ്. ഏറെക്കുറെ ഇല്ലാതായിക്കഴിഞ്ഞിരുന്ന ഈ കലാരൂപം തൃശൂരിലെ കിഴിവരി ചാത്തര് സംഘമാണ് വീണ്ടും വേദിയിലെത്തിക്കുന്നത്. അവതരണത്തിന് നേതൃത്വമാകട്ടെ മൂത്തമന പരമേശ്വരൻ നമ്പൂതിരിയും.

കോവിലകങ്ങളിലും മനകളിലുമാണ് സാധാരണയായി സംഘകളി അവതരിപ്പിക്കപ്പെടുന്നത്. പിറന്നാൾ, ചോറൂണ്, ഉപനയനം, സമാവർത്തനം, വേളി, പന്ത്രണ്ടാം മാസം തുടങ്ങിയുള്ള വിശേഷാവസരങ്ങളോടനുബന്ധിച്ചാണ് രാത്രിയിൽ കളി നടത്തുക. സന്ധ്യയ്ക്കു ശേഷം ആരംഭിച്ചാൽ വേഷങ്ങളുടെ വരവും അവതരണവും അനുസരിച്ച് സംഘകളി ഒരുപക്ഷെ പുലരും വരെ നീണ്ടുനിന്നേക്കാം. കാണികളുടെ മുന്നിൽ നിലവിളക്ക് കൊളുത്തിവച്ച് അതിന് മുന്നിലായിരിക്കും കളി. പുരുഷന്മാരാണ് സംഘകളിക്കാർ. ഇവരെ ചാത്തിരമാരെന്നു വിളിക്കും. നമ്പൂതിരിമാർ യോദ്ധാക്കളായിരുന്നെന്നും ദ്രാവിഡമായി ഇവർ യുദ്ധം ചെയ്യുകയുമുണ്ടായെന്നും പറയപ്പെടുന്നു. ഈ സങ്കല്പം സംഘകളിക്ക് അടിസ്ഥാനമാണ്. സംഘക്കളിയെക്കുറിച്ച് മറ്റൊരുപക്ഷവുമുണ്ട്. ബുദ്ധമതസ്ഥരുമായി നമ്പൂതിരിമാർ തർക്കങ്ങളിലേർപ്പെടുകയും അതിൽ പരാജയപ്പെടുകയും ചെയ്തു. പരാജിതരായ നമ്പൂതിരിമാർ തൃക്കരിയൂരമ്പലത്തിൽ ഒത്തുകൂടി ഒരു വിചിന്തനം നടത്തി. ജംഗമ മഹർഷി അവിടെയെത്തി ഉപദേശിച്ച നാലുപാദമുള്ള മന്ത്രം ചൊല്ലി സന്ധ്യയ്ക്കു ശേഷം ദീപപ്രദക്ഷിണം ചെയ്തതിൽ നിന്നും സംഘക്കളിയുണ്ടായതായാണ് വ്യാഖ്യാനം.

പല ചടങ്ങുകളും കഥാപാത്രങ്ങളും സംഘകളിയിലുണ്ട്. ആനുകാലിക വിഷയങ്ങളും



സി.ആർ. രവിനമ്പ്യാർ

വേദിയിൽ കൊണ്ടുവരുന്നു. വിനോദപ്രാധാന്യമുള്ള ഒരു കലാപ്രകടനം എന്ന നിലയിൽ ഹാസ്യരംഗങ്ങളും കളിയിൽ കുറവല്ല. ഇട്ടിക്കണ്ടപ്പ കൈമൾ, മരത്തോം കോടൻ തുടങ്ങിയുള്ള വേഷങ്ങൾ തന്നെ കോമാളിത്തം കലർന്നവയാണ്. വിഡ്ഢിയും പട്ടരുമെല്ലാം രംഗത്ത് തമാശകൾ വിളമ്പുന്നു.

സംഘകളിക്കാരായ ചാത്തിരമാർ സത്രസ്ഥലത്ത് വാദ്യങ്ങളോടെ എത്തിച്ചേരുന്നതിനെ അകം പൂകലെന്നാണ് പറയുക. തുടർന്ന് കണമിരിക്കലും ഗണപതിയെയും ഭഗവതിയേയുമെല്ലാം സ്തുതിക്കലുമാണ്. സന്ധ്യയ്ക്കു ശേഷം കളി ആരംഭിക്കുന്നതിന്റെ അറിയിപ്പെന്നോണം ചെണ്ട, മദ്ദളം, ഇലത്താളം എന്നിവയോടെയുള്ള കേളികൊട്ടുണ്ട്. പിന്നീട് വേഷക്കാരെ കളിസ്ഥലത്തേക്ക് ആനയിച്ച് കൊണ്ടുവരുന്നു. കളിക്കാരിൽ രണ്ടു പേർ വാളും പരിചയുമേന്തിയിരിക്കും. ഇവർ വേദിയെ വന്ദിക്കുന്നതാണ് കൊട്ടിച്ചക്കം പൂകൽ. തുടർന്ന് അന്ന് ഉച്ച ഭക്ഷണത്തിന് അരിവെക്കാനുപയോഗിച്ച ചെമ്പ് കഴുകാതെ മകഴ്ത്തിവെച്ച് അതിന്മേൽ നാക്കില കമഴ്ത്തി കൈകൊണ്ട് കൊട്ടിപ്പാടുമ്പോൾ രണ്ടു പേർ ചിരട്ട കയ്യിലുമായി താളത്തിൽ നൃത്തം ചവിട്ടുകയും അവസാനം കയ്യിൽ നിലത്തുടക്കുകയും ചെയ്യുന്നു. ഈയൊരു രംഗാവിഷ്കാരത്തെ ചെമ്പുകൊട്ടിയാർക്കലെന്നും പാത്രം കൊട്ടിയാർക്കലെന്നുമാണ് വിശേഷിപ്പിക്കുന്നത്.

**സമൂഹത്തിലെ വ്യത്യസ്തതയാർന്ന കഥാപാത്രങ്ങളെ സംഘക്കളിയിൽ അതാതിന്റെ സവിശേഷതകളോടെയും കാലിക സംഭവങ്ങളുടെ അകമ്പടിയോടെയും അവതരിപ്പിക്കുന്നത് ആകർഷകമാണ്**

സംഘകളിയുടെ പ്രധാനിയുടെ നേതൃത്വത്തിലുള്ള കളിക്കാരുടെ വേദിയിൽത്തന്നെ ഇലയിട്ടുള്ള സദ്യയുണ്ണൽ ബഹുരസമാണ്. പഴ നുറുക്കും പായസവും വല്യപപ്പടവുമെല്ലാം ഉൾപ്പെടെ വിഭവവിശേഷങ്ങൾ ഉൾക്കൊണ്ട ചൊല്ലുകളും ഫമകൊണ്ടുവാ... കൊണ്ടുവാ...ത്സ എന്ന കല്പനകളും പോർവിളിയുടെ മട്ടിലാണ്.

വഞ്ചിപ്പാട്ടോടെ സംഘകളിക്കാർ അത്താഴ സദ്യയ്ക്കു ശേഷം വേദിയിലെത്തുന്നു. തുടർന്നുള്ള പാനഗണപതിസ്തുതികളാണ്. മറ്റ് ദേവന്മാരും സ്തുതിക്കപ്പെടുന്നു. ഇതിനെ തട പ്പെടുത്തിക്കൊണ്ടാണ് ഇട്ടിക്കണ്ടപ്പനെന്ന പൊറാട്ട് വേഷം കെട്ടിയ നമ്പൂതിരിയുടെ വരവ്. ബലിയുഴിച്ചിൽ, നമ്പൂതിരിമാരുടെ ആയുധാഭ്യാസം പ്രകടമാക്കുന്ന ആയുധമെടുപ്പ് എന്നിവയും പിന്നീടുണ്ട്.

മുത്തശ്ശി, പട്ടർ, മാപ്പിള, വിഡ്ഢി, കള്ളുകുടിയൻ, കുറവൻ–കുറത്തി, ഓതിക്കൽ തുടങ്ങി സമൂഹത്തിലെ വ്യത്യസ്തതയാർന്ന കഥാപാത്രങ്ങളെ സംഘകളിയിൽ അതാതിന്റെ സവിശേഷതകളോടെയും കാലിക സംഭവങ്ങളുടെ അകമ്പടിയോടെയും അവതരിപ്പിക്കുന്നത് ആകർഷകമാണ്. അവസരോചിതമായുള്ള കഥാപാത്രങ്ങളുടെ രംഗാവതണം നീണ്ട് ധനാശിയോടെ കളി തീരുമ്പോൾ നേരം പുലർന്നേക്കും. ■









# ആത്മാന്വേഷണത്തിന്റെ ഒരാൾപ്പൊക്കം

സ്വയം നിഷേധിച്ച് മറ്റെന്തോ ആയിത്തീരാൻ ശ്രമിച്ച് പരാജയപ്പെടുന്ന ഒരു സാധാരണ മനുഷ്യന്റെ അന്വേഷണമാണ് സനൽകുമാർ ശശിധരന്റെ ഒരാൾപ്പൊക്കം എന്ന സിനിമ. പുതുമലയാളസിനിമയിൽ അപൂർവമായി മാത്രമാണ് അവനവനിലേക്കുള്ള നോട്ടം സംഭവിച്ചുന്നത്. ചെറുപ്പക്കാരനായ ഒരു പുതുമുഖസംവിധായകനിൽ നിന്ന് ഇത്തരത്തിലൊരു സിനിമ സംഭവിച്ചത് ഒരുപാടു പ്രതീക്ഷയ്ക്ക് വകനൽകുന്നു.

സമൂഹം വ്യക്തിയുടെ മേൽ അടിച്ചേൽപ്പിക്കുന്ന വിവാഹം എന്ന ബാദ്ധ്യതയുടെ പൊള്ളത്തരത്തിലേക്കും ഈ ചിത്രം വിരൽചൂണ്ടുന്നുണ്ട്. അത്തരമൊരു കെട്ടുപാടിനോട് യോജിപ്പില്ലാത്തതുകൊണ്ടാണ് മഹിയും മായയും അതൊഴിവാക്കി ഒന്നിച്ചു ജീവിക്കാൻ തുടങ്ങുന്നത്. എന്നാൽ മാരേജ് എന്നതിന്റെ മറ്റൊരു വാക്കായാണ് പലപ്പോഴും ലിവിങ്ങ് ടുഗെദറും അനുഭവപ്പെടുക എന്നതും ഒരാൾപ്പൊക്കത്തിലൂടെ നമ്മൾ വീണ്ടും കാണുന്നു. സ്വാർത്ഥതയും താൻപോരിമയും മത്സരവും കടുകിട വ്യത്യാസമില്ലാതെ അവിടെയും ആവർത്തിക്കപ്പെടുന്നു. താൽക്കാലിക ജയങ്ങൾക്കു വേണ്ടി മത്സരിക്കുന്ന സ്ത്രീയെയും പുരുഷനെയും തന്നെയാണ് നമ്മൾ അവിടെയും കാണുന്നത്. മഹേന്ദ്രന്റെ പരസ്ത്രീതാൽപര്യങ്ങളിൽ നിന്നുണ്ടാകുന്ന അലോസരം മായയെയും മഹിയെയും തമ്മിൽ അകറ്റുന്നു. ഒരുമിച്ച ജീവിക്കാൻ തുടങ്ങിയതിന്റെ അഞ്ചാം വാർഷികത്തിന്റെയന്ന് അവർ പിരിയുന്നു.

തന്നെയപേക്ഷിച്ച് കരുത്തുറ്റ വ്യക്തിത്വത്തിന് ഉടമയായ മായയെ അതിജീവിക്കാൻ മഹേന്ദ്രന് കഴിയുന്നില്ല. താൽക്കാലികമായ രതിസുഖങ്ങൾക്ക് താനെന്ന വ്യക്തിയെ തൃപ്തിപ്പെടുത്താൻ കഴിയുന്നില്ല എന്നയാൾ തിരിച്ചറിയുന്നു. പരിധികളില്ലാത്ത സ്വാതന്ത്ര്യം ബോറടിപ്പിക്കുമെന്ന എളുപ്പത്തിൽ അംഗീകരിക്കാനാവാത്ത സത്യം മഹേന്ദ്രനെ അവ്യസ്ഥനാക്കുന്നു.എങ്കിലും തോൽക്കാൻ അയാൾ തയാറല്ല. മായയെക്കുറിച്ചുള്ള ഓർമ്മകളെ ഡീലീറ്റ് ചെയ്ത രാത്രിയിൽ അവൾ അയാളെ വിളിക്കുന്നു, അവളെ മോഹിപ്പിക്കുന്ന ഉയരങ്ങളിൽ നിന്നുകൊണ്ട്, കേദാർനാഥിലെ പർവതശിഖരത്തിന്റെ നെറുകയിൽ നിന്നുകൊണ്ട്. അതവളുടെ അവസാനത്തെ വിളിയാണെന്ന് അയാൾ അറിഞ്ഞിരുന്നില്ല. പ്രളയത്തിൽ കേദാർനാഥ് നിലവിളിച്ചുനിൽക്കുന്ന കാഴ്ച ടിവിയിൽ കണ്ടുകൊണ്ടാണ്







അയാളുടെ അടുത്ത ദിവസം പുലർന്നത്. .


മായയെ അന്വേഷിച്ചുകൊണ്ടും അതുവഴി തന്നെത്തന്നെ അറിഞ്ഞുകൊണ്ടും മഹേന്ദ്രന്റെ യാത്ര അവിടെ ആരംഭിക്കുകയാണ്. രണ്ടു വ്യത്യസ്തഭാവങ്ങളിൽ ഒഴുകുന്ന ഗംഗയുടെ കൈവഴികൾ പ്രളയകാലത്ത് ഒന്നായി ഒരുമിച്ചൊഴുകുന്നതു പോലെ അലറിയടുക്കുന്ന സങ്കടക്കടലിൽ ആത്മീയതയും ഭൗതികതയും എല്ലാം ഒന്നായി മാറുന്ന കാഴ്ചയും നാം കാണുന്നു. ശരീരമൊഴികെ മറ്റല്ലാം നഷ്ടപ്പെടുന്നതു വരെ മഹി മായയെ തിരഞ്ഞുനടക്കുന്നു.

ഭീമാകാരങ്ങളമായ പർവതങ്ങളടങ്ങുന്ന പ്രചണ്ഡമായ പ്രകൃതിയെ തെല്ലും മാനിക്കാതെ വിഡ്ഢിയും തുച്ഛജീവിയുമായ മനുഷ്യൻ നടത്തുന്ന തേരോട്ടങ്ങളും ഒരാൾപ്പൊക്കത്തിൽ ദൃശ്യമാകുന്നുണ്ട്. ഒപ്പം എതിർപ്പിന്റെ ശബ്ദത്തെയെല്ലാം ലാഘവത്തോടെയും പുച്ഛത്തോടെയും കാണുന്ന, നശീകരണമാണ് വികസനം എന്ന മനോഭാവവും. കാസർഗോഡുകാരൻ തൊഴിലാളി ജീപ്പിൽ നിന്നും ഇറങ്ങിപ്പോകുന്നേടത്ത് വഴിമുടക്കി വന്നു നിൽക്കുന്ന ഭാരം കയറ്റിയ കഴുതകളുടെ ദൃശ്യം എല്ലാം നമ്മോടു പറയുന്നു. ഈ പരിസരങ്ങളിൽ ജീവിക്കുന്ന നമ്മുടെ മന ിൽ ആത്മനിന്ദ നിറയ്ക്കുന്ന ദൃശ്യം.

വൻബജറ്റ് സിനിമകളിൽ മാത്രം നാം കണ്ടു പരിചയിച്ച ഭൂവിഭാഗങ്ങൾ കാട്ടിത്തന്ന് ഈ ക്രൗഡ് ഫണ്ടഡ് സിനിമ നമ്മെ അത്ഭുതപ്പെടുത്തുന്നു.നിരാശപ്പെടുത്തിയത് പ്രകാശ് ബാരെയുടെ പ്രകടനമാണ്. മഹേന്ദ്രൻ എന്ന കഥാപാത്രം ആവശ്യപ്പെടുന്ന ആഴം പ്രകാശ് ബാരെയുടെ കണ്ണുകളിലോ ശരീരഭാഷയിലോ വന്നിട്ടില്ല. രണ്ടോ മൂന്നോ സീനുകളിൽ മാത്രം വന്നുപോകുന്ന പ്രശസ്ത പത്രപ്രവർത്തകൻ വെങ്കിടഷ് രാമകൃഷ്ണന്റെ അഭിനയം അത്ഭുതപ്പെടുത്തി. അദ്ദേഹത്തിൽ ഒരു നല്ല നടനുണ്ടെന്നത് ഒരു പുതിയ വാർത്ത തന്നെയാണ്.

ഈ ചിത്രത്തിൽ ഏറ്റവും ജീവസുറ്റതും സ്വാഭാവികവുമായ അഭിനയം കാഴ്ചവച്ചത് മീന കന്ദസ്വാമിയാണ്. ഉറച്ച വ്യക്തിത്വമുള്ള കരുത്തുറ്റ ഒരു സ്ത്രീയിൽ പ്രതിഭയുടെ മിന്നലാട്ടം അപ്രതീക്ഷിതം എന്നു പറയുക വയ്യ. എങ്കിലും അവർ വിസ്മിയിപ്പിക്കുക തന്നെചെയ്തു. ചായം തേച്ച പതിവു പ്ളാസിക് മുഖങ്ങളിൽ നിന്നും വ്യത്യസ്തമായി ഞാനെന്ന ഭാവവുമായി സ്ക്രീനിൽ നിറഞ്ഞുനിന്ന മീന കന്ദസ്വാമി സിനിമ അവസാനിച്ചിട്ടും പിന്തുടരുന്ന അനുഭവമാണ് നൽകിയ്ത്. ഈ കാസ്റ്റിങ്ങിന് സംവിധായകനെ എത്ര അഭിനന്ദിച്ചാലും മതിയാകില്ല. ■

# പുസ്തക പരിചയം




## കപ്പൽച്ചേതം വന്ന നാവികൻ

**എൻ. ശശിധരൻ**

ലോകപ്രശസ്ത എഴുത്തുകാരുടെ രചനകളിലൂടെയുള്ള നിരന്തരയാത്ര. വായനക്കാരൻ എന്ന നിലയിലും സാഹിത്യനിരൂപകൻ എന്ന നിലയിലും തന്റെ വ്യക്തിജീവിതത്തെ എത്രത്തോളം മാറ്റിമറിച്ചു എന്ന് ബോധ്യപ്പെടുത്തുകയാണ് എൻ. ശശിധരൻ. വായന, ജീവിതം, ഓർമ, കാഴ്ച എന്നിങ്ങനെ നാല് ഭാഗങ്ങളിലായി ക്രമപ്പെടുത്തിയ ലേഖനങ്ങളുടെ സവിശേഷ സമാഹാരം. ഭാവനയേയും അനുഭവങ്ങളെയും നിരീക്ഷിക്കുമ്പോഴുള്ള അതീവ ജാഗ്രത ഈ പുസ്തകത്തെ മൗലികമാക്കുന്നു. പ്രസാദകർ: ഡി.സി.ബുക്സ്




## കാശ്മീർ, സ്വർഗീയ സുന്ദര ഭൂമി

**വത്സല മോഹൻ**


ഓരോ ചുവടുവെപ്പുകളിലും ആയിരം അത്ഭുതങ്ങൾ കാത്തുവെക്കുന്ന ദേവഭൂമിയുടെ ചരിത്രവും ഐതിഹ്യങ്ങളും അനുഭവിപ്പിക്കുന്ന യാത്രാ പുസ്തകം. പഹൽഗാമിൽ നിന്നും ശ്രീനഗർ വഴി ജമ്മുവിലേക്കുള്ള യാത്രക്കിടയിൽ കാശ്മീരികളുടെ ജീവിതാനുഭവങ്ങൾ പങ്കുവെച്ചുകൊണ്ട് വ്യക്തിസൗന്ദര്യം തുളുമ്പുന്ന സലാർ, ബിജ്ബിഹാര, ബുൽഹാമ, അവന്തിപൂർ, പാംപോർ, പൺഡ്രിത്താൻ, ഗന്ധർബെൽ, ബാനിഹൻ, ബാടോട്, കുദ്, ഉദംപൂർ, കട്ടറ തുടങ്ങിയ ഗ്രാമങ്ങളിലൂടെ നാം ഗ്രന്ഥകാരിക്കൊപ്പം സഞ്ചരിക്കുന്ന പ്രതീതിയുണ്ടാക്കുന്നു. പ്രസാദകർ: പൂർണ പബ്ലിക്കേഷൻസ്




## കൊച്ചു കൊച്ചു വലിയ കാര്യങ്ങൾ

**പ്രവീണ**

ആസ്വാദനത്തിന് പുതിയ മേച്ചിൽപ്പുറങ്ങൾ നൽകുന്നതാണ് നടിയും നർത്തകിയുമായ പ്രവീണ എഴുതിയ ആദ്യ പുസ്തകം. കൊച്ചു കൊച്ചു വലിയ കാര്യങ്ങൾ. കയ്പ്പും പുളിപ്പും എരിവും മധുരവുമെല്ലാം കലർന്ന് ഭിന്ന രുചികൾ പകർന്നു തരുന്ന ഒരു മിശ്രിതം. വാച്യാർഥവും വ്യംഗ്യാർഥവും ലക്ഷ്യാർഥവുമെല്ലാം വായനക്കാരന് ലളിതമായി മനസിലാക്കാം. പഴമക്കാരിലൂടെ വാമൊഴിലായും പിന്നീട് ലിഖിത രൂപം പൂണ്ടതുമായ പഴഞ്ചൊല്ലുകൾക്ക് ജീവിത ഗന്ധിയായ അർഥങ്ങളാണ് വാക്കുകളിലൂടെ പ്രവീണ പകർന്നു വച്ചിരിക്കുന്നത്. പുസ്തകത്തിലെ ലേഖനങ്ങൾ തുറന്ന കണ്ണുകളോടെ ചുറ്റും നോക്കിയ ജാഗ്രത്തായ മനസിന്റെ പ്രകാശനങ്ങളാണ്. വിദ്യാർഥികൾക്കും മുതിർന്നവർക്കും പ്രയോജനകരമായ കൃതി. പുസ്തകത്തിന്റെ വില- 100 രൂപ. പ്രസാദകർ: ജി.എസ്. പബ്ലിക്കേഷൻസ്




## യാത്രാ സൗന്ദര്യം

**പ്രൊഫ. എൻ. ആർ. പിള്ള**

അമേരിക്കൻ ഐക്യനാടുകൾ, കാനഡ, യൂറോപ്യൻ രാജ്യങ്ങൾ, ഗൾഫ് നാടുകൾ, പൂർവ്വേഷ്യൻ നാടുകൾ, മലേഷ്യ, സിംഗപ്പൂർ, ജപ്പാൻ തുടങ്ങി 30-ൽ പരം വികസിതവും അവികസിതവുമായ രാജ്യങ്ങളിൽ സന്ദർശനം നടത്തിയതിന്റെ പശ്ചാത്തലത്തിൽ രചിച്ചിരിക്കുന്ന പുസ്തകം. ജീവത്തായ മാർഗരേഖകളാണ് സഞ്ചാരികൾക്കും യാത്രാവിവരണം ഇഷ്ടപ്പെടുന്നവർക്കും നൽകുന്നത്. ഡോ.ജോർജ് ഓണക്കൂർ അവതാരികയെഴുതിയിരിക്കുന്നു. 280 പേജ്, വില 200 രൂപ പ്രസാദകർ: ജി.എസ്. പബ്ലിക്കേഷൻസ്




## Chief Minister's

# Redress Relief Fund

## Your goodwill matters!

Dependents of persons succumbed to
Fatal diseases
Accidental deaths
Deaths by lightining
and
Victims of Endosulfan
Need your helping hands.
Be generous to send your donations* to:

The Principal Secretary
Treasurer, CMDRF, Finance Department
Government Secretariat
Thiruvananthapuram - 695 001

Cheques / DDs may be marked as
'Principal Secretary, Treasurer, CMDRF.'

haripeyad # digiCROW/97/2012 # rash8590070404@gmail.com

*The donations are eligible for 100% exemption from tax under Section 80 G(2)(III HF) of Income Tax Act, 1961.

Registration No. KL/TV(N)660/15-17 Authorised to post at concessional rates at Trivandrum RMS on 19th and 20th of every month.
Licensed to post without pre payment under No.KL/TV(N)/WPP/216/2015-17)RNI No.: 2014/58028
വില: ₹12 വാർഷിക വരിസംഖ്യ ₹120

# അറിവിന്റെ ആധികാരികത




ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

## ഇപ്പോൾ കൂടുതൽ മിഴിവോടെ

## സമകാലിക ജനപഥം

**വാർഷിക വരിസംഖ്യ 120 രൂപ**
**ഒറ്റപ്രതി 12 രൂപ**

### വരിക്കാരാകാൻ

ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലോ തിരുവനന്തപുരം പ്രസ് ക്ലബിന് സമീപത്തെ ഇൻഫർമേഷൻ സെന്ററിലോ ബന്ധപ്പെടാം. താഴെ കാണുന്ന വിലാസത്തിലേക്ക് മണിഓർഡർ അയക്കാം.

ഡയറക്ടർ
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
എഡിറ്റോറിയൽ വിഭാഗം
ഒന്നാം നില, സെക്രട്ടറിയേറ്റ് അനക്സ്
തിരുവനന്തപുരം-1

Printed and Published by Mini Antony IAS, Director, Information & Public Relation Department on behalf of Government of Kerala and Printed at St.Joseph Press, Thiruvananthapuram and published at Publication Wing, Information & Public Relation Department, Government Secretariate Annexe, Thiruvananthapuram, Kerala. Editor in chief: Mini Antony IAS